പാലമേൽ ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം

സമഗ്രവികസനരേഖ

45-6

പാലമേൽ ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം

സമഗ്രവികസനരേഖ

PALAMEL PANCHAYAT

MAP NOT TO SCALE



പാലമേൽ പഞ്ചായത്ത്

വാർഡുകൾ

INDEX:

—·—·— PANCHAYAT BOUNDARY

——— WARD BOUNDARY.

എഡിറ്റോറിയൽ ബോർഡ്

പി.ആർ. കൃഷ്ണൻ നായർ
പി. രാമചന്ദ്രനുണ്ണിത്താൻ
ആർ. അയ്യപ്പൻ
എസ്. ഗോപാലകൃഷ്ണനുണ്ണിത്താൻ
വൈ. ഷാജി
കെ.എം. മുസ്തഫാ റാവുത്തർ
കെ.ജി. സുശീലാമണിയമ്മ
കെ. സൗദാമിനി

കവർ ഡിസൈൻ & ലേ ഔട്ട്
കെ. അനിൽ കുമാർ

ടൈപ്പ് സെറ്റിങ്ങ്
ശ്രീനി & ശ്രീകുമാർ
സെന്റ് ജോസഫ്സ് കമ്പ്യൂട്ടേഴ്സ്
ചാരുംമൂട്.

പ്രിന്റിംഗ്
ലീലാ ഓഫ്സെറ്റ് പ്രിന്റേഴ്സ്
ചെങ്ങന്നൂർ

മുൻ പ്രസിഡന്റുമാർ

കെ. ഗോവിന്ദപ്പിള്ള

(1954-1963, 1979-1988)

പുന്നയ്ക്കകുളങ്ങര മാധവനുണ്ണിത്താൻ

(1963-1979)

പാലമേൽ ഗ്രാമപഞ്ചായത്ത്
ഭരണസമിതി

പി.ആർ. കൃഷ്ണൻ നായർ

(പ്രസിഡന്റ്)

കെ. ആനന്ദവല്ലിയമ്മ

(സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ)

എം.കെ. രാജേന്ദ്രൻ

(വൈസ് പ്രസിഡന്റ്)

എൻ. ഗോപിനാഥൻ നായർ

(ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

ഭരണസമിതി അംഗങ്ങൾ

ആർ. ഷൈല

പി. ശിവപ്രസാദ്

പി.പി. കോശി



ബി. ഹരിക്കുട്ടൻപിള്ള

പി. അരവിന്ദാക്ഷൻപിള്ള

അബ്ദുൾ റഹീക്ക്

കെ. തങ്കമ്മ

കെ. സതി



പി.എം. ഷാജഹാൻ

ഉള്ളടക്കം

		പേജ്
I.	ആമുഖം	10
II.	പൊതുവിവരണം	11
III.	ചരിത്രം	15
IV.	ഭൂപ്രകൃതി	19
V.	വികസനമേഖലകൾ	21
1.	കൃഷിയും ജലസേചനവും	22
2.	മൃഗസംരക്ഷണം-മത്സ്യബന്ധനം	32
3.	വ്യവസായം	36
4.	വിദ്യാഭ്യാസം	39
5.	കുടിവെള്ളവും പൊതുജനാരോഗ്യവും	43
6.	ഗതാഗതം - ഊർജ്ജം - മാർക്കറ്റ്	46
7.	പാർപ്പിടവും-സാമൂഹ്യക്ഷേമവും	57
8.	സംസ്ക്കാരം	62
9.	വനിതാക്ഷേമം	65
10.	സഹകരണമേഖല	67
11.	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	70
12.	വിഭവസമാഹരണം	72
VI.	ഉപസംഹാരം	76

ആമുഖം

ആസൂത്രണത്തിന്റെ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് തുടക്കം കുറിക്കുകയാണ്. ചരിത്ര സൃഷ്ടാക്കളായ സാമാന്യ ജനത ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടുകൊണ്ടിരിക്കെ, തങ്ങളുടെ നാട്ടിന്റെ സമഗ്ര വികസനത്തിന് മാർഗ്ഗരേഖ തയ്യാറാക്കാൻ പോവുകയാണ്. ഭാരതവൈജ്ഞാനിക മണ്ഡലത്തിൽ സാക്ഷരതാവിപ്ലവത്തിലൂടെ മാതൃകയായി നിലകൊള്ളുന്ന കേരളം മറ്റൊരു ചരിത്ര സംഭവത്തിന് ഭൂമികയാവുകയാണ്. എട്ട് പഞ്ചവത്സരപദ്ധതികളാണ് നാം ശ്രദ്ധിക്കാതെ കടന്നുപോയത്. ഒമ്പതാം പദ്ധതി സാമാന്യ ജനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയാസൂത്രണമായിരിക്കുമെന്ന് തീരുമാനിക്കുമ്പോൾ ഓരോഗ്രാമീണനും ഭരണാധികാരിയാവുകയാണ്.ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമഹൃദയങ്ങളുണരുമ്പോഴാണ് ഇന്ത്യയുടെ വികസനം സാധ്യമാകുന്നത് എന്നും ഉദ്ഘോഷിച്ച ഗാന്ധിജിയുടെ സ്വപ്നങ്ങൾ സഫലമാവുകയാണ്. തികച്ചും കേന്ദ്രീകൃതമായിരുന്ന ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം പാടേ നിഷേധിക്കപ്പെട്ടിരുന്നു. കേന്ദ്രീകരണവും ഉദ്യോഗസ്ഥ മേധാവിത്വവും കൊണ്ട് പരിഗണിക്കപ്പെടാതെ പോയ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യവത്കരിക്കുന്ന പ്രക്രിയയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ നടപ്പിലാക്കുന്നത്. പ്രാദേശികാസൂത്രണത്തിന് ജനങ്ങളെ സജ്ജരാക്കണമെങ്കിൽ പഞ്ചായത്തിലെ സ്ഥല-ജല-വിഭവങ്ങളുടെ വിനിയോഗത്തെ കുറിച്ചുള്ള സ്ഥിതിവിവരധാരണകൾ ആവശ്യമാണ്. ഈ സാങ്കേതികവിവരങ്ങൾക്കൊപ്പം സാമൂഹിക, സാമ്പത്തിക, സ്ഥിതി വിവരങ്ങൾ കൂടി വേണം. ഇതിന് പുറമേ ഈ വിവരങ്ങളെ അടിസ്ഥാനമാക്കി ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി, അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്ക് പ്രാദേശികതലത്തിൽ രൂപം നൽകുവാൻ കഴിയുന്ന വിദഗ്ദ്ധരുടെ ചെറുസംഘങ്ങളും ഉണ്ടാവണം. അവയുടെ നിർവ്വഹണത്തിന് ധനപരമായ അധികാരവികേന്ദ്രീകരണവും നടക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമത്തെ പുരോഗതിയിലേക്ക് നയിക്കാൻ പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കാനൊരുങ്ങുന്ന ഈ വികസന മെമിനാറിൽ പഞ്ചായത്തിന്റെ സമസ്തമേഖലകളെ കുറിച്ചും സമഗ്രമായി ചർച്ച ചെയ്യപ്പെടാൻ കഴിയുകയും അതുവഴി ആസൂത്രിതമായ പദ്ധതിയ്ക്ക് രൂപം കൊടുക്കാനും കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

പഞ്ചായത്ത് പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	പാലമേൽ
ടെലഫോൺ നമ്പർ	(0479) 382326
ഉൾപ്പെടുന്ന വില്ലേജ്	പാലമേൽ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	ഭരണിക്കാവ്
ബ്ലോക്കുഡിവിഷൻ	പാലമേൽ, നൂറനാട്
റവന്യൂ ജില്ല	ആലപ്പുഴ
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	ചാരുംമൂട്
താലൂക്ക്	മാവേലിക്കര
അസംബ്ലി മണ്ഡലം	പന്തളം
ലോകസഭാമണ്ഡലം	മാവേലിക്കര
വിസ്തീർണ്ണം	25.60 ച: കി. മി.
വടക്ക്	പന്തളം ഗ്രാമപഞ്ചായത്ത്
തെക്ക്	പള്ളിക്കൽ, താമരക്കുളം പഞ്ചായത്തുകൾ
കിഴക്ക്	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	നൂറനാട് ഗ്രാമപഞ്ചായത്ത്
ജനസംഖ്യാ (91-ലെ സെൻസ്സസ് റിപ്പോർട്ട്)	29471
സ്ത്രീകൾ	15210
പുരുഷന്മാർ	14261
വാർഡുകളുടെ എണ്ണം	12
വീടുകളുടെ എണ്ണം	9244
ജനസാന്ദ്രത	ച. കി. 450
സാക്ഷരത	81%
പഞ്ചായത്ത് പ്രസിഡന്റിന്റെ പേര്	പി. ആർ. കൃഷ്ണൻ നായർ
വൈസ് പ്രസിഡന്റിന്റെ പേര്	എം. കെ. രാജേന്ദ്രൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സന്റെ പേര്	കെ. ആനന്ദവല്ലിയമ്മ

നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	വാർഡ് നമ്പർ	സ്ഥലം
1.	പഞ്ചായത്ത് ആഫീസ്	VI	നൂറനാട്
2.	കൃഷിഭവൻ	"	"
3.	മൃഗാശുപത്രി	"	"
4.	വില്ലേജ് ആഫീസ്	"	"
5.	സബ് റജിസ്ട്രാർ ആഫീസ്	"	"
6.	ഇലക്ട്രിക്കൽ സബ് എൻജിനീയർ ആഫീസ്	IV	"
7.	പോലീസ് സ്റ്റേഷൻ	VI	"
8.	ജില്ലാ സഹകരണ ബാങ്ക്	IV	"
9.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂർ	VI	"
10.	ഇന്ത്യൻ ഓവർസീസ് ബാങ്ക്	IX	കുടശ്ശനാട്
11.	പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറി	VIII	മറ്റപ്പള്ളി
12.	പി. എച്ച്. സെന്റർ	VII	ഉളവുക്കാട്
13.	വി.ഇ.ഒ. ആഫീസ്	VII	"
14.	ഇ. എസ്സ്. ഐ. ഡിസ്പൻസറി	IV	എരുമക്കുഴി
15.	കെ. എസ്. സി. ഡി. സി. കശുവണ്ടി ഫാക്ടറി	III	"
16.	വി. ഇ. ഒ. ആഫീസ്	IV	എരുമക്കുഴി

വായ്പാ സംഘങ്ങൾ

17.	നമ്പർ. 443	IX	കുടശ്ശനാട്
18.	നമ്പർ. 4013	V	
19.	നമ്പർ. 4018	VI	"
20	നമ്പർ. A. 249 ഹൗസിംഗ് സഹകരണ സംഘം	V	നൂറനാട്
21.	എ. 649. പട്ടികജാതി സർവ്വീസ് സഹകരണസംഘം	IX	കുടശ്ശനാട്
22.	എ. (141) ഡി. Apcos	"	"
23.	എ. (14) ഡി. Apcos	III	പണയിൽ
24.	എ. (149) ഡി. Apcos	V	മുതുകാട്ടുകര
25.	എ. (142) ഡി. Apcos	IV	എരുമക്കുഴി
26.	എ. (147) ഡി. Apcos	VII	ഉളവുക്കാട്
27.	റബ്ബർമാർക്കറ്റിംഗ് സംഘം	VI	നൂറനാട്
28.	തപാലാപ്പീസ്	IX	കുടശ്ശനാട്
29.	തപാലാപ്പീസ്	I	പയ്യനല്ലൂർ
30.	തപാലാപ്പീസ്	II	പണയിൽ
31.	തപാലാപ്പീസ്	IV	നൂറനാട്
32.	ഗവ. എൽ.പി. എസ്. പയ്യനല്ലൂർ	I	പയ്യനല്ലൂർ

33.	ഡബ്ല്യൂ.എൽ.പി.എസ്. പയ്യനല്ലൂർ	I	പയ്യനല്ലൂർ
34.	ഗവ. എസ്. കെ. വി. എൽ.പി. എസ്. പള്ളിക്കൽ	II	പള്ളിക്കൽ
35.	ഗവ. എൽ.പി.എസ്. എരുമക്കുഴി	IV	നൂറനാട്
36.	ഡബ്ല്യൂ.എൽ.പി.എസ്. ഉളവുക്കാട്	VII	ഉളവുക്കാട്
37.	ആർ.സി.വി.എൽ.പി.എസ്. ഉളവുക്കാട്	VII	ഉളവുക്കാട്
38.	ഗവ. എൽ.പി.എസ്. കുടശ്ശനാട്	IX	കുടശ്ശനാട്
39.	ഗവ. എൽ.പി.എസ്. ആതിക്കാട്ടുകുളങ്ങര	XI	ആദിക്കാട്ടുകുളങ്ങര
40.	ഗവ. എച്ച്.എസ്. പയ്യനല്ലൂർ	I	പയ്യനല്ലൂർ
41.	ഗവ. എച്ച.എസ്. കുടശ്ശനാട് തണ്ടാനുവിള	X	കണ്ണുകോട്
42.	സി.ബി.എം.എച്ച്.എസ്. എരുമക്കുഴി	VI	കാവുംമ്പാട്
43.	എൻ.എസ്.എസ്.എച്ച്.എസ്. കുടശ്ശനാട്	IX	കുടശ്ശനാട്
44.	പഞ്ചായത്ത് സാംസ്കാരിക നിലയം	IX	കുടശ്ശനാട്
45.	പഞ്ചായത്ത് സാംസ്കാരിക നിലയം	VII	ഉളവുക്കാട്
46.	പഞ്ചായത്ത് സാംസ്കാരിക നിലയം (പണയിൽ)	II	പള്ളിക്കൽ
47.	പഞ്ചായത്ത് ലൈബ്രറി	VI	നൂറനാട്
48.	കവിതാ ലൈബ്രറി	IV	എരുമക്കുഴി
49.	ജനതാഗ്രന്ഥശാല		ആദിക്കാട്ടുകുളങ്ങര
50.	സുബാഷ് ഗ്രന്ഥശാല	I	പയ്യനല്ലൂർ
51.	അംഗനവാടി	IV	എരുമക്കുഴി
52.	അംഗനവാടി	IX	കുടശ്ശനാട്
53.	അംഗനവാടി	VIII	മറ്റപ്പള്ളി
54.	അംഗനവാടി	VIII	മറ്റപ്പള്ളി
55.	അംഗനവാടി	V	മുതുകാട്ടുകര
56.	അംഗനവാടി	VI	കാവുംമ്പാട്
57.	അംഗനവാടി	XII	ആദിക്കാട്ടുകുളങ്ങര
58.	അംഗനവാടി	I	പയ്യനല്ലൂർ

പാലമേൽ പഞ്ചായത്ത് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത് 1996 സെപ്തംബർ 8, 9, 10 തീയതികളിൽ കായംകുളം ഗവൺമെന്റ് ഹൈസ്ക്കൂളിൽ വച്ചു നടന്ന ജില്ലാതല പരിശീലനക്യാമ്പോടുകൂടിയാണ്. ഈ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും 9 പേർ പങ്കെടുത്തു. തുടർന്ന് പഞ്ചായത്ത് തല പരിശീലനം 1996 സെപ്തംബർ 15 ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ചു നടന്നു. ഈ ക്യാമ്പിൽ 115 പേർ പങ്കെടുത്തു. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് വാർഡുകൾതോറും വിപുലമായ സ്വാഗതസംഘങ്ങൾ വിളിച്ചുകൂട്ടുകയും 50 വീടുകൾ സ്ക്വാഡുകളായി തിരിച്ചിട്ടുള്ള സ്ക്വാഡ് പ്രവർത്തനം, കാറും മൈക്കും ഉപയോഗിച്ചുള്ള പ്രചരണം, കയ്യെഴുത്ത് പോസ്റ്ററുകൾ, കാൽനട പ്രചരണം, മെഗാഫോൺ പ്രവർത്തനം, നോട്ടീസ് തുടങ്ങിയുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ D.R.P യും L.R.P മാർ സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങി ഒട്ടുവളരെ പേർ ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകൾ 1996 സെപ്തംബർ 29ന് തുടങ്ങി. ഒക്ടോബർ 12 ന് അവസാനിച്ചു. ജനാധികാര കലാജാഥയ്ക്ക് കുടശ്ശനാട്, പണയിൽ, പയ്യനല്ലൂർ, ആദിക്കാട്ടുകുളങ്ങര, നൂറനാട് ജംഗ്ഷൻ എന്നീ ഭാഗങ്ങളിൽ ആവേശകരമായ സ്വീകരണം നൽകി. ഗ്രാമസഭാ നിർദ്ദേശങ്ങളുടെ ക്രോഡീകരണ ജോലി ഒക്ടോബർ 25-ാം തീയതി തുടങ്ങി. ദ്വിതീയ വിവരശേഖരണത്തിനായുള്ള പ്രവർത്തനങ്ങളും വികസന രേഖതയ്യാറാക്കുന്നതിനുള്ള പഠനപര്യടനവും ഒക്ടോ. 19-ന് തുടങ്ങിയിരുന്നു. രണ്ടാം ഘട്ട പരിശീലനം 1996 നവംബർ 7-8-9 തീയതികളിൽ മാവേലിക്കര T.T.I യിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ബ്ലോക്ക് പഞ്ചായത്ത് മെമ്പറന്മാർ DRP മാർ തുടങ്ങിയവർ പങ്കെടുത്തു. കേരളപ്പിറവി ദിനമായ നവം. 1 പുനരർപ്പണദിനമായി ആചരിച്ചു. അന്നേദിവസം നടന്ന പ്രവർത്തനങ്ങൾ പട്ടികയായി കൊടുക്കുന്നു. രണ്ടാംഘട്ട പഞ്ചായത്ത് തല ശിൽപ്പശാല പഞ്ചയത്ത് കമ്മ്യൂണിറ്റിഹാളിൽ വച്ചു നടന്നു. 85 പേർ പങ്കെടുത്തു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിനുള്ള പ്രചരണപ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ ക്വിസ്സ് മത്സരം നടത്തി. പഞ്ചായത്തിന്റെ ചരിത്രപരമായ വസ്തുതകൾ ലഭിക്കുന്നതിനായി കാരണവന്മാരെകണ്ടു വിവരങ്ങൾ ശേഖരിച്ചു.

വിശേഷാൽ ഗ്രാമസഭയിലെ പങ്കാളിത്തം

പട്ടിക 1

വാർഡ് നമ്പർ	തീയതി	പെണ്ണ്	ആണ്	ആകെ
1	2-10-96	63	104	167
2	2-10-96	70	145	215
3	2-10-96	61	85	146
4	12-10-96	36	149	185
5	6-10-96	22	105	127
6	12-10-96	51	96	147
7	6-10-96	73	237	310
8	6-10-96	367	336	703
9	12-10-96	17	113	130
10	2-10-96	104	223	327
11	29-9-96	99	116	215
12	29-9-96	70	172	242
ആകെ		1029	1881	2910

പട്ടിക 2

1996 നവംബർ 1 പുനരർപ്പണ ദിനം

വാർഡ്	പ്രവർത്തിയുടെ സ്വഭാവം
I	പയ്യനല്ലൂർ മായയക്ഷിക്കാവ് ടാർറോഡ് കുഴികൾനികത്തി ഓട നിർമ്മിച്ചു.
II	1 ആയിക്കമത്തുവിളമുക്കു മുതൽ വടക്കോട് പുതിയ റോഡ് നിർമ്മിച്ചു 2 പണയിൽ പയ്യന്നൂർ റോഡ് ഓടവെട്ടി മെയിന്റനൻസ് ചെയ്തു.
III	1 കോതകുളം വല്ലത്തേിൻമുക്ക് റോഡ് മെയിന്റനൻസ് ചെയ്തു 2 പണയിൽ ക്ഷേത്രമുക്ക് മുതൽ പടിഞ്ഞാറ് ടാർ ഇളകിയഭാഗം ശരിയാക്കി
VIII	പഞ്ചായത്ത് സെറ്റിൽമെന്റ് കോളനിയിലേക്ക് പുതിയ റോഡുവെട്ടി ഓടനിർമ്മിച്ചു.
IX	1 ആക്കമുക്കു മുതൽ മുകളിൽ മുക്കുവരെ റോഡിന്റെ കുഴികൾ നികത്തി ഓട നിർമ്മിച്ചു. 2 വല്യവീട്ടിൽ പടി മുതൽ പടിഞ്ഞാറുള്ള റോഡ് മെയിന്റനൻസ് നടത്തി.
X	തണ്ടാവിള കടമാൻകുളം റോഡ് മെയിന്റനൻസ് ചെയ്തും പൈപ്പ് താഴ്ത്തിയിട്ടും ഓടനിർമ്മിച്ചും വ്യത്തിയാക്കി. കുരമ്പാല വഴക്കുളം റോഡിൽ ഓട വെട്ടി.
XII	ചെറുകര കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിച്ചു.

ചരിത്രം

ആലപ്പുഴ ജില്ലയുടെ കിഴക്ക് തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന 25.60 ച:കീ. മീ. വിസ്തീർണ്ണമുള്ളതും ചെറുതും വലുതുമായ 40 ൽ പരം ചെറുകുന്നുകളും, മലകളുമായി കിടക്കുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് പാലമേൽ ഗ്രാമ പഞ്ചായത്ത്.

പഞ്ചായത്തിന്റെ ഭൂകതാല സാമൂഹ്യ ബന്ധങ്ങൾ ഇന്നുള്ളതിൽ നിന്നെല്ലാം തികച്ചും വ്യത്യാസമുള്ളതായിരുന്നു. മേൽത്തട്ടുകാരെന്നറിയപ്പെട്ടിരുന്ന സവർണ്ണ മേധാവികളും, പിന്നോക്ക – പട്ടികജാതിയിൽപ്പെട്ടവരുമായ ജനങ്ങളാണ് ഇവിടെ കഴിഞ്ഞുപോന്നിരുന്നത്. കൃഷിയും, അതുമായി ബന്ധപ്പെട്ടുള്ള പണികളും ചെയ്ത് ഉപജീവനം കഴിച്ചു പോന്നിരുന്നവരുമായിരുന്നു ഇവിടുത്തെ ജനങ്ങൾ. കേരളത്തിലെ മറ്റെല്ലാ പ്രദേശങ്ങളെയും പോലെ ഈ പഞ്ചായത്തിലും ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്നു. പട്ടികജാതി പിന്നോക വിഭാഗത്തിൽപ്പെട്ടവർക്ക് വഴി നടക്കുവാനോ, ക്ഷേത്രത്തിൽ പോയി ആരാധന നടത്തുന്നതിനോ, കിണറുകളിൽ നിന്നു വെള്ളം കോരികുടിയ്ക്കുന്നതിനോ കഴിയുമായിരുന്നില്ല.

പഞ്ചായത്തിലുള്ള കുന്നുകളും താഴ് വരകളും, കുറ്റിക്കാടുകളും, വൻമരങ്ങളും, വള്ളിപ്പടർപ്പുകളും കാണപ്പെട്ടിരുന്നതായും, വന്യമൃഗങ്ങൾ ഉണ്ടായിരുന്നതായും പറഞ്ഞു കേൾക്കുന്നു. ചിലപ്രദേശങ്ങളുടെ സ്ഥലനാമങ്ങളിൽ നിന്നും ഇതു മനസ്സിലാക്കാൻ കഴിയും (ഉദാഹരണം – പുലിക്കുന്ന്, പന്നിത്തടം, കടമാൻകുളം, മയിലാടും കുന്ന്, കരിമാൻ കാവ് തുടങ്ങിയവ) ആദ്യകാലങ്ങളിൽ ഓരോ പ്രദേശത്തിനും (കര) നാട്ടു പ്രമാണിമാരായിരുന്നുവർ ഭരണകർത്താക്കളായിരുന്നു. താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് ദുരിതപൂർണ്ണമായ ജീവിതമായിരുന്നു കാലം കുറെ മാറിക്കഴിഞ്ഞപ്പോൾ അന്നത്തെ തിരുവിതാംകൂറിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു ചെറിയ പങ്കു വഹിയ്ക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തുക്കൂടി കടന്നുപോയിരുന്ന വളരെ പ്രധാനപ്പെട്ട രാജപാതയായിരുന്നു ഇന്നു കാണുന്ന കായംകുളം – പുനലൂർ റോഡ്.

ഇന്നത്തെപോലെതന്നെ തമിഴ്നാട്, കർണ്ണാടകം തുടങ്ങി അന്യനാടുകളിൽ നിന്ന് വരുന്ന വഴിയാത്രക്കാർക്കും മറ്റു ചരക്കുകൾ അന്യനാടുകളിൽ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും ഈ രാജപാതയാണ് ഉപയോഗിച്ചിരുന്നത്. മറ്റൊരു പ്രത്യേകത ഈ പാതയ്ക്ക് ഇരുവശങ്ങളിലും വഴിയാത്രക്കാർക്ക് തണലേകുന്നതിന് ഫലവൃക്ഷങ്ങൾ (ചോല മരങ്ങൾ) വെച്ചുപിടിപ്പിക്കുകയും, ഇന്നത്തെപ്പോലെ വാഹന സൗകര്യമില്ലാതിരുന്ന ആക്കാലത്ത് തലച്ചുമടുമായി വരുന്നവർക്ക് ചുമടിറക്കി വെയ്ക്കുന്നതിനുള്ള ചുമടുതാങ്ങികളും, വഴിയോര വിശ്രമകേന്ദ്രങ്ങളും (സത്രങ്ങളും) ഉണ്ടായിരുന്നു എന്നുള്ളതാണ്. ഈ കേന്ദ്രങ്ങളിലെല്ലാം ദാഹിച്ചുവലഞ്ഞു വരുന്നവർക്ക് ദാഹം തീർക്കുന്നതിന് മോരും വെള്ളം (സംഭാരം) നൽകി വന്നിരുന്നു. അന്നു നട്ടുവളർത്തിട്ടുള്ള വൃക്ഷങ്ങൾ പാതയുടെ ഇരുവശങ്ങളിലുമായി തണലേകി, കഴിഞ്ഞകാല സ്മരണകൾ അയവിറക്കി നിൽക്കുന്ന കാഴ്ച ഏതൊരാളെയും കോരിതരിപ്പിക്കുന്നതാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവ് നാടുവാണിരുന്ന കാലത്താണ് ഈ വൃക്ഷങ്ങളെല്ലാം നടുപിടിപ്പിച്ചിരുന്നത്.

നൂറനാട്ടുനിന്നും അന്യനാടുകളിലേക്ക് തപാൽ ഉരുപ്പട്ടികൾ അഞ്ചലോട്ടക്കാരൻ കൊണ്ടുപോയിരുന്നത് ഈ പാതയിൽക്കൂടി ആയിരുന്നു. ഇന്നുള്ള മൃഗാശുപത്രിയും, വില്ലേജ് ആഫീസും മാർക്കറ്റും (ചന്ത) സ്ഥിതി ചെയ്യുന്ന സ്ഥലവും രാജവാഴ്ചക്കാലത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനുള്ള സത്രങ്ങളും (സർക്കീട്ട് ഹൗസ്) വണ്ടിപ്പുരയും, കക്കൂസുമുള്ള സ്ഥലമായിരുന്നു. സർക്കാർവക ഒന്നര ഏക്കർ സ്ഥലമായിരുന്നു അന്ന് ഇതിനായി നീക്കിവച്ചിരുന്നത് രാത്രികാലങ്ങിൽ വെളിച്ചം കാണുന്നതിന് ഈ സത്രത്തിനു മുന്നിൽ ഉണ്ടായിരുന്ന വിളക്കുമരത്തിന്റെ അവശിഷ്ടങ്ങൾ പോലീസ് സ്റ്റേഷനു മുൻവശം നിൽക്കുന്നത് കാണാൻ കഴിയും. സത്രം സൂക്ഷിപ്പുകാർ ഒറ്റദിവസവും മുടങ്ങാതെ ഈവിളക്ക് കത്തിച്ചുപോന്നിരുന്നു. രാജവാഴ്ചകാലം മുതൽ ഇന്നുള്ള പോലീസ് സ്റ്റേഷൻ നിൽക്കുന്നിടത്ത് ഒരു പോലീസ് ഔട്ട്

സ്റ്റേഷനായിരുന്നു.

മാവേലിക്കര താലൂക്കിലെ രണ്ടാമത്തെ പ്രവൃത്തിക ച്ചേരിയും നൂറനാട്ടായിരുന്നു. നൂറ്റാണ്ടുകൾക്കു മുൻപുതന്നെ എണ്ണപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നായിരുന്നു ഈ പ്രവൃത്തി കച്ചേരി ഇവിടുത്തെ പ്രവൃത്തിയാരുടെ അധികാരപരിധിയിലാ യിരുന്ന നൂറനാട് പ്രവൃത്തി കച്ചേരിയെ രാജവാഴ്ചയുടെ അവ സാനകാലം നൂറനാട് വില്ലേജ് എന്നും, പാലമേൽ വില്ലേജ് എന്നും രണ്ടായി വിഭജിച്ചിരുന്നതായും പിന്നീട് ഈ കച്ചേരിസ്ഥലം ലേലത്തിൽ പോയതായും വാടക കെട്ടിടത്തിൽ പ്രവർത്തനങ്ങൾ തുടർന്ന് പോന്നിരുന്നതായും കാണുന്നു.

പഞ്ചായത്തിലെ സ്ഥലങ്ങളിൽ ഏറിയ പങ്കും അന്ന് ചെങ്ങന്നൂർ മഞ്ഞിപ്പുഴ, വാഴൂർമഠം തുടങ്ങിയ ജന്മിമാരുടെ വക ആയിരുന്നു. അവർ ഈ സ്ഥലങ്ങളെല്ലാം അന്നുണ്ടായി രുന്ന നാട്ടു പ്രമാണിമാർക്ക് കൃഷിചെയ്യുന്നതിനായി കൊടു ത്തു. കാലം കുറെ കഴിഞ്ഞപ്പോൾ ഈ സ്ഥലങ്ങളെല്ലാം നാട്ടുപ്രമാണിമാർ കൈവശത്തിലാക്കിയതായും പറഞ്ഞു കേൾക്കുന്നു.
പഞ്ചായത്താഫീസ് നിൽക്കുന്ന സ്ഥലം കുറ്റുവേലിൽ ശ്രീ. കുഞ്ഞുകൃഷ്ണപിള്ള കുത്തകപ്പാട്ടമായി കൈവശം വച്ചിരുന്ന സ്ഥലമാണ്. ഓന്നേകാൽ ഏക്കറോളം വരുന്ന ഈ സ്ഥലം പഞ്ചായത്താഫീസിനു വേണ്ടി അദ്ദേഹത്തിൽ നിന്നും ലഭിക്കു ന്നതിന് പുന്നയ്ക്കാകുളങ്ങര ശ്രീ. മാധവനുണ്ണിത്താനും, പര മേശ്വരത്ത് ശ്രീ. പി. കെ. ബാലകൃഷ്ണപിള്ളയുമാണ് പരിശ്ര മിച്ചതെന്നും, 1957 - ലെ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാ ടിന്റെ ഭരണക്കാലത്ത് പരമേശ്വരത്തു പുത്തൻ വീട്ടിൽ റ്റി.കെ. ഗോവിന്ദപിള്ള ഈ ഭൂമിക്ക് പട്ടയം വാങ്ങുന്നതിനുള്ള പരി ശ്രമം നടത്തി പതിച്ചു വാങ്ങിയതായും കാണുന്നു. കൃഷിഭ വൻ നിൽക്കുന്ന 10 സെന്റു സ്ഥലവും, പോലീസ് സ്റ്റേഷൻ നിൽക്കുന്ന 25 സെന്റ് സ്ഥലവും പഞ്ചായത്ത് എഴുതിക്കൊടു ത്തിട്ടുള്ളതാണ്. തിരുവിതാംകൂർ ശ്രീമൂലം തിരുനാൾ പ്രജാ സഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട കുറ്റുവേലിയിൽ ശ്രീ. ഗോവിന്ദപിള്ള ഈ പഞ്ചായത്തിൽ ജീവിച്ചിരുന്ന ആളാണ്.

വൈദേശിക മേധാവിത്വത്തിനും, സി. പി. യുടെ കിരാത വാഴ്ചക്കും എതിരായിട്ടുള്ള സ്വാതന്ത്ര്യസമര പോരാ ട്ടങ്ങൾക്ക് 1938 മുതൽ നേതൃത്വം കൊടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചു. അന്ന് പാലമേൽ, നൂറനാട്, ചുനക്കര, താമരകുളം വില്ലേജുകൾ കേന്ദ്രീകരിച്ച് താലൂക്ക് അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ കമ്മിറ്റി ചാരുംമൂട് കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. ഈ കമ്മി റ്റിയുടെ പ്രസിഡന്റ് ചുനക്കര കളീക്കൽ തെക്കേതിൽ ശ്രീ. ശ്രീധരൻപിള്ളയും സെക്രട്ടറി പാലമേൽ പരമേശ്വരത്ത് ശ്രീ. പി. കെ ബാലകൃഷ്ണപിള്ളയും ആയിരുന്നു. ഈ കമ്മിറ്റി നേതൃത്വം കൊടുത്തുകൊണ്ട് ജനങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പ്രധാന്യം ആശയരംഗത്തു കൂടി നൽകിയും നിവർത്തന പ്രക്ഷോഭം, മലയാളി മെമ്മോറിയൽ പ്രക്ഷോഭം വൈക്കം സത്യാഗ്രഹസമരത്തിന്റെ പ്രധാന്യം, ഹരിജനോദ്ധാരണ പ്ര വർത്തനങ്ങൾ, ദേശീയഭാഷയായ ഹിന്ദി പഠിപ്പിക്കുകയും പ്രച രിപ്പിക്കുകയും ചെയ്യുക (ഹിന്ദി പ്രചാരസഭ) തക്കിളിയും, ചർക്കയും ഉപയോഗിച്ചുള്ള നൂൽനൂപ്പും, വസ്ത്ര നിർമ്മാണ വും, വിദേശ വസ്തുകളുടെ ബഹിഷ്ക്കരണം തുടങ്ങി ഒട്ടേറെ പ്രവർന്നനങ്ങൾ പഞ്ചായത്തിൽ നടത്തിപ്പോന്നു.

പട്ടികജാതിയിൽപ്പെട്ടവർക്ക് നേരെ അന്നു നിലനി ന്നിരുന്ന അയിത്തതിനും മറ്റുമെതിരായി അവരെ സംഘടി പ്പിച്ച് 1931 ൽ ചീനിവിള ചാത്തന്റെ നേതൃത്വത്തിൽ ശ്രീ. അയ്യൻകാളിയെ പോയി കാണുകയും, മറ്റപ്പള്ളിയിൽ അദ്ദേഹം വന്ന് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചിരുന്നതായും അറി യുന്നു.

ശ്രീനാരായണ ഗുരുദേവൻ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ കൊടുകാറ്റുപോലെ ജ്വലിച്ചു യർന്നപ്പോൾ അതിൽ പഞ്ചായത്തിലെ ജനങ്ങളും ആകൃഷ്ട രായി. ഗുരുദേവന്റെ ആശയാദർശനങ്ങൾ ഉൾകൊണ്ട് മുതുകാ ട്ടുകര, ഭഗവതിഅയ്യത്ത് ശ്രീ. ഗോവിന്ദനും മറ്റും നേതൃത്വം കൊടുത്തു പ്രവർത്തിച്ചതിന്റെ ഭാഗമായി ജനങ്ങൾക്ക് ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പാറ ജംഗ്ഷനു സമീപം ഇന്നുകാ ണുന്ന ഗുരുമന്ദിരം ശ്രീ ഗോവിന്ദനും മറ്റും നിർമ്മിച്ചാതാണ്.

ഇതേകാലഘട്ടത്തിൽ യുവാക്കളെയും വനിത കളെയും സംഘടിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളും പഞ്ചാ യത്തിൽ നടത്തിയിരുന്നു. സാംസ്കാരിക രംഗത്ത് ജനങ്ങ ളിൽ വായനാശീലവും അറിവും പകർന്നു കൊടുക്കുന്നതി നുള്ള പ്രവർത്തനത്തിന്റെ ഭാഗമായി കാവുമ്പാട് കേന്ദ്രീകരിച്ച് സുഭാഷ് ഗ്രന്ഥശാല സ്ഥാപിച്ചു. ഇതിന്റെ സെക്രട്ടറി കാവു മ്പാട് ചക്കുപുരയ്ക്കൽ ശ്രീ. ഉണ്ണുണ്ണി ആയിരുന്നു. വായനശാ ലയ്ക്ക് സീലും മറ്റും തിരുവനന്തപുരത്തു നിന്നും വാങ്ങികൊ ണ്ടുകൊടുത്തത് കളീയ്ക്കൽ തെക്കേതിൽ ശ്രീ. കെ. ആർ. ഗംഗാധരൻപിള്ളയാണ്. അക്കാലത്ത് എരുമക്കുഴി ഗവൺമെന്റ് എൽ. പി. സ്കൂളിൽ ഗ്രാമീണ വായനശാലയും പ്രവർത്തന ത്തിലുണ്ടായിരുന്നു. ഇതിന്റെ പുസ്തകങ്ങളും ഉപകരണങ്ങളും ഗവൺമെന്റ് സുഭാഷ് വായശാലയ്ക്ക് നൽകി അതിൽ ലയിപ്പി ക്കുകയുണ്ടായി. സുഭാഷ് വായനശാലയാണ് ഇപ്പോൾ പഞ്ചാ യത്ത് ലൈബ്രറിയിൽ പ്രവർത്തിച്ചുവരുന്നത്.

രണ്ടാംലോക മഹായുദ്ധത്തെ തുടർന്ന് നാട്ടിലാകെ പടർന്നു പിടിച്ച പട്ടിണി പഞ്ചായത്തിലെ ജനങ്ങളെയും ദുരിത ത്തിലാഴ്ത്തിയിരുന്നു. അരിയും മറ്റു സാധനങ്ങളും കിട്ടാതാ യി. ഈ ദുരിതം കണ്ട് എരുമക്കുഴി വാർഡിലെ ശ്രീ. ഉണ്ണിയു ടെയും മറ്റും നേതൃത്വത്തിൽ ഏതാനും പേർ ഒത്തൊരുമിച്ച് കാവുമ്പാട്ട് ദേശാഭിമാനി സ്റ്റോർ എന്ന പേരിൽ ഒരു സ്ഥാപനം തുറന്ന് പ്രവർത്തിച്ചിരുന്നു. ജനങ്ങൾക്കാകെ ആശ്വാസമായി രുന്നു ഈ സ്ഥാപനം. ഇവിടെ നിന്നും ബജ്റ, ചോളം, കടല, അരി മറ്റു നിത്യോപയോഗ സാധനങ്ങളും കൺട്രോൾ തുണിയും മിതമായ വിലയ്ക്ക് വിതരണം ചെയ്തു പോന്നു. പിന്നീട് ഗവൺമെന്റ് ഒരു റേഷൻ കടയും ഈ സ്റ്റോറിനോട നുബന്ധിച്ച് അനുവദിക്കുകയുണ്ടായി. അന്ന് സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റായിരുന്ന പന്തളത്ത് ശ്രീ. കെ. പി. രാമന്റെ നേതൃത്വ ത്തിൽ പന്തളം കേന്ദ്രമാക്കി പ്രസിദ്ധീകരിച്ചിരുന്ന രാജ്യാഭി മാനി ദിനപത്രവും, പ്രവാഹം ദിനപത്രവും പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായിരുന്നു.

സ്റ്റേറ്റ് കോൺഗ്രസിന്റേയും ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും തുടർന്ന് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളും, വളർച്ചയുടെയും ഫലമായി പിന്നോക്ക പട്ടികജാതി ജനവിഭാഗങ്ങൾക്ക് വളരെയധികം നേട്ടങ്ങളും പുരോഗതിയും പഞ്ചായത്തിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തൽഫലമായി പഞ്ചായത്തിൽ കുടികിടപ്പ് നേടി എടുക്കുന്നതിനോ, കൂലി കൂടുതൽ നേടിയെടുക്കുന്നതിനോ, അയിത്തത്തിനും മറ്റുമെതിരായിട്ടോ ഉള്ളോ പ്രക്ഷോഭങ്ങൾ മറ്റും പ്രദേശങ്ങളിൽ നടന്നിട്ടുള്ളതുപ്പോലെ നടത്തേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല.

അക്കാലത്ത് ചാരുംമൂടുള്ള ബഥനി ആശ്രമം കേന്ദ്രീകരിച്ചുകൊണ്ട് ക്രിസ്തുമത പ്രചരണവും നടത്തിയിരുന്നു. അന്ന് ഒരു ഇറ്റാലിയൻ പാതിരിയുടെ നേതൃത്വത്തിൽ കുറെ പുരോഹിതന്മാർ പഞ്ചായത്തിൽ ഉളവുക്കാട്ടെത്തുകയും അവിടെ ഹരിജനങ്ങൾക്ക് വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും നൽകി വീടുകളിൽ അന്തിയുറങ്ങി മതപരിവർത്തനം നടത്തിയതായിപ്പറയുന്നു. ഇവരുടെ പ്രവർത്തനം നാടിലാകെ കാട്ടുതീപോലെ പടർന്നു. നാട്ടുപ്രമാണിമാർ സംഘടിച്ചു. അവർ ഈ പാതിരമാരെ അക്രമിച്ച് പരിക്കേൽപ്പിക്കുകയും, അവരുടെ വാഹനങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. ഈ സംഭവം റോമിൽ വരെ എത്തിയതായും റോമിൽനിന്ന് നേരിട്ടുള്ള അന്വേഷണം നടന്നിരുന്നതായും അന്ന് ഡി. എസ്സ്. പി. ആയിരുന്ന കേരളവർമ്മ എന്ന പോലീസ് ഉദ്യോഗസ്ഥൻ സ്ഥലത്ത് ക്യാമ്പ് ചെയ്ത് നിരവധി കേസ്സുകൾ എടുത്തിട്ടുള്ള കാര്യം പറയപ്പെടുന്നു . മതം മാറിയ ഹരിജനങ്ങളെ നാട്ടുപ്രമാണിയായ കാവിനാൽ രാഘവൻപിള്ളയുടെ നേതൃത്വത്തിൽ അഗ്നി ശുദ്ധിവരുത്തി തിരിച്ചെടുത്തതായും പറയുന്നു.

1946ൽ നടന്ന പുന്നപ്ര വയലാർ സമരത്തിനു ശേഷം ചേർത്തല താലൂക്കിലെ ജനങ്ങൾ പട്ടിണിയിലും ദുരിതത്തിലുമായി. അന്ന് 8 മണിക്കൂർ കൊണ്ട് ഒരു ലോറി ഭക്ഷണസാധനങ്ങൾ പഞ്ചായത്തിൽനിന്നും സംഭരിച്ച് നൽകിയ സംഭവം ജനങ്ങളുടെ മനുഷ്യസ്നേഹത്തിന്റെയും ദേശസനേഹത്തിന്റെയും മകുടോദാഹരണമാണ്.

കേരള നിയമസഭയിലെ ആദ്യത്തെ സ്പീക്കറായിരുന്ന ശ്രീ. ആർ. ശങ്കരനാരയണൻ തമ്പിയും ആർ. വേലായുധൻതമ്പി, എം. എൻ. ഗോവിന്ദൻ നായർ, എൻ. ശ്രീധരൻ, തോപ്പിൽ ഭാസി തുടങ്ങി പിൽക്കാലത്ത് കേരളത്തിലാകെ അറിയപ്പെട്ടിരുന്ന രാഷ്ട്രയ- സാമൂഹിക-സാംസ്കാരിക നായകന്മാരും, നേതാക്കന്മാരും പഞ്ചായത്തിൽ ഒളിവിലിരുന്നും, അല്ലാതെയും പ്രവർത്തിച്ചിട്ടുള്ളതാണ്.

സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകരായിരുന്ന നിരവധി പേർ പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായി മാറി. 1951 -ൽ ഭരണിക്കാവ് നിയോജമണ്ഡത്തിൽ നിന്ന് ഒളിവിലിരുന്ന് ശ്രീ.എം. എൻ. ഗോവിന്ദൻ നായർതെരഞ്ഞെടുപ്പിൽ മത്സരിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് നിരോധിച്ചിരുന്ന കാലമായിരുന്നു. ഈ തെരഞ്ഞെടുപ്പിൽശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ ചീഫ് ഇലക്ഷൻ എജന്റായി പ്രവർത്തിച്ചിരുന്നത് പഞ്ചായത്തിലുള്ള ശ്രീ. പുന്നയ്ക്കാകുളങ്ങര മാധവനുണ്ണിത്താനായിരുന്നു.

ഈ തെരഞ്ഞെടുപ്പിൽ റിക്കാർഡ് ഭൂരിപക്ഷത്തോടെയാണ് ശ്രീ. എം. എൻ. ഗോവിന്ദൻ തെരഞ്ഞെടുക്കപ്പെട്ടത്. ഗാന്ധിഭക്തനായ കുടശ്ശനാട് തമ്പീടയത്ത് ശ്രീ. മാധവൻപിള്ള ഖദർ വസ്ത്രവും ഗാന്ധിതൊപ്പിയും ധരിച്ച്, ഉത്സവ സ്ഥലങ്ങളിൽ ഗാന്ധിജിയുടെ സന്ദേശങ്ങൾ സ്വന്തം കവിതകളിലൂടെ ആകർഷകമായി പാടി പ്രചരിപ്പിക്കുക പതിവായിരുന്നു. കുടശ്ശനാട് പുത്തൻ വീട്ടിൽ ശ്രീ. ശങ്കരൻ താങ്കൾ ഗാന്ധിജിയുടെ ശിഷ്യത്വം സ്വീകരിച്ച് ഹരിജനോദ്ധാരണ പ്രവർത്തകനായി അന്നു വിദ്യാഭ്യാസം നിഷേധിച്ചിരുന്ന ഹരിജൻ വിഭാഗത്തിന് വിദ്യാഭ്യാസം ചെയ്യുന്നതിനായി, അദ്ദേഹം മൂന്ന് സ്കൂളുകൾ സ്ഥാപിച്ചു. അതിലൊരു സ്കൂളാണ് അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന കണ്ടുകോടു വാർഡിലുള്ള ശങ്കരവിലാസം ഗവൺമെന്റ് ഹൈസ്കൂൾ. അദ്ദേഹം സ്ഥാപിച്ച മൂന്നു വിദ്യാലയങ്ങളും തന്റെ കാലശേഷം ഗവൺമെന്റിലേക്ക് ദാനമായി എഴുതികൊടുത്തിട്ടുള്ളതായും കാണുന്നു.

വിഷ ചികിൽസയിൽ അഗ്രഗണ്യനായ ശ്രീ. മുകളിൽ ആശാനും, ആയൂർവ്വേദ ചികിത്സയിൽ പ്രാവീണ്യം നേടിയ കാവുമ്പാട് വണ്ടിപ്പുര വൈദ്യനും, എരുമക്കുഴിയിലെ ഉമ്മിട്ടി ആശാനും, ഹോമിയോ ചികിത്സയിൽ ബിരുദമെടുത്ത് ചികിത്സനടത്തിയിരുന്ന കുടശ്ശനാട് രാമനാട്ടെ ശ്രീ. വർഗ്ഗീസും പഞ്ചായത്തിലെ അറിയപ്പടുന്ന വൈദ്യ ശ്രേഷ്ഠന്മാരായിരുന്നു.

ഏതൊരു നാടിന്റേയും സാംസ്കാരിക പുരോഗതിയിലും വളർച്ചയിലും ആരാധനാലയങ്ങൾക്കുള്ള പങ്ക് എടുത്തുപറയേണ്ടതു തന്നെയാണ്. അക്കാര്യത്തിൽ പഞ്ചായത്തിന് അന്നും, ഇന്നും അഭിമാനിക്കാൻ കഴിയുന്ന ഒരു പാരമ്പര്യം തന്നെയാണുള്ളത്.

പ്രകൃതിരമണീയമായ കരിങ്ങാലിച്ചാലിന് കിഴക്കേ കരയിൽ സ്ഥിതി ചെയ്യുന്ന കുടശ്ശനാട്ടെ തിരുമണി മംഗലം മഹാദേവർ ക്ഷേത്രം ഇതിനൊരു മകുടോദാഹരണമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ രണ്ടു ശ്രീകോവിലുകളും ഈ രണ്ടു ശ്രീകോവുകളിലുമായി ശിവനും, വിഷ്ണുവുമായി രണ്ടു പ്രതിഷ്ഠകളുമാണുള്ളത്. ഒരേ സമയം ഈ രണ്ടു ശ്രീകോവിലുകളിലും പൂജാതികർമ്മങ്ങൾ നടത്തിവരുന്നു. പുണ്യപുരാതനമായ ഇതുപോലുയുള്ള ക്ഷേത്രങ്ങൾ കേരളകരയിൽ വളരെ അപൂർവ്വമായിട്ടേ കാണുവാൻ കഴിയുകയുള്ളു. കൂടാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി രണ്ടും അതിൽ കൂടുതലും ദേവിക്ഷേത്രങ്ങളും, സുബ്രഹ്മണ്യ ക്ഷേത്രങ്ങളും, കാവും കുളവുമുള്ള നാഗരാജാ ക്ഷേത്രങ്ങളും, കുടുംബക്ഷേത്രങ്ങളും, മല നടകളും, ക്രിസ്തൃൻ പള്ളികളും, മുസ്ലീം ദേവാലയങ്ങളുമുണ്ട്. വർഷങ്ങളോളം പഴക്കമുള്ള ആദിക്കാട്ടുകുളങ്ങര മുസ്ലീം ദേവാലയവും, കാവുമ്പാട്ടുള്ള മുസ്ലീം ദേവാലയവും ചരിത്ര പ്രസിദ്ധങ്ങളാണ്.

1870ൽ സ്ഥാപിക്കപ്പെട്ട യാക്കോബായ ഓർത്തഡോക്സ് സഭയുടെ പരിശുദ്ധവും ചരിത്ര പ്രസിദ്ധവുമായ കുടശ്ശനാട്ടുള്ള വലിയ പള്ളിയും, 1944 ൽ സ്ഥാപിതമായ മലങ്കര കാതലിക് സഭയുടെ കുടശ്ശനാട്ടു തന്നെയുള്ള സെന്റ്

തോമസ് കാതലിക്ക് പള്ളിയും പ്രസിദ്ധിയും പേരുള്ള ദേവാലയങ്ങളുമാണ്. കൂടാതെ പത്താം മൈലിനു സമീപമുള്ള പള്ളിയും, പത്താം മൈലിനു പടിഞ്ഞാറുവശമുള്ള പള്ളിയും, പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്രിസ്ത്യൻ ആരാധനാലയങ്ങളാണ്.

ഈ ദേവാലായങ്ങളെല്ലാം തന്നെ പഴയകാലത്തിന്റെ മഹനീയമായ പൈതൃകങ്ങളും, മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും പുകഴ്പെറ്റ കേന്ദ്രങ്ങളുമായി സ്ഥിതി ചെയ്യുന്നു. ഈ ആരാധനാലയങ്ങളെല്ലാം തന്നെ നടക്കുന്ന ഉത്സവാദികർമ്മങ്ങളിൽ ജാതിമത ചിന്തകൾക്ക് അതീതമായി ഈ പ്രദേശത്തെ എല്ലാ ജനങ്ങളും ഒത്തൊരുമയോടെ പങ്കെടുക്കുന്ന കാഴ്ച അവിസ്മരണീയമാണ് ഈ പൈതൃകവും, ഐക്യവും കൂടുതൽ കൂടുതൽ ഊട്ടിഉറപ്പിച്ച് പഞ്ചായത്തിനെ അഭിവൃദ്ധിയിലേക്ക് നയിക്കാൻ കഴിയണം.

പഞ്ചായത്തിലെ കഴിഞ്ഞകാല രാഷ്ട്രീയ – സാമൂഹിക സാംസ്കാരിക, സന്നദ്ധ പ്രവർത്തകരെല്ലാം തന്നെ ആവരുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ കൂടി വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. അവരുടെ പ്രവർത്തനങ്ങളുടെ ഫലമായുള്ള നേട്ടങ്ങൾ ഉൾകൊള്ളുന്ന ഒരു ജനതയാണ് പഞ്ചായത്തിലുള്ളത്.

പത്തൊൻപത് നോവലുകളുൾപ്പടെ 22 കൃതികൾ പ്രസിദ്ധം ചെയ്തിട്ടുള്ള നൂറനാട് ശ്രീ. നൂറനാട് ഹനീഫ് ഈ പഞ്ചായത്തുകാരനാണ്. പഞ്ചായത്തിലൊട്ടാകെ ഇന്നുകാണുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും, ഉൽപ്പതിഷ്ണുക്കളും ദീർഘ വീക്ഷണമുള്ളവരുമായ മഹാരഥന്മാരാൽ സ്ഥാപിതമായതും പിന്നീട് ജനങ്ങൾക്കായി സംഭാവന ചെയ്തിട്ടുള്ളതുമാണ്. അവരെ സ്മരിക്കാതെ പഞ്ചായത്തിനു മുന്നോട്ടു പോകാൻ കഴിയുകയില്ല.

പഞ്ചായത്തിന്റെ ഹൃദയഭാഗത്ത്, കാവുമ്പാട്ടു സ്ഥിതി ചെയ്യുന്ന ഗവണ്മെന്റ് എൽ. പി. സ്കൂൾ ഇളയശ്ശേരി കുടുംബം സൗജന്യമായി നൽകിയിട്ടുള്ള സ്ഥലത്തും, പള്ളിക്കൽ എൽ. പി. സ്ക്കൂൾ, ശ്രീ രാമാനുണ്ണിത്താൻ സ്ഥാപിച്ചിട്ടുള്ളതും, ഉളവുക്കാട് വെൽഫയർ എൽ. പി. സ്ക്കൂൾ ഹരിജനായ ശ്രീ. കറമ്പനാൽ സ്ഥാപിക്കപ്പെട്ടതും, കഞ്ചുകോട്ടുള്ള ഹൈസ്ക്കൂൾ കുടശ്ശനാടു പുത്തൻവീട്ടിൽ ശ്രീ. ശങ്കരൻരാമൻ താങ്കൾളാൽ സ്ഥാപിക്കപ്പെട്ടതും എടുത്തു പറയത്തക്കതുമായ പഞ്ചായത്തിലെ സരസ്വതീ ക്ഷേത്രങ്ങളാണ് എരുമക്കുഴി സി. ബി. എം. ഹൈസ്കൂൾ കളീക്കൽ തെക്കതിൽ ശ്രീ. രാമൻപിള്ള അവർകളായും കുടശ്ശനാട് എൻ. എസ്സ്. എസ്സ്. ഹൈസ്കൂൾ കുടശ്ശനാട് പുത്തൻ വീട്ടിൽ ശ്രീ. രാമക്കുറുപ്പും, ആദിക്കാട്ടുകുളങ്ങര എൽ. പി. സ്കൂൾ, കുഴിയത്ത് ശ്രീ. കുഞ്ഞുകൃഷ്ണപിള്ള അവർകളാലും സ്ഥാപിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തിലെ സ്വകാര്യമേഖലയിലുള്ള വിദ്യാലയങ്ങളാണ്.

കൂടാതെ പയ്യനല്ലൂർ വെൽഫയർ എൽ. പി. സ്കൂളും പയ്യനല്ലൂർ എൽ. പി. സ്ക്കൂളും, ഹൈസ്കൂളും പ്രദേശവാസികളാൽ സ്ഥാപിക്കപ്പെട്ടതും ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളതുമായ വിദ്യാലയങ്ങളാണ്. ഉളവുക്കാട്ടെ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റർ എൻ. എസ്സ്. എസ്സ്. സംഭാവന നൽകിയ സ്ഥലത്തും, മറ്റപ്പള്ളി വാർഡിലുള്ള പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറി 25 സെന്റ് വഞ്ചീശ്വരത്ത് അഡ്വ: കെ. ആർ. ഗംഗാധരൻപിള്ള സംഭാവന ചെയ്ത സ്ഥലത്തുമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

പഞ്ചായത്തിൽ 1951–ൽ ആദ്യമായി വൈദ്യുതി എത്തിച്ചത് മറുതാവിളയിൽ ശ്രീ. കെ. ആർ. കേശവപിള്ളയാണെന്ന് കാണുന്നു.കഞ്ചുകോട് എൽ. പി. സ്കൂൾ, യു. പി. ആയും,, ഹൈസ്കൂളായും ഉയർത്തി തരുന്നതിന് എം. എൽ. എ ആയിരുന്ന ശ്രീ. പി. കെ. കുഞ്ഞച്ചനും, പഴകുളം – കുരുമ്പാല, പണയിൽ – ആനയടി, കുടശ്ശനാട്, തണ്ടാനുവിള എന്നീ മൂന്നു റോഡുകൾ എം. എൽ. എ സ്കീമിൽ ഉൾപ്പെടുത്തി പഞ്ചായത്തിനു ശ്രീ. വി. കേശവൻ എം. എൽ. എ. നൽകിയതിനാൽ വികസനപരമായി ഒരു മാറ്റം തന്നെ പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

1948 ൽ ശ്രീ. സി. ഭാർഗ്ഗവൻപിള്ള പ്രസിഡന്റായുള്ള വില്ലേജ് യൂണിയനായിരുന്നു പഞ്ചായത്തിന്റെ ആദ്യ ഭരണസമിതി. 1954 ശ്രീ. കെ. ഗോവിന്ദപിള്ള പ്രസിഡന്റായി ആദ്യത്തെ ജനകീയ ഭരണസമിതി നിലവിൽ വന്നു. തുടർന്ന് 1963 ൽ പുന്നക്കാകുളങ്ങര ശ്രീ. മാധവനുണ്ണിത്താൻ പ്രസിഡന്റായുള്ള ഭരണസമിതിയും 1979 ൽ ശ്രീ. കെ. ഗോവിന്ദപിള്ള പ്രസിഡന്റായുള്ള ഭരണസമിതിയും 1988 – ൽ ശ്രീ. പി. ആർ. കൃഷ്ണൻനായർ പ്രസിഡന്റായുള്ള ഭരണസമിതിയുമാണ് പഞ്ചായത്തിന്റെ മുൻകാല ഭരണസാരഥികൾ.

കഴിഞ്ഞകാല ഭരണസമിതികൾ അവർക്കുണ്ടായിരുന്ന അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് പഞ്ചായത്തിനെ പുരോഗതിയിലേക്കു നയിക്കുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ കൂടി അധികാരം ജനങ്ങളിലേക്ക് കൈമാറി തന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു പുത്തൻ വികസന സംസ്കാരം ജനപങ്കാളിത്തത്തോടെ ഊട്ടിവളർത്തി പഞ്ചായത്തിനെ പുരോഗതിയിലേക്ക് നയിയ്ക്കുന്നതിന പരിശ്രമിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ കൂടി അധികാരം ജനങ്ങളിലേക്ക് കൈമാറിതന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു പുത്തൻ വികസന സംസ്കാരം ജനപങ്കാളിത്തത്തോടെ ഊട്ടി വളർത്തി പഞ്ചായത്തിനെ പുരോഗതിയിലേക്ക് നയിക്കാൻ നമുക്ക് ഒത്തൊരുമിച്ച് മുന്നേറാനുള്ള പരിശ്രമത്തിലേർപ്പെടാം.

പോരായ്മകൾ ഏറെയുണ്ടെങ്കിലും പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം, പൂർണ്ണമല്ലെങ്കിൽ കൂടി സാമാന്യമായി പ്രതിപാദിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. മുൻകാല പ്രവർത്തനങ്ങൾ തപ്പിയും തടഞ്ഞും മുന്നോട്ടു പോകുമ്പോൾ കഴിഞ്ഞകാല പൈതൃകവും സാമൂഹ്യ രംഗങ്ങളിലുള്ള വളർച്ചയും നമ്മെ ചാരിതാർത്ഥ്യമുള്ളവരാക്കിയേക്കാം. പക്ഷേ ഉൽപ്പാദന മേഖല മുരടിച്ചു നിൽക്കുന്നു. തൊഴിലില്ലായ്മ തുടരുന്നു. കാർഷിക മേഖലയുടെ വളർച്ചയാണ് സാമ്പത്തിക വളർച്ച കൈവരിയ്ക്കാനുള്ള ഏകമാർഗ്ഗം. തൊഴിലില്ലായ്മ പരിഹരിക്കണം ഇഛാശക്തിയുള്ള യുവതലമുറയെ വാർത്തെടുക്കണം. എങ്കിൽ മാത്രമേ സംസ്കാരവും, നീതിനിഷ്ഠയുമുള്ള സമൂഹം കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂ. ഇവ പരിഹരിക്കാനുള്ള ഊർജ്ജം ഭൂതകാലത്തിൽ നിന്നും സമാഹരിക്കാനുള്ള ദൃഡവിശ്വാസത്തോടെ നമുക്ക് മുന്നേറാം.

PALAMEL VILLAGE UNION.

MINUTE BOOK

ഭൂപ്രകൃതി

ആലപ്പുഴജില്ലയുടെ കിഴക്ക് തെക്ക് ഭാഗത്തായി അക്ഷാംശം വടക്ക് 9° ,1' നും 9°, 6' നും, രേഖാംശം കിഴക്ക് 76°, 35 നും, 76°, 38' നും ഇടയിൽ പാലമേൽ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കാലാവസ്ഥ അടിസ്ഥാനത്തിൽ ആർദ്രത കൂടിയ ഉഷ്ണകാലാവസ്ഥയുള്ള തെക്കൻ ഇടദേശമെന്ന വിഭാഗത്തിലാണ് പാലമേൽ ഗ്രാമപഞ്ചായത്ത് പെടുന്നത്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

1. കുന്നിൻ പ്രദേശങ്ങൾ
2. ചരുവുകൾ
3. താഴ്വരകൾ
4. വെള്ളംകയറുന്ന പ്രദേശങ്ങൾ
5. നീർമറിപ്രദേശങ്ങൾ

പൊതുവേ ഭൂമിയുടെ ചരിവ് പടിഞ്ഞാറോട്ടാണ്. സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 50 മീറ്റർ ഉയരത്തിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള തോടുകളിലെ ജലം കരിങ്ങാലിൽ പുഞ്ചയിലെത്തി അച്ചൻകോവിലാറിലേക്കും, തെക്ക് ഭാഗംങ്ങളിലുള്ള തോടുകളിലെ ജലം തോട്ടുവ തോട്ടിലേക്കും ഒഴുകുന്നു. K.I.P. യുടെ പ്രധാന കനാൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ കുന്നുകളേയും കുത്തനെയുള്ള ചരിവുകളായും ഇടുങ്ങിയ താഴ്വരകളായും കാണപ്പെടുന്നു. താഴ്വാരങ്ങൾ കൂടുതലും നീർമറി പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗങ്ങൾ വർഷം മുഴുവനും വെള്ളം കെട്ടിക്കിടക്കുന്ന പുഞ്ചപ്രദേശങ്ങളാണ്.

മണ്ണിന്റെ ഘടന:-

മുകൾപ്പരപ്പ് കല്ലും മണ്ണും നിറഞ്ഞ ശരാശരി രണ്ടടി ഘനം വരുന്ന നീർവാർച്ചയുള്ള കൃഷിക്കനുയോജ്യമായ മണ്ണും, അതിനടിയിൽ വെട്ടുകല്ലും, കാട്ടുകല്ലുകളുമാണ്. ചില ഭാഗങ്ങളിൽ ചീക്കൽപാറകളും, കരിങ്കൽപ്പാറകളും കാട്ടുപാറകളും കണ്ടുവരുന്നു. കൂടാതെ തിട്ടമണ്ണ്, മണൽ പ്രദേശങ്ങൾ, എക്കൽ മണ്ണ് എന്നിവയും കണ്ടുവരുന്നു.

കാലാവസ്ഥ:-

വർഷത്തിന്റെ പകുതി ഭാഗം മഴയും പകുതിഭാഗം വേനലുമാണ്. മാർച്ചുമുതൽ മെയ് വരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. (കാലാവസ്ഥയെ സംബന്ധിച്ച് ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ലഭിച്ച ചാർട്ട് കാണുക)

മഴയുടെ അളവ് (മി. മീ)

വർഷം	Jan.	Feb.	Mar.	Apr.	May.	June.	Jul.	Aug.	Sep.	Oct.	Nov.	Dec.	Total
1981	15.0	5.2	11.2	45.6	192.2	866.0	461.6	432.2	484.8	287.8	268.4	16.2	3086.2
1982	–	–	74.0	54.4	149.7	638.6	338.2	380.6	46.0	232.0	218.0	34.0	2165.5
1983	–	–	–	61.0	159.4	205.6	438.6	551.2	309.5	75.4	122.2	78.4	2001.3
1984	127.4	86.2	88.6	257.0	169.4	461.2	410.4	163.8	290.6	153.2	199.0	7.8	2414.8
1985	169.4	6.2	61.0	78.0	353.2	842.0	369.6	184.0	176.2	142.8	138.2	157.0	2677.6
1986	–	8.2	24.8	151.2	97.6	407.4	234.4	301.6	211.0	294.0	206.4	411.0	1977.8
1987	9.0	–	2.0	70.2	247.8	574.4	111.6	368.8	155.4	379.2	146.4	408.0	2472.8
1988	–	29.0	123.0	182.0	153.0	496	522	590	633.2	89.0	362.0	28.0	3181
1989	12.6	–	16.6	208.2	185.0	662.0	236.9	357.0	309.0	263	156.8	45.0	2462
1990	–	–	11.0	13.0	563.6	408	564	292	121	293	381.6	12.0	2629.2
1991	–	–	56.0	146	96	1191.0	388	498	–	142	12	2	2431
1992	–	–	–	2.0	416	633	810	494.8	303	486	387	–	3531.8
1993	–	7	3	76	146	927	749	250	140	514	415	53	3280.4
1994	125	49	31	98	264	618	664	453.8	226	462	479.1	365	3834.9
1995	–	115	–	238	455	582	472.7	422	430	217	385.7	–	3317.4

അവലംബം ജില്ലാ കൃഷിത്തോട്ടം കൊച്ചാലുംമൂട്-മാവേലിക്കര

1990-94 ലെ ശരാശരി താപനില

വർഷം	താപനില	Jan	Feb.	Mar.	Apr.	May	Jun.	Jul.	Aug.	Sep.	Oct.	Nov.	Dec
1990	ഉയർന്നത്	22°c	24°c	27°c	23°c	20°c	26°c	23°c	21°c	23°c	27°c	25°c	21°c
	താഴ്ന്നത്	19°	17°	14°	13°	15°	18°	13°	14°	15°	13°	17°	11°
1991	ഉയർന്നത്	23°	29°	28°	24°	26°	27°	21°	22°	21°	25°	26°	24°
	താഴ്ന്നത്	18°	19°	16°	13°	17°	19°	14°	11°	10°	9°	16°	15°
1992	ഉയർന്നത്	24°	27°	29°	30°	26°	25°	27°	21°	22°	29°	21°	20°
	താഴ്ന്നത്	15°	14°	16°	19°	13°	14°	13°	11°	14°	19°	19°	9°
1993	ഉയർന്നത്	21°	23°	24°	21°	20°	17°	13°	12°	23°	25°	26°	17°
	താഴ്ന്നത്	14°	15°	13°	7°	8°	11°	9°	9°	14°	17°	11°	8°
1994	ഉയർന്നത്	24°	25°	19°	21°	21°	25°	21°	14°	18°	15°	11°	17°
	താഴ്ന്നത്	11°	9°	11°	16°	10°	16°	9°	7°	9°	5°	7°	8°

അവലംബം ജില്ലാ കൃഷിത്തോട്ടം കൊച്ചാലുംമൂട്, മാവേലിക്കര.

ക്രമ നമ്പർ	മാസം	ഉയർന്ന താപനില %	താഴ്ന്ന താപനില %	ശരാശി താപനില
1	Jan.	18%	15.5%	16.5%
2	Feb.	25%	14.8%	17%
3.	Mar.	24%	14%	17%
4.	Apr.	23%	13%	16%
5.	May	24%	13%	17%
6.	Jun.	24%	13%	17%
7	July.	21%	12%	15%
8	Aug.	22%	13%	16%
9	Sep.	24%	14%	16%
10	Oct.	23%	13%	16%
11.	Nov.	23%	13%	16%
12.	Dec.	22%	14%	16%

പ്രധാനപ്പെട്ട കൃഷികൾ നെല്ലും, തെങ്ങുമാണ് കൂടാതെ റബ്ബർ, വാഴ, കുരുമുളക്, കമുക്, വെറ്റിലക്കൊടി, പച്ചക്കറി, ഫല വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും കൃഷിചെയ്തുവരുന്നു.

കാലവർഷക്കാറ്റ് സാധാരണയായി കുറവാണെങ്കിലും ചില കാലാവസ്ഥകളിൽ കാറ്റുണ്ടാവുകയും ഫലവൃക്ഷാദികൾ നശിച്ചു പോകാറുമുണ്ട്.

കൃഷിയും ജലസേചനവും

പാലമേൽ പഞ്ചായത്തു മുഖ്യമായും കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ഒരു ഇടനാടുഗ്രാമപ്രദേശമാണ്. കുന്നിൻചരിവുകളും സമതലങ്ങളുമായിട്ടുള്ള കരപ്രദേശവും വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ നിലങ്ങളും അടങ്ങിയതാണ്. ഈ ഭൂവിഭാഗം, വർഷം മുഴുവനും വെള്ളക്കെട്ടായി കിടക്കുന്ന പുഞ്ചനിലമാണ് ഈ പഞ്ചായത്തിലെ പ്രധാന നെല്ലുൽപാദന മേഖല. ചെമ്മണ്ണ്, ചരൽ മണ്ണ്, തകിടി മണ്ണ് എന്നിവയാണു പ്രധാനമണ്തരങ്ങൾ ഓണാടൻ പ്രദേശങ്ങൾ പോലെയുള്ള മണൽ പ്രദേശവും ചെളി നിറഞ്ഞ എക്കൽ മണ്ണും മണലും നിറഞ്ഞ നീർമറി പ്രദേശവും ഉണ്ട്.

1. കാർഷിക ചരിത്രം

ശതാബ്ദങ്ങൾക്കുമുമ്പു മുതലെ ഇവിടെ കൃഷി വ്യാപിച്ചിരുന്നു. ആ കാലഘട്ടങ്ങളിൽ വിരലിൽ എണ്ണാവുന്നത്ര കുടുംബങ്ങളുടെ അധീനതയിലായിരുന്നു ഈ ഭൂപ്രദേശം. ഉടമ-അടിയാൻ ബന്ധം നിലനിന്നിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ജന്മിമാരിൽ നിന്നും കൃഷിഭൂമികൾ പാട്ടത്തിനെടുത്ത് കർഷകർ കൃഷിചെയ്തുവന്നിരുന്നു. 1928ലെ സെറ്റിൽമെന്റ് രേഖകൾ പ്രകാരം ഇവിടുത്തെ 77% പ്രദേശവും കൃഷി ഭൂമിയായിരുന്നു ബാക്കി പ്രദേശങ്ങൾ ചവറ്റുകാടായും ഇട്ടിരുന്നു. ഭൂവിസ്തൃതിയെ കാണിക്കുന്ന പട്ടിക ഒന്നു കാണുക.

ഇനം	സെറ്റിൽമെന്റ്	
	ഏക്കർ	സെന്റ്
ആകെ വിസ്തീർണ്ണം	6323	74
പുരയിടം	3771	36
നിലം	1097	29
പുറമ്പോക്ക്	305	63
തരിശ്	1149	46

നിലം കൃഷിതാരതമ്യേന കുറവായിരുന്നു. നെല്ലിനങ്ങളിൽ ചേറാടി ഒഴിച്ചുമറ്റുള്ളവ 10 മേനിയിൽ അധികം വിളയുകയില്ലായിരുന്നു. അന്നത്തെ കൃഷിവിളകളെ താഴെ പട്ടികയിൽ പെടുത്തുന്നു.

കൃഷി മേഖല 1930

നിലം കൃഷിക്കുപയോഗിച്ചിരുന്ന വിത്തിനങ്ങൾ	കരകൃഷികൾ
കറുത്തചുട്ടിയാരൻ	തെങ്ങ്
ചേറാടി	കമുക്
മുണ്ടകകുറുക	ചീനി
അതിക്കിരാഴി	ചേന
പടവെള്ള	ചേമ്പിനങ്ങൾ
ഒരവാള	ചെറുകിഴങ്ങ്
കൊച്ചുവിത്ത്	കരനെല്ല്
ഞവര (ഔഷധത്തിനായി ഉപയോഗിച്ചിരുന്നു)	പച്ചപ്പുല്ല്
	ചാമ
	കുരുമുളക്
	ഇഞ്ചി
	ഏത്തവാഴ
	പ്ലാവ്
	മാവ്
	മഞ്ഞൾ

കാളയും കലപ്പയും ഉപയോഗിച്ചു കൃഷിയിടം തയ്യാറാക്കി, ചാരം, ചാണകം, ചവറ്, കരിയില, കൊഞ്ചുപൊടി, ചാവ മുതലായവ ഉപയോഗിച്ച് കൃഷിചെയ്തിരുന്നു. പുരുഷന്മാരും സ്ത്രീകളും ജോലിയിൽ ഏർപ്പെട്ടിരുന്നു. പുരുഷന് 11/2 ഇടങ്ങഴി നെല്ലും സ്ത്രീക്ക് 1 ഇടങ്ങഴി നെല്ലും കൂലി ലഭിച്ചിരുന്നു. കൊയ്ത്ത് കൂലിയായി 22 കറ്റയ്ക്ക് ഒരു കറ്റയും മെതികൂലിയായി 15ന് 1 പതവും ലഭിച്ചിരുന്നു.

കർഷകർ വളരെ ദാരിദ്ര്യം അനുഭവിച്ചിരുന്നു. ചീനിയിലയും ചേമ്പിലയും മത്തയിലയും പയറിലയും ആഹാരമായി ഉപയോഗിച്ചിരുന്നു. ആരോഗ്യനില പൊതുവേ മോശമായിരുന്നില്ല.

തെങ്ങുകൃഷിക്കനുയോജ്യമായ മണൽ പ്രദേശങ്ങളിലും വീട്ടു പറമ്പിലും സാധാരണയായി തെങ്ങുകൃഷി ചെയ്തിരുന്നു. ഇവിടെയെല്ലാം കമുകും വച്ചു പിടിപ്പിച്ചിരുന്നു. കൃഷിയില്ലാത്ത പ്രദേശങ്ങളിൽ കന്നുകാലികളെയും ആടിനേയും കൂട്ടമായി അഴിച്ചുവിട്ടുമേയിച്ചിരുന്നു.

വൃക്ഷവിളകളുടെ വിവരണം

ഇനം	വൃക്ഷങ്ങളുടെ എണ്ണം	വിളസാന്ദ്രത
തെങ്ങ്	15913	5 എണ്ണം/2 ഏക്കർ
കമുക്		4 എണ്ണം/2 ഏക്കർ
പ്ലാവ്	4359	2 എണ്ണം/ 1 1/4 ഏക്കർ

അവലംബം സെറ്റിൽമെന്റു രജിസ്റ്റർ

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഭൂവിസ്തൃതിയിൽ 85% വും പണ്ടാരവക കൃഷി ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്തുപോന്നു. സെറ്റിൽമെന്റ് രേഖകൾ പ്രകാരം 217 പേർ നിലവും 727 പേർ പുരയിടവും 402 പേർ രണ്ടുംകൂടിയും പാട്ടത്തിനെടുത്ത് കൃഷിചെയ്തിരുന്നു. പാട്ടമായി ശരാശരി 20 പണം, 1 ചക്രം 4 കാശു (2 ബ്രിരു, 13 അണ 8 പൈസ) കൊടുത്തു വന്നിരുന്നു.

ഭൂമിയുടെ ഉടമസ്ഥത

ഉടമസ്ഥൻ	ഭൂവിസ്തൃതി		ശതമാന
	ഏക്കർ	സെന്റ്	കണക്കിൽ
പണ്ടാരവക	4128	70	85%
സർക്കാർ ദേവസ്വം	71	11	1.0%
ഊരാണ്മദേവസ്വം	194	62	40%
ബ്രഹ്മസ്വം കാണപ്പാട്ടം	290	34	60%
മാടമ്പിമാർ വക	96	92	20%
കരം ഒഴിവ്	96	96	20%

അവലംബം സെറ്റിൽമെന്റ് രജിസ്റ്റർ

2. പരിവർത്തനം

1950 ഓടുകൂടി നെൽകൃഷിയേക്കാൾ തെങ്ങുകൃഷി ആദായകരമായി തീർന്നു. കൂടുതൽ സ്ഥലങ്ങളിൽ തെങ്ങുകൃഷി ചെയ്യാൻ തുടങ്ങി. 1960 ആയപ്പോഴേക്കും തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനു സർക്കാരിൽ നിന്നും പ്രേത്സാഹനം ലഭിച്ചു തുടങ്ങി. പരമ്പരാഗത വളപ്രയോഗങ്ങൾ കൂടാതെ രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങി. കടലോരപ്രദേശങ്ങളിലെ തെങ്ങുകൾക്ക് രോഗം ബാധിക്കുകയും ഉത്പാദനം കുറയുകയും ചെയ്തു. നമ്മുടെ പ്രദേശങ്ങളിൽ ഈ സമയം രോഗം ബാധിച്ചു തുടങ്ങിയിരുന്നില്ല. ഇതും തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിച്ചു.

1950 മുതൽ 90 വരെയുള്ള കാലഘട്ടം പരിശോധിച്ചാൽ ഈ സമയങ്ങളിൽ കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായതായി കാണാം. കുടിയായ്മനിയമം, 1971-ലെ ഭൂപരിഷ്ക്കരണനിയമം എന്നിവ തരിശുഭൂമികൾ കൃഷി ഭൂമികളാക്കി മാറ്റി. നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുകയും പുതിയ റോഡുകൾ വെട്ടുകയും ചെയ്തതുമൂലം പുറംപോക്ക് ഭൂമിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായി.

ഭൂവിസ്തൃതിയിൽ വന്നമാറ്റം				
ഇനം	സെറ്റിൽമെന്റ്		റീസർവ്വേപ്രകാരം	
	ഹെക്ടർ	ആർ	ഹെക്ടർ	ആർ
ആകെ				
വിസ്തീർണ്ണം	2560	22	2578	75
പുരയിടം	1526	86	1867	76
നിലം	444	25	440	67
പുറമ്പോക്ക്	123	73	270	32
തരിശ്	465	37	-	-

അവലംബം വില്ലേജാഫീസ് റിക്കാർഡ്

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസാന്ദ്രത ച:കി: മീറ്ററിന് 1144 ആണ്. പാർപ്പിട സാന്ദ്രത 366 ആണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യയും തദ്വാര പാർപ്പിട നിർമ്മാണത്തിലുള്ള വർദ്ധനവും കാരണം ഭൂമി തുണ്ടുതുണ്ടായി മാറുന്നതിനും കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നതിനും ഇടയാകുന്നു. കുറഞ്ഞുവരുന്ന ഭൂവിസ്തൃതിയും കാർഷിക വിളകളുടെ ഉൽപ്പാദനക്കുറവും ഭക്ഷ്യപ്രശ്നം രൂക്ഷമാക്കുന്നു. ജനസംഖ്യയുടെ 67% പേർക്കുമാത്രമാണ് സ്വന്തമായി ഭൂമിയുള്ളത്. ഉതിൽ 59% പേർക്കു 10 സെന്റിൽ താഴെമാത്രമാണുള്ളത്.

3. ഉൽപ്പാദനക്ഷമത

നെൽ കൃഷി ആദായകരമല്ലാതായി. നിലങ്ങളിൽ പച്ചക്കറികൃഷി വാഴ, വെറ്റില മുതലായ കൃഷിചെയ്യുന്നു. അങ്ങിങ്ങായി നിലങ്ങൾ നികത്തി വീടുകൾ വയ്ക്കുകയും ചെയ്യുന്നു.

തെങ്ങിനു രോഗം ബാധിച്ചതിനാൽ ആദായം കുറഞ്ഞു. കൃഷിഭവൻ രേഖകൾ പ്രകാരം പാലമേൽ പഞ്ചായത്തിൽ 1995-ൽ 133817 തെങ്ങുണ്ട്. 44% തെങ്ങുകളും രോഗം ബാധിച്ചവയാണ്. തെങ്ങിൻ തോപ്പുകൾ റബ്ബർ തോട്ടങ്ങൾക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു.

നൂറ്റാണ്ടിന്റെ തുടക്കം മുതലെ മനുഷ്യന്റെ ഒരു പ്രധാന ഭക്ഷ്യവസ്തുവായിരുന്ന മരച്ചീനികൃഷി നാമമാത്രമായി കുറഞ്ഞിരിക്കുന്നു. ഭൂവിനിയോഗത്തിൽ വന്ന മാറ്റം മൂലവും എലിശല്യം കാരണവും മരച്ചീനികൃഷി കുറഞ്ഞു.

പച്ചക്കറികൃഷി അങ്ങിങ്ങായി കൃഷി ചെയ്യുന്നുണ്ടെങ്കിലും വ്യാപകമായിട്ടില്ല. ഇന്നു സർവ്വസാധാരണമായി ഉപയോഗിക്കുന്ന പച്ചക്കറിക്കുവേണ്ടി അയൽ സംസ്ഥാനത്തെ ആശ്രയിക്കുന്നതുമൂലം നമ്മുടെ സാമ്പത്തിന്റെ ഒരു ഭാഗം അയൽ സംസ്ഥാനത്തേക്ക് പോകുന്നു. പച്ചക്കറികൃഷി വ്യാപിപ്പിക്കേണ്ടതാണ്. അതോടൊപ്പം മറ്റുഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനവും വർദ്ധിക്കേണ്ടതാണ്.

വിള വിസ്തീർണ്ണവും ഉൽപാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
നെല്ല് (ഒന്നാം വിള)	295	620	2.10
നെല്ല് (രണ്ടാം വിള)	295	635	2.15
നെല്ല് (മൂന്നാം വിള)	130	300	2.30
പയർ	25	18	0.72

എള്ള്	25	5.50	0.22
പച്ചക്കറികൾ			
:മഴക്കാലം	20	3.20	0.16
വേനൽക്കാലം	15	2.10	0.14
മഞ്ഞുകാലം	30	5.30	0.18
തെങ്ങ് :			
നനയ്ക്കുന്നത്	40	192000	4800
നനയ്ക്കാത്തത്	1130	3616000	3200
വാഴ :			
നനയ്ക്കുന്നത്	35	532	3.32
നനയ്ക്കാത്തത്	135	"	"
മരച്ചീനി	900	17756	19.7
കുരുമുളക്	35	9	0.25
കശുമാവ്	32	28	0.87
മാവ്	25	80	3.20
റബ്ബർ	195	107	0.55
കമുക്	5	8	1.60
ഇഞ്ചി	30	95	3.16
പൈനാപ്പിൾ	1	9	9.00
മഞ്ഞൾ	5	80	16.00

അവലംബം : കൃഷിഭവൻ

റബ്ബർ കൃഷി വ്യാപിച്ചുകൊണ്ടിരിക്കുന്നു. ന്യായമായ വിലയും നല്ല ഡിമാന്റും റബ്ബർ കൃഷിയെ ആകർഷകമായ നാണ്യവിളയായി മാറ്റിയിരിക്കുന്നു. ഇതു ദേശീയ ഉൽപ്പാദന ക്ഷമതയേക്കാൾ കുറഞ്ഞിരിക്കുന്നു. വാഴയുടെ ഉൽപ്പാദനക്ഷമത ദേശീയ ഉൽപാദന ക്ഷമതയുടെ (7.59 Mt/H) പകുതിപോലുമില്ല. വാഴകൃഷിയോടു ശാസ്ത്രീയ സമീപനം ഉണ്ടാവണം. പ്രകൃതിക്ഷോഭങ്ങൾ കാരണം വിളകൾ നശിക്കാറുണ്ട്. മതിയായ ദുരിതാശ്വാസം ലഭിക്കുന്നില്ല.

കോൾനിലം

പാലമേൽ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ നെല്ലുൽപാദനമേഖലയാണ് കരിങ്ങാലിച്ചാൽ പുഞ്ചപ്രദേശം. പാലമേൽ, പന്തളം, നൂറനാട് എന്നീ പഞ്ചായത്തുകളിലായി ഇതു വ്യാപിച്ചു കിടക്കുന്നു. ഉദ്ദേശം 5000 ഏക്കറുള്ള ഈ പാടശേഖരത്തിന്റെ ഭൂരിഭാഗവും ഈ പഞ്ചായത്തിലെ 7, 8, 9 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. പമ്പിംഗ് നടത്തിയാണ് ഇവിടെ കൃഷിചെയ്യുന്നത്. ഡിസംബർ അവസാനത്തോടുകൂടിയാണ് ഇവിടെ പമ്പിംഗ് തുടങ്ങുന്നത്. അതുകൊണ്ട് ഏപ്രിൽ മേയ് മാസങ്ങളിൽ മാത്രമെ വിളവെടുക്കാൻ കഴിയുകയുള്ളൂ. ഈ സമയങ്ങളിൽ കരപ്രദേശങ്ങൾ കുടിവെള്ളത്തിനും കൃഷി ആവശ്യത്തിനുമായി K.I.Pകനാൽ തുറന്നു വിടുകയും അതിൽ നിന്നും വരുന്ന അധികജലം ഈ പുഞ്ചപ്രദേശത്തു ശേഖരിക്കപ്പെടുകയും ചെയ്യുന്നു. ഒരു ഇടമഴവന്നാൽ ആ മഴവെള്ളവും കനാൽ വെള്ളവും ചേർന്ന് വിളഞ്ഞു കിടക്കുന്ന നെല്ലിനു ഭീഷണിയാകുന്നു. കൂട്ടത്തിൽ വൈദ്യുതി തകരാറുകൂടി ആയാൽ വിള മുങ്ങിയതുതന്നെ. ഈ അനുഭവങ്ങൾ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. പി.ജെ.കുര്യനും ബഹുമാനപ്പെട്ട MLA ശ്രീ. V കേശവനും ഈ സ്ഥലം സന്ദർശിക്കുകയും കർഷകരുടെ പ്രയാസങ്ങൾ മനസ്സിലാക്കി കരിങ്ങാലി ചാൽ പദ്ധതിയ്ക്ക് രൂപം ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതുവരെയും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല.

ചരേത്തുമുക്കിൽ വന്നു നിൽക്കുന്ന നൂറനാട് പന്തളം റോഡ് അവിടെ നിന്നും 500 മീറ്റർ അപ്പുറത്ത് വന്നു നിൽക്കുന്ന മുക്കത്തു റോഡിൽ ബണ്ടിട്ട് മുട്ടിക്കുകയും ചാൽ ഭാഗത്ത് ഒരു റഗുലേറ്റർ സ്ഥാപിക്കുകയും ചെയ്താൽ കർഷകരുടെ ഇന്നുള്ള കഷ്ടനഷ്ടങ്ങൾക്കും പ്രയാസങ്ങൾക്കും ഒരു പരിഹാരമുണ്ടാവുകയും നൂറനാട്, പാലമേൽ, പന്തളം നിവാസികളുടെ ആഗ്രഹം സഫലീകൃതമാവുകയും ചെയ്യുന്നതാണ്. ഈ ഭാഗത്ത് 40 HP ന്റെ ഒരു മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ വെള്ളപ്പൊക്കം ഭീഷണിയാകുന്നതല്ല. അങ്ങനെ കരപുഞ്ചകൾ ഇരുപ്പൂവാക്കി മാറ്റുന്നതിനും നമ്മുടെ ഭക്ഷ്യകമ്മി ഒരു പരിധിവരെ പരിഹരിക്കുന്നതിനും കഴിയും.

5. വിളകളുടെ രോഗങ്ങൾ

വിള	കീടങ്ങൾ	രോഗങ്ങൾ
നെല്ല്	ഓലചുരുട്ടിപ്പുഴു, , തണ്ടുതുരപ്പൻ ഗാളിമുഞ്ഞ, കുഴൽപ്പുഴു, ചാഴി, കരവണ്ട്, പച്ചതുള്ളൻ, പട്ടാളപ്പുഴു.	കുലവാട്ടം, പോളരോഗം, തണ്ടുണക്കം, ഇലകരിച്ചിൽ പുളിക്കുത്ത്,
തെങ്ങ്	കൊമ്പൻചെല്ലി, ചെമ്പൻ ചെല്ലി ഓലപ്പുഴു.	കൂമ്പുചീയൽ, ഓലചീയൽ, കാറ്റുവീഴ്ച, ചെന്നീരൊലിപ്പ്
ഏത്തവാഴ	മാണപ്പുഴു	കുറുനാമ്പുരോഗം സിഗാട്ടോഗ (ഇല മഞ്ഞളിച്ചു കരിയുക)
കുരുമുളക്	പൊള്ളുവണ്ട്	വാട്ടുരോഗം
പച്ചക്കറികൾ	എമ്മിലാക്കിനാ വണ്ടിന്റെ ആക്രമണം	വാട്ട രോഗം, മൊസൈക്ക് രോഗം
ഇഞ്ചി	തണ്ടുതുരപ്പൻ	മുട്ടു ചീയൽ
റബ്ബർ	ശൽക്കകീടങ്ങൾ	പിങ്കുരോഗം, പട്ടമരവിപ്പ് ഇലകൊഴിച്ചിൽ

6. മണ്ണിന്റെ ഫലഭൂയിഷ്ഠത

മണ്ണിന്റെ ഫലഭൂയിഷ്ഠത അതിൽ അടങ്ങിയിരിക്കുന്ന ധാതുലവണങ്ങളുടെയും മണ്ണിന്റെ അമ്ല-ക്ഷാര സ്വഭാവത്തേയും ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നടത്തിയ മണ്ണു പരിശോധനയുടെ വാർഡുതല വിവരണം പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

മണ്ണുപരിശോധനയുടെ വാർഡുതല വിവരണം

വാർഡിന്റെ പേര്	സാമ്പിളിന്റെ എണ്ണം					ആവറേജ്
	1992	1993	1994	1995	1996	
പയ്യനല്ലൂർ	75	65	40	48	50	4.9
പള്ളിക്കൽ	75	65	40	48	50	4.8
പണയിൽ	75	65	40	48	50	5.0
എരുമക്കുഴി	75	65	40	48	50	5.1
മുതുകാട്ടുകര	75	65	40	48	50	4.9
കാവുംപാട്	75	65	40	48	50	4.8
ഉളവുക്കാട്	75	65	40	48	50	4.8
മറ്റപ്പള്ളി	75	65	40	48	50	4.7
കുടശ്ശനാട്	75	65	40	48	50	4.9
കഞ്ചുകോട്	75	65	40	48	50	5.0
ആദിക്കാട്ടുകുളങ്ങര വടക്ക്	75	65	40	48	50	4.7
ആദിക്കാട്ടുകുളങ്ങര തെക്ക്	75	65	40	48	50	4.9

അവലംബം : കൃഷി ഭവൻ രേഖകൾ

PH മൂല്യം 4.70 മുതൽ 5.1 വരെ ആവശ്യമായ PH മൂല്യം 4.70 അമ്ലാംശം കുറഞ്ഞതിന് ആവശ്യമായ തോതിൽ കുമ്മായം ചേർക്കണം.

7. മണ്ണു സംരക്ഷണം

മണ്ണ് അമ്മയാണ്.

അമ്മയെ സ്നേഹിയ്ക്കൂ; സംരക്ഷിയ്ക്കൂ !

ചെറിയ കുന്നുകളും നീണ്ട ചരിവുകളും ഇടുങ്ങിയ സമ തലപ്രദേശവുമടങ്ങിയ നമ്മുടെ കൃഷി ഭൂമിയിൽ മണ്ണൊലിപ്പു വളരെ അനുഭവപ്പെടുന്നു. എല്ലാ വാർഡുകളിലും മണ്ണൊലിപ്പുണ്ടെങ്കിലും VII, VII, X വാർഡുകളിൽ കൂടുതലായി അനുഭവപ്പെടുന്നു. കാര്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിട്ടില്ല. ഈ പഞ്ചായത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക –10

മണ്ണു സംരക്ഷണം

ക്രമനമ്പർ പദ്ധതിയുടെ പേര് പദ്ധതിപ്രദേശ വിസ്തീർണ്ണം പദ്ധതിപ്രദേശത്തെ നീർചാലുകളുടെ നീളം അടങ്കൽ തുക മൊത്തംഗുണഭോക്താക്കൾ പദ്ധതി ആരംഭിച്ച വർഷം പൂർത്തിയായ വർഷം സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം പ്രയോജനം ലഭിച്ച ഗുണകതാക്കൾ ചെലവായ തുക മറ്റു കാര്യങ്ങൾ

Year	Jan	Feb	Mar	Apr	May	June	Jul	Aug	Sep	Oct	Nov	Des	Total
1981	15.0	5.2	11.2	45.6	192.2	866.0	461.6	432.2	484.8	287.8	268.4	16.2	3086.2
1982	-	-	74.0	54.4	149.7	638.6	338.2	380.6	46.0	232.0	218.0	34.0	2165.5
1983	-	-	-	61.0	159.4	205.6	438.6	551.2	309.5	75.4	122.2	78.4	2001.3
1984	127.4	86.2	88.6	257.0	169.4	461.2	410.4	163.8	290.6	153.2	199.0	7.8	2414.8
1985	169.4	6.2	61.0	78.0	353.2	842.0	369.6	184.0	176.2	142.8	138.2	157.0	2677.6
1986	-	8.2	24.8	151.2	97.6	407.4	234.4	501.6	211.0	294.0	206.4	411.0	1977.8
1987	9.0	-	2.0	70.2	247.8	574.4	111.6	368.8	155.4	379.2	146.4	408.0	2472.8
1988	-	29.0	123.0	182.0	153.0	496.0	522.0	590.0	633.2	89.0	369.0	28.0	3181.0
1989	12.6	-	16.6	208.2	185.0	662.0	236.9	357.0	309.0	263.0	156.8	45.0	2462.0
1990	-	-	110.0	13.0	563.6	408.0	564.0	292.0	121.0	293.0	381.6	12.0	2629.2
1991	-	-	56.0	146.0	96.0	1191.0	388.0	498.0	-	142.0	12.0	2.0	2431.0
1992	-	-	-	2.0	416.0	633.0	810.0	494.8	303.0	486.0	387.0		3531.8
1993	-	7.0	3.0	76.0	146.0	927.0	749.0	250.0	140.0	514.0	415.0	53.0	3280.0
1994	125.0	49.0	31.0	98.0	264.0	618.0	664.0	453.8	226.0	462.0	479.1	365.0	3834.9
1995	-	115.0	-	238.0	455.0	582.0	472.7	422.0	430.0	217.0	385.7	-	3317.4

സോയിൽ കൺസർവേഷൻ സിക്കീം. ''മറ്റപ്പള്ളി'' സോയിൽ കൺസർവേഷൻ സ്കീം ''തണ്ടാനുവിള''
നേരിട്ടു സംരക്ഷണം അർഹിക്കുന്ന വിസ്തീർണ്ണം = 3. 096 ഹെ.
പരോക്ഷമായ പ്രയോജനപ്പെടുന്ന വിസ്തീർണ്ണം = 10.00 ഹെ.
Rs. 200000/ Rs. 225100/-
39 എണ്ണം 14 എണ്ണം
24.8.95 21. 3. 94
തുടരുന്നു 3/95
നേരിട്ടുള്ള സംരക്ഷണം ലഭിച്ചത് 1.224 ഹെ.
പരോക്ഷമായി സംരക്ഷണം ലഭിച്ച ഭൂമി = 4.00 ഹെ. 1.30 ഹെക്ടർ
7 എണ്ണം 14 എണ്ണം
Rs. 68725/- 223615/-
ഈ പദ്ധതിയുടെ അ്ടങ്കൽ തയ്യാറാക്കിരിക്കുന്നത് 1992 ലെ റേറ്റനുസരിച്ചാണ്7/96ലെ പുതുക്കിയ റേറ്റു പ്രകാരം അംഗീകാരം കിട്ടിയ കഴിഞ്ഞാൽ പദ്ധതി പൂർത്തീകരിക്കുന്ന താണ്. എസ്റ്റിമേറ്റു പ്രകാരമുള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

10. ജലസേചനസൗകര്യങ്ങൾ

പാലമേൽ പഞ്ചായത്തിലെ പ്രധാന ജലസേചന സ്രോതസ്സുകൾ 27 ജലസേചന തോടുകളും 33 ജലസേചന കുളങ്ങളുമാണ്. ഈ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിൽ കൂടിയും K.I.P. കനാൽ കടന്നു പോകുന്നു. നാണ്യ വിളകളെകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ പദ്ധതി പ്രധാന ജലസേചന പദ്ധതിയാണ്. ഭക്ഷ്യവിളകളെയും നാണ്യവിളകളെയും പൊതുവേ ഉദ്ദശിച്ച്കൊണ്ടുള്ളതാണ്.

ഈ പഞ്ചായത്തിന്റെ ഒരു അനുഗ്രഹമായ ജല സ്രോതസ്സുകൂടിയാണിത്. കുടിവെള്ള പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുന്നതിനു ഇതു സഹായിക്കുന്നു. എന്നാൽ ശരിയായ രീതിയിൽ ജല നിർഗമന നിയന്ത്രണം നടത്തി ഉപയുക്തമായ രീതിയിൽ ജലസേചനം നടത്തുത്തുന്നില്ല.

എന്നതു ഒരു പോരായ്മയാണ്. ജലനിർഗമന നാളികളിലൂടെ ജലം നിയന്ത്രിച്ച് ആവശ്യമുള്ള സമയങ്ങളിൽ ജല സേചനം നടത്തുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ഊറ്റു വെള്ളം ഒഴിച്ചുവിടുന്നതിനുള്ള സൗകര്യങ്ങൾക്കൂടി ചെയ്യണം.

ഈ പഞ്ചായത്തിൽ ജലസേചന സംവിധാനങ്ങൾ 432 കിണറുകളും 32 കുളങ്ങളും കെ. ഐ. പി. കനാലുകളുമാണ്. ഇവയിൽക്കൂടി ഇന്നു ജലസേചനം നടത്തുന്ന ഭൂ വിഭാഗങ്ങൾ ഇപ്രകാരമാണ്.

കിണർ 432 ആയക്കെട്ട് 90 ഹെക്ടർ
കുളം 32 '' 80 ഹെക്ടർ
കനാൽ '' 265 ഹെക്ടർ
ജലസേചന കുളങ്ങളുടെയും തോടുകളുടെയും വിവരണം താഴെ പട്ടിക 11, 12 എന്നിവയിൽ കൊടുക്കുന്നു.

പട്ടിക – 1

ജലസേചനകുളങ്ങളുടെ വാർഡുതലവിവരണം

വാർഡു നമ്പർ	ക്രമ നമ്പർ	കുളത്തിന്റെ പേര്
I	1	മുങ്ങിനാൽകുളം
	2	മണ്ടത്തുകുളം
	3.	മാധവശ്ശേരിൽകുളം
II	4.	വല്യവീട്ടിൽകുളം
	5.	വടക്കേകെളീയ്ക്കൽ കുളം
III.	6.	പുത്തൻകുളം
	7.	കൊയ്പള്ളികുളം
	8.	ചരിഞ്ഞയ്യത്തുകുളം
	9.	പൂവാത്താളികുളം
IV		
	10.	ഇലവന്തികുളം
	11.	ആക്കനാട്ടുകുളം
V.		
	12.	കുമ്പഴകുളം
	13.	നമ്പ്യാതികുളം
	14.	കാല്ലന്റെ വടക്കേകുളം
	15.	കാടന്തുറികുളം
	16.	വട്ടത്തേരിൽകുളം
VI.		
	17.	കല്ലുകുളം
	18.	മുണ്ടയ്ക്കൽ കുളം
	19.	ചങ്ങാരപ്പള്ളി കുളം
	20	ചങ്ങാരപ്പള്ളി വടക്കേകുളം
	21.	ആശ്രമത്തിന്റെ തെക്കേകുളം
	22.	കുരുമ്പോലിൽകുളം വാർഡ് 8
	23.	കളീയ്ക്കൽ കുളം
	24.	കല്ലുകുളം
	25.	മൈലിക്കര കുളം വാർഡ് VIII
VIII.		
	26.	കാരിമുക്കത്തു കുളം
	27.	കല്ലുമലകാര കുളം
	28.	കുരുമ്പോലിൽകുളം
	29.	കളീയ്ക്കൽ കുളം
IX.		
	30.	അണികുന്നത്തു കുളം
	31.	ആമാട്ടുമൂല കുളം
	32.	കല്ലുകുളം
X.		
	33.	പൊന്മാൻചിറകുളം
	34.	പാണ്ടിക്കുളം (പുതുക്കുളം)

പട്ടിക – 12

വാർഡ്	ക്രമ നമ്പർ	തോടുകൾ
I.	1	കുറ്റിപ്ലാവിൽ മുക്കു മുതൽ പടിഞ്ഞാറോട്ടു ചൂരലിൽ വയൽ വരെ
	2.	മുങ്ങിനാൽ മുക്കു മുതൽ ചൂരലിൽ വയൽ വരെ
II.	3.	ആറാട്ടുചീറ മുതൽ ചുടുകാട്ടിൽ പടിഞ്ഞാറുവരെ
	4.	വടക്കേ കളീയ്ക്കൽ മുക്കു മുതൽ പ്ലാന്തോട്ടത്തു ഏലാവരെ
	5.	ചിറയിൽ ഏലമുതൽ കിഴക്കോട്ട്.
III.	6.	അട്ടത്തോട് ഏലാമുതൽ നങ്ങാരയ്ക്കൽ ഏലാവരെ
	7.	പണയിൽ ചിറ മുതൽ കിഴക്കോട്ട് ചൂരൻവയൽ വരെ
	8.	പുത്തൻകുളം മുതൽ മങ്ങാരയ്ക്കൽ ഏലാവരെ
IV.	9.	ആശാൻകലുങ്ക് മുതൽ എലവന്തികുളം, വഴി കൊട്ടക്കാട്ടുതറ ഏലവരെ.
	10.	കരിപ്പുറത്തുമുക്കു മുതൽ കണിയാവടക്കതിൽ ഏലാ വരെ
	11.	ആക്കനാട്ടുകുളം മുതൽ കിഴക്കോട്ട് വടക്കേയറ്റത്തിൽ ഏലവരെ
V.	12.	ഇടിഞ്ഞകുഴി മുതൽ കുറവൻകുഴി ഏലവരെ
	13.	കൊച്ചുതുണ്ടിൽ വിള മുതൽ കരിങ്ങാലിൽച്ചാൽ വരെ
	14.	ചങ്ങാരപള്ളിച്ചിറ വഴി കരിങ്ങാലിൽച്ചാൽ വരെ
	15.	ചെറുവള്ളി വടക്കുവശം മുതൽ തുണ്ടിൽ പടിഞ്ഞാറുവശം
VI.	16.	പുളിവേലികുളങ്ങര മുതൽ പൊയ്ക കൊല്ലാവരെ കരതോട്
	17.	പനയ്ക്കൽ മുക്കു മുതൽ കാരിമുക്കത്ത് വരെ
	18.	കാരിമുക്കത്ത് കുളം മുതൽ പടിഞ്ഞാറോട്ടുകര തോട്
	19.	മണക്കാട്ടു മുക്കു മുതൽ തെക്കോട്ടു കുന്നേത്തേത്തു മുക്കു വരെ
VIII.	20.	താനുവേലിൽ മുക്കു മുതൽ പുളിവേലികുളങ്ങര വരെ
	21.	മുകളുന്നപറത്തുമുക്കു മുതൽ മാവിളമുക്ക് വരെ
	22.	കമ്പോലിൽ ആശ്രമം മുക്കു മുതൽ പുള്ളിവേലികുളങ്ങര പുഞ്ചവരെ
	23.	തലക്കോട്ടു മുക്കു വടക്കോട്ടു പുഞ്ചവരെ
	24.	കുറത്തിയാട്ട് കുഴി മുക്കു മുതൽ വടക്കോട്ടു പുഞ്ചവരെ
IX.	25.	കാരിമുക്കത്ത് മുക്കു മുതൽ മണത്തറ വരെ
	26.	ചിറയിൽഭാഗം മുതൽ കാവിനാൽപടി വരെ
	27.	കൈതക്കോട് മുതൽ കാവിനാൽ പടി വരെ
	28.	ഞവരക്കുന്ന് മുതൽ കരിത്താലി പുഞ്ച വരെ
	29.	മുക്കത്തു കൊല്ലാ മുതൽ പാപ്പാടി കൊല്ലാ വരെ
	30.	അണികുന്നത്തു കുളം മുതൽ പടിഞ്ഞാറോട്ടുകര തോട്
	31.	തേവിരേത്തു മുക്കു മുതൽ കരിങ്ങാലിച്ചാൽ പുഞ്ചവരെ
	32.	കോരമുക്കു മുതൽ ഇടിഞ്ഞിറ മൂലവരെ
	33.	ചെറുനാമ്പിൻ കാവിനാൽപടി വരെ
X.	34.	ആമകോട്ടു മുക്കു മുതൽ കാവിനാൽ പടിവരെ
XI.	35.	പൊൻമാൻചിറമുതൽ തെക്കോട്ടു ആദിക്കാട്ടുകുളങ്ങര വരെ
	36.	പണിക്കരയ്യത്ത് മുക്ക് മുതൽ വടക്കോട്ടു ആലത്തിനാൽ വരെ
	37.	ചായക്കാരയ്യത്ത് ഏലാ മുതൽ കരിമ്പിൻതറ വഴി കരിങ്ങാലിചാൽ വരെ
	38.	കരിപ്പുറം മുക്കുമുതൽ താഴത്തതിൽമുക്ക് വഴി ചൂരൽ വയൽ വരെ
	39.	കാർഷിക ബന്ധങ്ങൾ

കർഷകരും കർഷക തൊഴിലാളികളും തമ്മിലുള്ള പരസ്പര സഹകരണത്തിലും ധാരണയിലും കൂടി മാത്രമെ കാർഷിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി ചെയ്യുന്നതിനു സാധിക്കുകയുള്ളു. ഈ പഞ്ചായത്തിലെ കർഷകരും കർഷകതൊഴിലാളികളും ഉൾപ്പെട്ട കാർഷിക ജനസംഖ്യാനിരക്ക് 1991 ലെ സെൻസസ്പ്രകാരം പട്ടിക 13 ൽ കൊടുക്കുന്നു.

പട്ടിക 13
തൊഴിലാളികളും കർഷകരും

ഇനം	പ്രധാന തെഴിലാളികൾ	കർഷകർ	കർഷക ത്തൊഴിലാളികൾ
പുരുഷൻ	6570	2250	1663
സ്ത്രീ	1490	71	463
ആകെ	8060	2321	2126

അവലംബം – 1991 ലെ സെൻസസ്സ് രോഖകൾ

കൈവശമുള്ള ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കൃഷി ക്കാരെ മൂന്നായിതിരിക്കാം.

പട്ടിക 14

ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷകർ (കൃഷിഭവൻ രേഖകൾ – 1995)

ക്രമ നമ്പർ	ഭൂപരിധി	കർഷകരുടെ എണ്ണം	ശതമാനം
1.	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	4275	82.48
2.	ചെറുകിട കർഷകർ (1 ഹെ. മുതൽ 2. ഹെ. വരെ)	850	16.40
3.	വൻകിട കർഷകർ (2 ഹെ. മുകളിൽ)	8	1.12
ആകെ		5183	

പഞ്ചായത്തിന്റെ ആളോഹരി കൃഷിഭൂമി 19.35 സെന്റാണ് സംസ്ഥാനത്തിന്റേത് 17.22 സെന്റും

കാർഷിക മേഖലയിലെ ഇന്നത്തെ പ്രധാന പ്രതി സന്ധി കർഷകതൊഴിലാളികളെ കിട്ടുന്നില്ല എന്നതാണ്. ഭൂരിപക്ഷം തൊഴിലാളികളും കെട്ടിട നിർമ്മാണ മേഖലയിലും സ്വയം തൊഴിലിലും ഏർപ്പെട്ടിരിക്കുന്നു.

തൊഴിലാളികളുടെ ദൗർലഭ്യം കൂലി വർദ്ധനയ്ക്കിട യാക്കുന്നു. ഇന്നു കാർഷിക തൊഴിൽ മേഖലയിലുള്ള കൂലി നിരക്ക് താഴെ പട്ടികപ്പെടുത്തുന്നു.

പട്ടിക 15
കൂലിനിരക്കുകൾ

തൊഴിൽ മേഖല	കൂലിനിരക്ക് പുരുഷൻ (രൂ.)	(സ്ത്രീ രൂ.)
കിളയ്ക്കൽ	100	–
ഞാറുപറിയ്ക്കൽ,	–	60
ഞാറു നടീൽ,	–	60
കളപറിയ്ക്കൽ,	–	60
വളമിടൽ	100	
വരമ്പുവെട്ട്	120	–
കാളപൂട്ടൽ	150	–
കീടനാശിനി തളിയ്ക്കൽ (പമ്പ് ഒന്നിന് 1 മണിക്കൂർ)	5. 00	–
കൊയ്ത്തു മെതി	1/7 പതം	1/7 പതം
തേങ്ങയിടൽ (100 തേങ്ങയ്ക്ക്)	30	–
റബ്ബർ വെട്ട് (മരം ഒന്നിന്)	0.20	0.20

10. ഉൽപ്പന്നങ്ങളുടെ വിപണനം

പാലമേൽ പഞ്ചായത്തിൽ രണ്ടു പബ്ലിക്കു മാർക്കറ്റു കൾ ഉള്ളതിൽ പ്രധാന മാർക്കറ്റ് നൂറനാട് എരുമക്കുഴി പബ്ലിക്കു മാർക്കറ്റാണ്. ഏറിയ പങ്കു കാർഷിക ഉൽപന്ന ങ്ങളും ഈ ചന്തയിൽ ക്കൂടി വിറ്റഴിക്കുന്നു. രാത്രിയുടെ അന്ത്യ യാമത്തിൽ നടക്കുന്ന ഈ ചന്ത ഉപോഭോക്താക്കൾക്ക് അസൗ കര്യം ആണ്. രാത്രി തന്നെ കച്ചവടക്കാർ കാർഷിക ഉല്പന്ന ങ്ങൾ വാങ്ങിക്കൂട്ടി നേരം വെളുക്കും മുമ്പേ സ്ഥലം വിടുന്നു. സ്ഥലവാസികൾക്ക് വേണ്ട സാധനം ഇടത്തട്ടുകാരിൽ നിന്നും അധിക വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു. പഞ്ചായത്ത് അധീനതയിൽ ഒരു അഗ്രോ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിച്ചിരുന്നെങ്കിൽ ഈ ദുരവസ്ഥ പരിഹരിക്കാമായിരു ന്നു.

11. കർഷക സംരംഭങ്ങൾ

എല്ലാ വാർഡുകളിലും പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഫലവത്തായ പ്രയോജനം ലഭിക്കുന്നില്ല. കൃഷിഭവനുമ ി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കാർഷിക വികസന കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കു ന്നു. നിലവിലുള്ള ഉൽപാദന ബോണസ് വളരെ കുറവാണ്. സ്റ്റേറ്റ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കോ- ഓപ്പറേറ്റീവ് ബാങ്ക്, സഹകരണസ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങൾ കർഷ കർക്കു വായ്പാ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. പൊതുവേ കർഷകരുടെ ജീവിതനിലവാരം മോശമായും കട ബാദ്ധ്യതകൾ വർദ്ധിച്ചും കാർഷികവിളകൾ കുറഞ്ഞും വരു ന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങ

ളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്തു പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നു.

പ്രശ്നങ്ങൾ

1. നെൽകൃഷി നഷ്ടമാണ്, കൃഷി ചെയ്യുന്നതിനു പ്രയാസം നേരിടുന്നു.
2. തേങ്ങായ്ക്കു വേണ്ടത്ര വില ലഭിക്കുന്നില്ല
3. മണ്ണു പരിശോധന കാലാകാലങ്ങളിൽ നടത്തുന്നില്ല.
4. കർഷകതൊഴിലാളികൾ കുറഞ്ഞു വരുന്നു, കൂലി കൂടുതലാണ്
5. ഭൂമി തുണ്ടുതുണ്ടായി മാറുന്നതിനാൽ കൃഷിപണികൾ ഒന്നായി ചെയ്യാൻ കഴിയുന്നില്ല. അതിനാൽ നഷ്ടം നേരിടുന്നു.
6. തെങ്ങിനുള്ള രോഗത്തിന് ഇതുവരെയും ശാശ്വതപരിഹാരം ലഭിച്ചിട്ടില്ല.
7. നടീൽ വസ്തുകൾ ആവശ്യത്തിനു ലഭിക്കുന്നില്ല.
8. കുളങ്ങളിൽ വളരുന്ന ആഫ്രിക്കൻ പായൽ നെൽകൃഷിയ്ക്കു ദോഷം ചെയ്യുന്നു.
9. യുവജനങ്ങൾ കൃഷിമേഖലയോട് ആഭിമുഖ്യം കാണിയ്ക്കുന്നില്ല.
10. ജൈവവളം ലഭിക്കാത്തതിനാൽ ഉപയോഗിക്കുന്നില്ല.
11. കീടനാശിനികൾ ക്രമാതീതമായി ഉപയോഗിക്കുന്നു.
12. K.I.P. കനാൽ ഉണ്ടെങ്കിലും ജലസേചന സൗകര്യം കാര്യക്ഷമമല്ല.
13. K.I.P. കനാലിൽ ക്കൂടി വരുന്ന അധിക ജലം കൃഷിയ്ക്കു ശല്യം ചെയ്യുന്നു.
14. നെല്ലുല്പാദന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
15. ഉൽപന്നങ്ങൾക്ക് ശരിയായ വിലകിട്ടുന്നില്ല.
16. കൊയ്ത്തിനു തൊഴിലാളികളെ കിട്ടുന്നില്ല.

സാദ്ധ്യതകൾ:

1. തൊഴിൽ രഹിതരായ യുവജനങ്ങൾക്കു കാർഷിക മേഖലയോടു ആഭിമുഖ്യണ്ടാവുക
2. കാർഷകനും കർഷകതൊഴിലാളിയും തമ്മിലുള്ള പരസ്പര സഹകരണം ഉറപ്പാക്കുക.
3. പാടശേഖര സമിതികൾ കാര്യക്ഷമമാവുക.
4. ജലസേചന പ്രവർത്തനങ്ങളുടെ ചുമതല പൂർണ്ണമായും പാടശേഖര സമിതികൾ ഏറ്റെടുക്കുക.
5. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ചു കർഷകർക്കു വിതരണം ചെയ്യുക.
6. ജൈവവള നിർദ്ദാരണവും ഉപയോഗവും സർവ്വസാധാരണമാക്കുക, അതിനുള്ള ബോധവൽക്കരണം നടത്തുക.
7. കൃഷി വായ്പയും, വളം സബ്സിഡിയും ഉൽപാദന ബോണസും ലഭ്യമാക്കുക.
8. കാർഷിക വികസന സമിതികൾ ഇതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.
9. ജലസേചനത്തിനു ഉപയുക്തമായ എല്ലാ തോടുകളും കുളങ്ങളും വെട്ടി സംരക്ഷിക്കുക.
10. ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുക
11. കാറ്റുപിടിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈക്കൾ വിതരണം ചെയ്യുക.
12. തെങ്ങിന് കാലകാലങ്ങളിൽ കൃഷിഭവൻ നേരിട്ട് മരുന്നു തളി നടത്തുക.
13. തെങ്ങുക്കയറ്റ തൊഴിലാളികളെ പരിശീലിപ്പിച്ച് എടുക്കുക.
14. തേങ്ങയുടെ വില നിജപ്പെടുത്തുക.
15. പച്ചക്കറി ഭവനങ്ങൾക്കു രൂപം കൊടുക്കുക.
16. മരച്ചീനി കൃഷി ഉണ്ടായിട്ടുള്ള ദുരവസ്ഥ ദുരീകരിക്കുക.
17. എലി നശീകരണം ഊർജ്ജിതമായി നടപ്പിലാക്കുക.
18. വിളകൾ ഇൻഷ്വർ ചെയ്യുക.
19. മണ്ണൊലിപ്പു തടയുന്നതിനായി തടയണകൾ നിർമ്മിക്കുക. ഈ ബണ്ടുകളിൽ പൈനാപ്പിൾ വച്ചുപിടിപ്പിക്കുക.
20. കൃഷി, കൊയ്ത്തു മെതി എന്നിവക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുക.
21. K.I.P. കനാലിൽ നിന്നും കൃഷിക്ക് ഉപയുക്തമായ രീതിയിൽ ജലം ലഭിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
22. K.I.P. കനാലിൽ നിന്നും വരുന്ന അധിക ജലം കൃഷിക്ക് ദോഷം ചെയ്യാത്തവിധത്തിൽ തിരിച്ചുവിടുക.
23. പർച്ചേസിംഗ് സെന്ററുകൾ സ്ഥാപിച്ച് പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തുക.
24. റബ്ബർ കൃഷിയ്ക്കുള്ള, കീട, കുമിൾ രോഗങ്ങൾക്കുള്ള പ്രതിവിധി ചെയ്യുക.
25. കൃഷിഭവന്റെ സേവനം ലഭ്യമാക്കുക.
26. ഔഷധചെടികൾ വീട്ടു പരിസരങ്ങളിൽ വച്ചു പിടിപ്പിക്കുക.

നിർദ്ദേശങ്ങൾ.

1. ചരേത്തു മുക്കു മുതൽ മുക്കത്തു കടവുവരെ 8 മീറ്റർ വീതിയിൽ ബണ്ടു നിർമ്മിച്ച് ചാലിന്റെ ഭാഗത്തു റഗുലേറ്റർ സ്ഥാപിക്കുക,
2. പമ്പിംഗിന് ആവശ്യമായ് കപ്പാസിറ്റിയുള്ള പമ്പ് ഈ ബണ്ടിൽ സ്ഥാപിയ്ക്കുക.
3. അട്ടത്തോട് – നങ്ങാരയ്ക്കൽ തോടു പൂർണ്ണമായി വെട്ടുക.
4. ആക്കനാട്ടുതോട്, വലിയ വീട്ടിൽ തോട് എന്നിവ വലിയ തോട്ടിൽ ചേർത്തു വീതികൂട്ടി വെട്ടി ക്രോസ് ബാർ സ്ഥാപിക്കണം.
5. ഇടിഞ്ഞകുഴി മുതൽ താഴോട്ടുള്ള തോട് വീതിയിൽ വെട്ടി സൈഡുകെട്ടി ബലപ്പെടുത്തി ചങ്ങാരപ്പള്ളി കരിങ്ങാലി ചാൽ തോട്ടിൽ ബന്ധിപ്പിച്ച് ആവശ്യമായ ക്രോസ്റഗുലേറ്റർ സ്ഥാപിക്കുക.
6. ചങ്ങാരപ്പള്ളി ചിറ മുതൽ താഴോട്ടുള്ള തോട് കരിങ്ങാലിൽ ചാൽവരെ വീതിയിൽ വെട്ടി സൈഡു ബലപ്പെടുത്തി ആവശ്യമുള്ളിടത്തു ക്രോസ് റഗുലേറ്റർ കെട്ടണം. K. I. P. കനാലിൽ നിന്നുവരുന്ന അധികജലം ഈ തോട്ടിൽക്കൂടി ഒഴുക്കിവിടാൻ കഴിയും.
7. ചെറുവള്ളി നങ്ങാരയ്ത്തു തോട് വീതിയിൽ വെട്ടി സംരക്ഷിക്കണം
8. പുത്തൻ കുളം മുതൽ പടിങ്ങാറോട്ടുള്ള തോടുവെട്ടി സൈഡു ബലപ്പെടുത്തണം.

9. കരിങ്ങാലി പുഞ്ച പ്രദേശങ്ങളിൽ കൃഷി ഘട്ടംഘട്ട മായി ചെയ്യുന്നതിന് പാടശേഖരങ്ങൾ നിശ്ചിത ഏരി യാകളായി തിരിച്ച് ബണ്ടു കെട്ടി പമ്പു സ്ഥാപിക്കുക. കരപുഞ്ച ഇരുപ്പൂവാക്കാവുന്നതാണ്.
10. കുരുമ്പോലി കുളത്തിൽ നിന്നും പുളി വേലികുളങ്ങര ഭാഗത്തുക്കൂടി കല്ലുകുളം വഴിപോകുന്ന കരതോട് വീടിയിൽ വെട്ടി ബലപ്പെടുത്തുക.
11. ഉളവുക്കാട്ട് പടിഞ്ഞാറുള്ള കല്ലുകുളം വലുതാക്കി വെട്ടി നാലു വശവും കെട്ടുക.
12. തറയിൽ കിഴക്കേമുക്കു – കുന്നത്തുകിഴക്കു മുണ്ട യ്ക്കൽ മുക്കു കരത്തോടു വീതിയിൽ വെട്ടി ബലപ്പെ ടുത്തുക
13. കടകൊമ്പിൽ – മണക്കാട്ടു മൂല – പാപ്പാടി കോയി ക്കൽ തോട് വെട്ടി സെഡ്ഡു ബലപ്പെടുത്തുക.
14. കുഴിപുഞ്ചയുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുക.
15. മുടയാറയ്ക്കൽ ഏലായിൽ നിന്നു അരുന്നിതറയിൽ വന്നവസാനിക്കുന്ന തോട് കിവക്കുവശത്തു കൂടി വിട്ട് മേൽ ഭാഗത്തുള്ള തോട്ടിൽ എത്തിക്കുക.
16. മുടയാറയ്ക്കൽ ഏലായുടെ കിഴക്കുഭാഗത്തു കനാൽ നിർമ്മിക്കുക
17. മുടയാറയ്ക്കൽ ഏലായിൽ വഞ്ചുവേലി ഭാഗത്തു ചീപ്പു സ്ഥാപിക്കണം.
18. തോണ്ടുകണ്ടം തോട്, എഴുപറങ്ങി തോട്, മുകളും പുറത്തു കിഴക്കു വശത്തുള്ള തോട്, ചീറയിൽ പാട ത്തിലൂടെ കാവനാൽ പടിയിലെത്തുന്ന തോട്, കാരാണി മുതൽ പള്ളിപ്പടി വരെയുള്ള നിലങ്ങളുടെ ഇരുവ ശത്തും കൂടിയുള്ള കരത്തോടുകൾ എന്നിവവെട്ടി ജല സേചന സൗകര്യമുണ്ടാക്കുക.
19. തോണ്ടു കണ്ടും ചീപ്പിന്റെ പലകമാറ്റി ഷട്ടറുകൾ സ്ഥാപി ക്കുക. കരതോടു വെട്ടുക.
20. തെന്നാൽക്കന്നാൽ ഏലാ മുതൽ കുടശ്ശനാട് പള്ളിപ്പടി വരെയുള്ള തോടു താഴ്ത്തി വെട്ടി സെഡുകൾ കെട്ടി ക്രോസ് റഗുലേറ്റർ സ്ഥാപിക്കണം.
21. തെന്നാൽകന്നാൽ മുതൽ കാരാണി വരെയുള്ള കര തോടു വെട്ടുക.
22. തട്ടത്തുമല, മീരാലബ്ബാമേട് ഞവരക്കുന്ന്, കണ്ണങ്കരമു കൾ ഏലമല എന്നിവിടങ്ങളിലെ മണ്ണാലിപ്പു തടയു ക.
23. ആലത്തിനാൽ പടിയ്ക്കൽ ഒരു കുളം വെട്ടി ജലം സംഭരിച്ച് കൃഷിയ്ക്കുപയുക്തമാക്കുക.
24. പൊന്മാൻ ചിറയിലെ വെള്ളം കൃഷിയ്ക്കുപയുക്തമാ ക്കുക
25. പൊന്മാൻ ചിറ – കൊടുവിള വഴി പനവയലിൽ ക്കൂടി കടന്നു പോകുന്ന തോടുവെട്ടി ഇരു സൈഡു കെട്ടി ക്രോസ് റഗുലേ റ്റർ സ്ഥാപിക്കുക.
26. പുതുക്കുളം ആഴത്തിൽ വെട്ടി പാടശേഖരങ്ങളിലേക്കു വെള്ളം തിരിച്ചുവിടുക.
27. കരിപ്പുറത്തു മുതൽ കണിയാ വടക്കതിൽ ഭാഗത്തു കൂടി പോകുന്ന നീരൊഴുക്കു തോടു വെട്ടി സൈഡു കെട്ടി ചീപ്പു സ്ഥാപിക്കുക.
28. കടമ്പാട്ടു കിഴക്കുവശം അടിമൂല (കോണിയ) ബണ്ടു കെട്ടുക.
29. മുങ്ങിനാൽകുളം വെട്ടി ചീപ്പിടുക.
30. എലവന്തിക്കുളം മുതൽ താഴോട്ട് ബണ്ട്, തടയണ എന്നിവ നിർമ്മിക്കുക.

പ്രശ്നങ്ങൾ

1. കേരവികസന സമിതി നെല്ലുൽപ്പാദക സമിതി ഇവ യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കമം.
2. വർദ്ധിച്ചു വരുന്ന കാർഷികച്ചിലവും, തൊഴിലാളിക ളുടെ കൂലിച്ചിലവും, വിപണന സൗകര്യവും, ജലസേ ചനത്തിന്റെ അപര്യാപ്ത, വെള്ളപ്പൊക്കം, കീടബാധ, ഗതാഗത സൗകര്യക്കുറവ്, വെള്ളം പമ്പു ചെയ്യുന്നതി നുള്ള ഊർജ്ജത്തിന്റെ അപര്യാപ്ത, നല്ലഇനം വിത്തു കൾ കാലകാലങ്ങളിൽ കിട്ടാതിരിക്കുക തുടങ്ങിയ കാര ണങ്ങളാൽ നെൽ കൃഷി ആദായമല്ല.
3. നാളികേരം
തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ, മണ്ണിന്റെ വളക്കു റവ്, മണ്ണാലിപ്പ്, മണ്ണു പരിശോധനക്കുള്ള സൗകര്യ ക്കുറവ്, വിപണ സൗകര്യമില്ലായ്മ, ജൈവ രാസവ സ്തുങ്ങളുടെ വില കൂടുതൽ, വരൾച്ച തുടങ്ങിയ കാര ണങ്ങളാൽ തെങ്ങു കൃഷി ആദായമല്ല.
4. റബ്ബർ
റബ്ബർ മരത്തിനുള്ള നാശകാരിയായ രോഗങ്ങൾ വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, മണ്ണാലിപ്പ്, വരൾച്ച, വളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധ നവ് മാർക്കറ്റിംഗ് തുടങ്ങിയ കാരണങ്ങളാൽ റബ്ബർ കൃഷി ആദായമല്ല.
5. പച്ചക്കറി കൃഷി
നല്ല ഇനം വിത്തുകളുടെ ലഭ്യതക്കുറവ്, ജല ദൗർല ഭ്യം, കീടബാധ, വരൾച്ച, വളത്തിന്റെയും കീടനാശിനി കളുടെയും വില കൂടുതൽ, സാങ്കേതിക പരി ജ്ഞാനക്കുറവ്, വിപണന സൗകര്യക്കുറവ് എന്നീ കാര ണങ്ങളാൽ പച്ചക്കറി കൃഷി ആദായകരമല്ല.
6. കമുക് കൃഷി
വരൾച്ച, രോഗബാധയും മൂലം പാടെ നശിച്ചിരിക്കു ന്നു. ഉള്ളതു തന്നെ ആദായമല്ല.
7. സുഗന്ധവിള
ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കച്ചോലം തുടങ്ങിയുള്ള സുഗന്ധദ്രവ്യങ്ങളുടെ നല്ലയിനം വിത്തുകളുടെ അപ ര്യാപ്ത ജൈവരാസ – കീടനാശിനികളുടെ വില കൂടു തൽ, രോഗങ്ങൾ, വിപണന സൗകര്യക്കുറവ്, കൂലി കൂടുതൽ തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.
8. വെറ്റിലക്കൊടി
തുടർത്തയായി ഉണ്ടാകുന്ന രോഗങ്ങൾ, കൊടിത്തണ്ട് കിട്ടായ്മ, ജൈവരാസ വളങ്ങളുടെ വിലവർദ്ധനവ് പടർത്തുന്നതിനുള്ള ഈറ കിട്ടായ്മ വിപണനം ഇല്ലായ്മ തുടങ്ങിയവയാണ് ഈ രംഗത്തുള്ള പ്രധാന പ്രശ്നങ്ങൾ.
9. കർഷകർക്കുള്ളത് തുണ്ടു ഭൂമികളാണ്
10. K.I.P. കനാൽ പ്രയോജനപ്രദമല്ല
11. കരിങ്ങാലി പുഞ്ചയിലുണ്ടാകുന്ന വെള്ളപ്പൊക്കം എല്ലാ തരം കൃഷികളെ ബാധിക്കുന്നു.
12. തോടുകളിൽ കൂടി ഒഴുക്കുന്ന ജലം നഷ്ടപ്പെടുന്നു.

13. നീർമറി പ്രദേശങ്ങൾ
പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളും നീർമറി പ്രദേശങ്ങളാണ്. സംരക്ഷിക്കുന്നതിനുള്ള പദ്ധതികളൊന്നുമില്ല. തടയണകളില്ല.
ഉദാ : നെടുപം വയൽ, ചൂരൽ വയൽ, പറയാട്ട് വയൽ, ഇളയശ്ശേരിൽ – ആക്കനാട്ട് വയൽ, മുടയാറയ്ക്കൽ, എഴുവറങ്ങി, കണ്ടാളൻപടി, ചേരുങ്കര വയൽ, കണിയാവടക്കതിൻ ഏല കണ്ണാട്ട് വയൽ പ്ലാമ്മൂട്ടിൽ ഏല വരെ.
14. K.I.P. കനാലിൽ ജലം മാനേജ് മെന്റില്ല

സാദ്ധ്യതകൾ

1. സഹകരണ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പ്രോൽസാഹനം നൽക്കുക.
2. ജൈവവളങ്ങളും – ജൈവകീടനാശിനികളും ഉൽപാദിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം, പ്രോൽസാഹനം
3. വിപണനസഹകരണ സംഘങ്ങൾ രൂപീകകരിക്കുക
4. കാർഷിക വിളകൾക്ക് ഗവൺമെന്റ് തറവില നിശ്ചയിക്കുക.
5. പാടശേഖര സമിതികൾ, നാളികര വികസന സമിതികൾ, കൃഷിഭവൻ – കർഷകൻ ഇവ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിച്ച് കാർഷിക മേഖല പുഷ്ഠിപ്പെടുത്തണം.
6. പാരമ്പരാഗതമായി കൃഷി ചെയ്തു കൊണ്ടിരിക്കുന്ന മെച്ചപ്പെട്ട കാർഷിക വിളകൾ ഉപയോഗിക്കുന്നതിനുള്ള പ്രേരണ
7. കേടു ബാധിക്കാത്ത തെങ്ങിൽ നിന്നും വിത്തുകൾ ശേഖരിച്ച് തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. അത് ഇങ്ങനെ ആകാം, രോഗ പ്രതിരോധ ശേഷിയുള്ള മറ്റൊരു തെങ്ങിൻ കൂമ്പുമായി പാരഗണം നടത്തുക ഇങ്ങനെ പാരഗണം നടത്തിയ കൂമ്പിൽ നിന്ന് രൂപപ്പെട്ടു വരുന്ന തെങ്ങ വിത്തു തേങ്ങയായി ഉപയോഗിക്കാം. ഇതേ രീതി മറ്റ് കൃഷി രീതികൾക്കും ഉപയോഗിക്കാം.
8. ട്രിപ്പ് ഇറിഗേഷൻ സമ്പ്രദായം കൃഷിക്ക് ഉപയുക്തമാക്കുക
9. സമ്മിശ്ര കൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കുക
10. ജൈവ – രാസവസ്തുകളുടെയും കീടനാശിനികളുടെയും വില കുറച്ച് ലഭിക്കുന്നതിനുള്ള നടപടികൾ കൃഷിയിടങ്ങളിലേക്കുള്ള ഗതാഗത സൗകര്യം
11. കൃഷിയിടങ്ങളിൽ വെള്ളം പമ്പ് ചെയ്യുന്നതിന് വൈദ്യുതി – മണ്ണെണ്ണ തുടങ്ങിയവ കുറഞ്ഞചിലവിൽ ലഭ്യമാക്കുക.
12. കൃഷി വായ്പ, സബ്സിഡി, ഉൽപാദക ബോണസ് തുടങ്ങിയവ ലഭ്യമാക്കുക.
13. കർഷകന് ആദരിക്കുന്നതിനും, കാർഷികവൃത്തി മാന്യമായ തൊഴിലാണെന്നും ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
14. നീർമറി പ്രദേശങ്ങളിലെ വികസനത്തിന് പ്രോജക്ടുകൾ തയ്യാറാക്കുക.
15. റബ്ബർമരങ്ങൾക്ക് ഒരുമിച്ച് മരുന്നു തളിക്കുന്നതിന കുറഞ്ഞചിലവിൽ വളം ലഭ്യമാക്കൽ, സഹകരണടിസ്ഥാനത്തിലുള്ള വിപണന സൗകര്യങ്ങൾ തറവില നിശ്ചയിക്കുക തുടങ്ങിയുള്ള നടപടികളും, വിദഗ്ദ തൊഴിലാളികളെ പരിശീലിപ്പിച്ച് എടുത്തും ഈ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നതാണ്.
16. പഞ്ചായത്തിലെ ഭൂപ്രകൃതിയും, മണ്ണിന്റെ സ്വഭാവവും അനുസരിച്ച് വിവിധ പ്രോജക്ടുകൾ തയ്യാറാക്കുക
17. പഞ്ചായത്തടിസ്ഥാനത്തിൽ എലിയും മറ്റു പ്രാണികളെ നിശ്ചിത സമയം തന്നെ നശിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുക.
18. പഞ്ചായത്തടിസ്ഥാനത്തിലും, പഞ്ചായത്തിന്റെ മേൽനോട്ടത്തിലും, ചുമതലയിലും പച്ചക്കറി കൃഷി, തെങ്ങ്, കമുക് തുടങ്ങിയുള്ള കൃഷികൾ ചെയ്യുന്നതിനുള്ള നടപടികൾ.
19. കാർഷിക വികസന സമിതികളുടെ ഓഫീസുകൾ വാർഡുകളിൽ സംഘടിപ്പിച്ച് കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ ആഴ്ചയിൽ ഒരു ദിവസം ഈ കേന്ദ്രങ്ങൾ സന്ദർശിച്ച് കൃഷിക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം.

മൃഗ സംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിലെ ജനങ്ങൾ പാലിനും, വണ്ടിവലിക്കുന്നതിനും, ഉഴവിനും, ജൈവവളത്തിനുമായി ധാരാളം കന്നുകാലികളെ വളർത്തി പോന്നിരുന്നു. ഈ കൂട്ടത്തിൽ ആടുകളും, കോഴികളും ഉൾപ്പെടും. കുന്നുകളും, മലകളും, പാടശേഖരങ്ങളും ഫലഭൂയിഷ്ടവുമായ ഈ പ്രദേശത്ത് കൃഷിയും അതിനോടനുബന്ധമായ കാലിവളർത്തലും നാടിന്റെ പുരോഗതിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പണ്ട് കാലികളെ വളർത്തുവാൻ പഞ്ചായത്തിലുള്ള കുന്നുകളും മലകളും വളരെ സൗകര്യമുള്ളതായിരുന്നു. ജനസംഖ്യ വർദ്ധനവും പാർപ്പിട സൗകര്യങ്ങളും വർദ്ധിച്ചുവന്നതോടെ കാർഷികരീതിയിലാകെ മാറ്റം വന്നു. നെൽകൃഷി ആദായകരമല്ലാതായപ്പോൾ നെൽവയലുകളിൽ മറ്റുകൃഷികൾ ,ചെയ്യുവാൻ പ്രേരിതരായി. അങ്ങിങ്ങായി നിലങ്ങൾ നികത്തിയെടുക്കുന്നതിനുള്ള പ്രവണതയും കണ്ടുതുടങ്ങി. ഇതോടെ കാർഷിക വ്യവസ്ഥയും കന്നുകാലി വളർത്തലും തമ്മിലുള്ള ബന്ധത്തിന് ഒരു വലിയ മാറ്റം തന്നെ ഉണ്ടായിട്ടുണ്ട്. കന്നുകാലികൾക്കാവശ്യമുള്ള തീറ്റപ്പുല്ലിനും, വൈക്കോലിനും ദൗർലഭ്യമായി. കാർഷികാവശ്യത്തിന് കാലിവളം ലഭിക്കാതെയുമായി.

പശു, എരുമ, ആട്, കാള, പോത്ത് എന്നിവയാണ് പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ. ആദ്യനാളുകളിൽ നാടൻപശുക്കളായിരുന്നു ഉണ്ടായിരുന്നത്. കഴിഞ്ഞ 50 വർങ്ങൾക്കിടയ്ക്ക് ഇവയുടെ എല്ലാം എണ്ണത്തിൽ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്. നാടൻ പശുക്കളിലും ഇതേ അനുഭവം തന്നെയാണ് ഉള്ളത്. വയലുകളിലും, മറ്റുകൃഷിയിടങ്ങളിലും ഉഴുന്നതിന് ആധുനിക യന്ത്രങ്ങൾ വന്നത് കാളകളുടെയും പോത്തുകളുടെയും എണ്ണം കുറയുന്നതിനുള്ള കാരണമായി. ഓരോ ഇനത്തിലും ഉണ്ടായിട്ടുള്ള വ്യതിയാനം പട്ടികയായി കൊടുത്തിരിക്കുന്നു.

ഇന്ന് സങ്കരഇനത്തിൽപ്പെട്ടതും അത്യുത്പാദനശേഷിയുള്ളതുമായ പശുക്കളെയാണ് കൂടുതലായി വളർത്തിപ്പോരുന്നത്. സങ്കരയിനം പശുക്കളെ വളർത്തുകയും അതുവഴി ലഭിക്കുന്ന ആദായം കൊണ്ട് ഉപജീവനം നടത്തിവരുന്നതിനാവശ്യമായ ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഈ മേഖലയിൽ ഒട്ടധികം പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഇന്നനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. സങ്കരയിനം പശുക്കളുടെ വർദ്ധിച്ചവില, പശുക്കളെ കിട്ടിനില്ലായ്മ. പശുക്കൾക്കുണ്ടാകുന്ന കുളമ്പ് രോഗങ്ങൾ അകിടുവീക്കം ക്യാൻസർ തുടങ്ങിയുള്ള രോഗങ്ങൾ, കാലിത്തീറ്റ കിട്ടാനില്ലായ്മ, കാലിത്തീറ്റയുടെ കൂടുതൽ, രോഗം വന്നാൽ ചികിത്സിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട്, ഉത്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള വിപണനക്കുറവ്, പേപ്പട്ടിശല്യം, തൊഴുത്തുണ്ടാക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയവയെല്ലാം തന്നെ ഈ മേഖലയിലെ കൃഷിക്കാർ ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

പഞ്ചായത്തിന്റെ കേന്ദ്രഭാഗമായ കാവുംമ്പാട്ടുള്ള ഒരു മൃഗാശുപത്രിയും, കുടശ്ശനാട് ക്ഷീരസംഘത്തോടു ചേർന്നുള്ള ഒരു ICDP സബ് സെന്ററുമാണ് പഞ്ചായത്തിലെ മൃഗ സംരക്ഷണകേന്ദ്രങ്ങൾ. മൃഗങ്ങളെയും മറ്റും ദൂരെയുള്ളവാർഡുകളിൽ നിന്നും കിലോമീറ്ററുകൾ താണ്ടി ഈ കേന്ദ്രങ്ങളിൽ എത്തിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ''മിൽമ''യുടെ 'എമർജൻസി' സേവനവും 'ഹൗസ് വിസ്റ്റും' നടക്കുന്നുണ്ട്.

12 വാർഡുള്ള പഞ്ചായത്തിൽ, കുടശ്ശനാട്, ഉളവുകാട്, എരുമക്കുഴി, പണയിൽ, പാറ ജംഗ്ഷൻ എന്നിവിടങ്ങളിലായി അഞ്ച് ക്ഷീരസംഘങ്ങൾ മാത്രമാണ് ഇപ്പോൾ പ്രവർത്തനത്തിലുള്ളത്. പാലുത്പാദകരെ ഇത് വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, അവശ്യം വേണ്ടസ്ഥലങ്ങളിൽ ക്ഷീരോത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതായുണ്ട്.

വളർത്തു മൃഗ രോഗ വിവരങ്ങൾ

പട്ടിക 2

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി
1	ദഹനസംബന്ധമായ രോഗങ്ങൾ	1612	15	612	1	86
2	ശ്വാസകോശ സംബന്ധമായ രോഗങ്ങൾ	237	2	261	-	171
3	ഉപാപചയ	58	-	7	-	-
4	ത്വക് രോഗങ്ങൾ	261	-	35	1	-
5	പരാദ രോഗങ്ങൾ	1264	2	77	-	-
6	വന്ധ്യത	148	-	1	-	-
7	അകിടുവീക്കം	171	-	64	-	-
8	മുടന്തൻപനി	631	-	-	-	-

പട്ടിക 3

പേ വിഷ ബാധ -പ്രതിരോധ ചികിത്സ

	പശു	എരുമ	ആട്	പട്ടി	പൂച്ച
പ്രതിരോധകുത്തിവയ്പ്പ് നൽകിയവയുടെ എണ്ണം	-	-	-	202	-
കടിയേറ്റതിനുശേഷം കുത്തിവയ്പ്പ് നൽകിയവയുടെ എണ്ണം	5	-	4	-	-

പട്ടിക 4

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടോ അതിലധികമോ ബീജസങ്കലനം നടത്തിയവ
പശു	2572	302
കിടാരി	951	125

അവലംബം - മൃഗാശുപത്രി നൂറനാട് രജിസ്റ്റർ

കോഴിവളർത്തൽ

പഞ്ചായത്തിലെ 95% വീടുകളിലും മുട്ടക്കോഴികളെ വളർത്തുന്നവരാണ്. ഇതിൽക്കൂടുതലും നാടൻ കോഴികളാണ്. കുടശ്ശനാട് വാർഡിൽ ഏതാനും കുടുംബങ്ങൾ താറാവുകൃഷി നടത്തി ഉപജീവനം നടത്തിവരുന്നുണ്ട്. പഞ്ചായത്തിൽ കഞ്ചുകോട്, കുടശ്ശനാട്, പണയിൽ, പള്ളിക്കൽ, മുതുകാട്ടുകര വാർഡുകളിൽ ഇറച്ചിക്കോഴികളെ വളർത്തുന്ന ഏതാനും കുടുംബങ്ങൾ ഉണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ മുട്ട ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മുട്ടയാണ് കൂടുതലായും ഇവിടെ ഉപയോഗിച്ചുവരുന്നത്.

പഞ്ചായത്തിൽ എങ്ങും തന്നെ കശാപ്പുശാലകളില്ല. കുടശ്ശനാട്, എരുമക്കുഴി, ആദിക്കാട്ടുകുളങ്ങര വാർഡുകളിൽ ഇറച്ചിവൽപ്പനയ്ക്കുള്ള അനുവാദം പഞ്ചായത്ത് ലേലം ചെയ്ത്

കൊടുത്തിട്ടുണ്ട്. ഇവിടങ്ങളിൽ നിലവാരം കുറഞ്ഞ – രോഗങ്ങളും മറ്റും വന്നുചാകുന്ന – കന്നുകാലികളുടെ ഇറച്ചി കൊണ്ടുവന്ന് വിൽക്കുന്നതായി അറിയുന്നു. കശാപ്പുശാലകളില്ലാത്തതിനാൽ ഇവർക്ക് തോന്നിയതുപോലെ, തോന്നിയ സ്ഥലങ്ങളിലിട്ട് മാടുകളെ വെട്ടുന്നതിനാൽ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു ഇതിന്റെ അവശിഷ്ടങ്ങൾ സുരക്ഷിതമായി മറവുചെയ്യാത്തതിനാൽ ദുർഗ്ഗന്ധം വമിക്കുകയും, എല്ലുകൾ പട്ടിയും, കാക്കയും എടുത്തു കൊണ്ടുപോകുന്നതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരം ഉണ്ടാകേണ്ടതായിട്ടുണ്ട്.

മത്സ്യ ബന്ധനം

പഞ്ചായത്തിലുള്ള പാടശേഖരങ്ങളിലും, തോടുകളിലും, കരിങ്ങാലിച്ചാലിലും വിവിധ ഇനങ്ങളിൽപ്പെട്ട് വരാൽ, മുശി, കരിമീൻ, പരൽ, വാക, ഏട്ട്, ആരകൻ, ചേറ്റുമീൻ, കാരി തുടങ്ങിയ വലിയമത്സ്യങ്ങളും, വിവിധ ഇനങ്ങളിൽപ്പെട്ട് ചെറു മത്സ്യങ്ങളും സുലഭമായിലഭിക്കുമായിരുന്നു. ഈ മത്സ്യങ്ങളെ വലവീശിയും, ചൂണ്ട ഇട്ടും, 'തപ്പി'യും പിടിച്ചുകൊണ്ടുവന്ന് ഇവിടുത്തെ ജനങ്ങൾ ഭക്ഷണമായി ഉപയോഗിച്ചിരുന്നു. കരിങ്ങാലിച്ചാലിൽ എല്ലാവർഷവും വേനൽക്കാലമാകുമ്പോൾ ധാരാളം ആളുകൾ കൂട്ടകൂട്ടമായി പങ്കെടുത്ത് ഉത്സവ പ്രതീതി ജനിപ്പിക്കുംവിധമുള്ള 'മീൻകൊല' നടത്തുക പതിവായിരുന്നു. ചാലിനോടുചേർന്നുള്ള വളരെയധികം കുടുംബങ്ങൾ മത്സ്യംപിടിച്ച് ഉപജീവനം നട്ത്തിവന്നിരുന്നു.

എന്നാൽ നിലങ്ങളിലാകെ വീര്യമുള്ള കീടനാശിനികൾ തളിക്കാൻ തുടങ്ങിയതുമുതൽ ഈ മത്സ്യങ്ങളാകെ ചത്തൊടുങ്ങി വംശനാശം വന്നുകഴിഞ്ഞു. ഈ മത്സ്യങ്ങളൊന്നും തന്നെ ഇന്നു കാണാനില്ല. രോഗങ്ങൾ ബാധിച്ചും മത്സ്യങ്ങളുടെ വംശനാശം സംഭവിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മത്സ്യകൃഷിനടത്തുന്നതിന് സ്വകാര്യ കുളങ്ങളുള്ള കൃഷിക്കാർ തയ്യാറായിട്ടുണ്ട്. ഇവർക്കുവേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയും, മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകണം. പഞ്ചായത്തിന്റെ പൊതുകുളങ്ങൾ മത്സ്യകൃഷി നടത്തുന്നതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. സങ്കരയിനം പശുക്കളെ വാങ്ങുന്നതിനും മെച്ചപ്പെട്ട തൊഴുത്തുണ്ടാക്കുന്നതിനുമുള്ള സാമ്പത്തികബുദ്ധിമുട്ടുകൾ.
2. കലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്. ഇറക്കുമതി ചെയ്യുന്ന വൈക്കോലിന്റെ ഗുണനിലവാരക്കുറവും, വിലക്കൂടുതലും, തീറ്റപ്പുല്ലിന്റെ ദൗർലഭ്യതയും ഈ രംഗത്തേക്ക് കൃഷിക്കാർ കടന്നു വരുവാൻ മടിക്കുന്നു.
3. മൃഗസംരക്ഷണത്തിനുള്ള സംവിധാനങ്ങളുടെ അപര്യപ്തതയും, മരുന്നുകളുടെ വിലക്കൂടുതലും കാരണം പശുക്കളെ വളർത്തുന്നതിന് താത്പര്യം കുറയുന്നു.
4. ഉത്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള സൗകര്യക്കുറവ്.
5. നിലവിലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
6. ഈ സംഘങ്ങൾ ലാഭത്തിനു വേണ്ടി പ്രവർത്തിക്കുന്നു.
7. ലാഭത്തിന്റെ നല്ലൊരു ഭാഗം 'പ്രത്യുത്പാദന'പരമല്ലാതാവുന്നു.

സാധ്യതകൾ

1. നല്ല ഇനം പശുക്കളെ വാങ്ങുന്നതിന് ക്ഷീരസംഘങ്ങൾ വഴി കുറഞ്ഞപലിശനിരക്കിൽ ലോണുകൾ അനുവദിച്ചുനൽകുകയും, മെച്ചപ്പെട്ട തൊഴുത്തു നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ബോധവത്ക്കരണം നൽകിയുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.
2. നിലവിലുള്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സംഘങ്ങൾ വഴി കാലിത്തീറ്റയും, മരുന്നുകളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യണം.
3. മൃഗസംരക്ഷണത്തിന് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം.
4. കറവമാടുകൾക്കുണ്ടാകുന്ന രോഗങ്ങൾക്കെതിരെ സൗജന്യ കുത്തിവയ്പ്പുണ്ടാകണം.
5. ഉത്പാദിപ്പിക്കുന്ന പാലിന് ന്യായവില കിട്ടുകയും വിപണന സൗകര്യവും മെച്ചപ്പെടുത്തുകയും ചെയ്യണം.
6. ക്ഷീരസംഘങ്ങൾ വഴി മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടിയുണ്ടാവണം.
7. പയനല്ലൂർ, കഞ്ചുകോട്, ആദിക്കാട്ടുകുളങ്ങര വാർഡുകൾ കേന്ദ്രീകരിച്ചും ക്ഷീരസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണം.
8. സബ്സിഡി ഇനത്തിൽ കാലിത്തീറ്റ ലഭിക്കുന്നതിനും, പുൽകൃഷി ചെയ്യുന്നതിനുമുള്ള നടപടികളുണ്ടാവണം.
9. കഞ്ചുകോട്, പയ്യനല്ലൂർ, 11, 12, വാർഡുകൾ കേന്ദ്രീകരിച്ച് കഇഉജ സെന്ററുകൾ സ്ഥാപിക്കണം.
10. കാലിത്തീറ്റ പ്രദേശികമായി ഉത്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.
11. പാലുപയോഗിച്ചുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്. പരിശീലനം നൽകുകയും, ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനസൗകര്യങ്ങളും ഏർപ്പെടുത്തണം.
12. രണ്ട്, മൂന്ന് ആടുകളുള്ള ചെറിയ യൂണിറ്റുകൾക്ക് ധനസഹായം ചെയ്തുകൊടുത്ത്, ആടുവളർത്തൽ പ്രോത്സാഹിപ്പിക്കണം.
13. ക്ഷീരോൽപാദക സഹകരണ സംഘങ്ങളെയും മൃഗാശുപത്രിയെയും, 'മിൽമ' യുടെ മൃഗചികിത്സാ സൗകര്യങ്ങളെയും ഏകോപിപ്പിക്കാൻ കഴിയണം.
14. ഈ സംഘങ്ങളുടെ കരുതൽ ധനം പോലെയുള്ള

ഫണ്ടുകൾ ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ ചെയ്ത് ഉൽപാദന – വിപണന രംഗം മെച്ചപ്പെടുത്തണം.

കോഴിവളർത്തൽ

പ്രശ്നങ്ങൾ

1. നല്ലയിനം മുട്ടക്കോഴികളെ കിട്ടാനുള്ള ദുർലഭ്യം.
2. കോഴിത്തീറ്റയുടേയും, കോഴിയുടേയും ദുർലഭ്യം
3. കോഴികൾക്കുണ്ടാവുന്ന രോഗങ്ങൾക്ക് ആവശ്യമായ മരുന്നിന്റെ ലഭ്യതക്കുറവ്
4. വിപണനം ചെയ്യുന്നതിനുള്ള സൗകര്യമില്ലായ്മ.

നിർദ്ദേശങ്ങൾ

1. നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായവും, കുറഞ്ഞവിലയ്ക്ക് കോഴിത്തീറ്റ ലഭിക്കുന്നതിനുള്ള നടപടികളും, വിപണന സൗകര്യവും ഉണ്ടാവണം.
2. കോഴിക്കൂടുകൾ നിർമ്മിക്കുന്നതിന് സബ്സിഡി വഴിയുള്ള സാമ്പത്തിക സാഹായവും, കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് വൈദ്യുതിയും മരുന്നും കുറഞ്ഞവിലയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികളുണ്ടാവണം.
3. സ്കൂൾ പൗൾട്രീ ക്ലബ്ബുകൾ സ്ഥാപിക്കണം.
4. എഗ്ഗ് നഴ്സറികൾ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്താൽ നടപ്പിലാക്കണം.
5. മുയലുകളെ വളർത്തുന്നതിനുള്ള സൗകര്യത്തെക്കുറിച്ച് പരിശോധിക്കണം. സംരംഭകർക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കണം.

മത്സ്യകൃഷി

പ്രശ്നങ്ങൾ

1. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതിക വിദ്യയും ഇല്ലാത്തതിനാൽ സംരംഭകർ മുന്നോട്ടുവരുന്നില്ല.
2. വായ്പകളും സബ്സിഡികളും ലഭ്യമല്ലാത്തതിനാൽ ഈ രംഗത്ത് സംരംഭകർ കുറയുന്നു.

സാദ്ധ്യതകൾ

1. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയും, ബോധവത്ക്കരണം നടത്തിയും, പ്രോത്സാഹനം കൊടുത്തുകൊണ്ടുമുള്ള നടപടികൾ ഉണ്ടാകണം.
2. മത്സ്യകൃഷി നടത്തുന്നതിനായി മുന്നോട്ടുവരുന്നവർക്കെല്ലാം സബ്സിഡിയായി വായ്പകൾ ലഭ്യമാക്കണം.
3. മത്സ്യകൃഷി നടത്തുന്നതിനുള്ള കുളങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം ചെയ്തുകൊടുക്കണം.
4. പഞ്ചായത്തുവക കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകണം.

പേപ്പട്ടിശല്യം

പ്രശ്നങ്ങൾ

1. പട്ടികളെ വളർത്തുന്നവർ അവയെ കെട്ടിയിട്ടുവളർത്തുയോ പ്രതിരോധക്കുത്തിവയ്പ്പ് നടത്തുകയോ ചെയ്യാത്തതിനാൽ പോപ്പട്ടി ശല്യം ഉണ്ടാകുന്നു.
2. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ച് കൊല്ലാത്തതിനാൽ പേപ്പട്ടി ശല്യം വർദ്ധിക്കുന്നു.

സാദ്ധ്യതകൾ

1. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. പട്ടികളെ വളർത്തുന്നവർ നിർബന്ധമായും ലൈസൻസ് എടുക്കുന്നതിനുള്ള നിയമം കർശനമാക്കിയും, വാക്സിനേഷൻ ലൈസൻസിംഗ് ഏർപ്പെടുത്തുകയും പേപ്പട്ടിശല്യം കുറയ്ക്കാവുന്നതാണ്.
3. വിൽപ്പന നടത്തുന്ന മാംസം പരിശോധനനടത്തിയതിനുശേഷം വിൽപ്പന നടത്തുന്നതിനുള്ള സംവിധാനവും, അവശിഷ്ഠങ്ങൾ മറവുചെയ്യുന്നതിനും വെട്ടുന്നതിനുമുള്ള സൗകര്യം ഉണ്ടാവണം.

വ്യവസായം

പന്ത്രണ്ടു വാർഡുകൾ ഉൾക്കൊള്ളുന്നതാണ് പാല മേൽ ഗ്രാമപഞ്ചായത്ത്. പഴയകാലം മുതൽ തന്നെ ഇവിടെയുള്ള കാർഷിക ഉത്പന്നങ്ങളായ നെല്ല്, നാളികേരം, മരച്ചീനി, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, തുടങ്ങിയുള്ള സുഗന്ധ ദ്രവ്യങ്ങൾ കച്ചവടക്കാർ കർഷകരിൽ നിന്നും വിലയ്ക്കു വാങ്ങി അകലെയുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയിരുന്നു. നാളികേരം ശേഖരിച്ച് കൊപ്രയാക്കി മരച്ചക്കുകളിൽ ആട്ടി വിൽപ്പന നടത്തി വന്നിരുന്നു.

പഞ്ചായത്തിൽ കഞ്ചുകോട്, പയ്യനല്ലൂർ, ആദിക്കാട്ടുകുളങ്ങര പ്രദേശങ്ങളിലുള്ള പാറപൊട്ടിച്ച് റബ്ബിളുകളാക്കിയും, മെറ്റൽ ചീളുകളാക്കിയും സംഭരിച്ചിരുന്നത് നിർമ്മാണപ്രവർത്തനങ്ങൾക്കായി അന്യ നാടുകളിൽ നിന്നുപോലും ഉള്ളവർ ഇവിടങ്ങളിൽ വന്ന് കൊണ്ടുപോവുക പതിവായിരുന്നു. അറേബ്യൻ കടലിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങൾ ശേഖരിച്ച് അവിടെ നിന്നും കുട്ടകളിലാക്കി തലച്ചുമടായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള ചന്തകളിൽ എത്തിച്ചിരുന്നു. പഞ്ചായത്തിലെ ചില കുടുംബങ്ങളിൽ കാട്ടുവള്ളികളും, ഒട്ടലും, ഈറയും ഉപയോഗിച്ച്, കുട്ട, വട്ടി, മുറം, പരമ്പ് തുടങ്ങിയ കാർഷിക-ഗൃഹോപകരണങ്ങൾ നിർമ്മിച്ചാണ് ഉപജീവനം നടത്തിവന്നത് വ്യവസായ സംരംഭങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാരും മുന്നോട്ടുവന്നിട്ടില്ല. പട്ടികജാതിയിൽപ്പെട്ടവരും, മുന്നോക്ക വിഭാഗത്തിൽപെട്ടവരും, മുന്നോക്ക വിഭാഗത്തിലുള്ള പാവപ്പെട്ടവരും ഉൾപ്പെടെ തൊഴിലില്ലാത്ത ആളുകൾ പഞ്ചായത്തിൽ സുലഭമായിരുന്നു. ഇതു മനസ്സിലാക്കി 1955 കാലഘട്ടത്ത് കൊല്ലത്തുനിന്നും വാൾട്ടയർ സായിപ്പ് എന്ന വ്യവസായി ഇവിടെ വരികയും ജമിനി കാഷ്യൂഫാക്ടറി സ്ഥാപിക്കുകയും ചെയ്തു. അന്ന് രണ്ടായിരത്തോളം തൊഴിലാളികൾ ഇവിടെ ജോലിചെയ്തിരുന്നു.

ഇപ്പോൾ ഈ സ്ഥാപനത്തിൽ ഭാഗികമായുള്ള തൊഴിൽ മാത്രമേ നടക്കുന്നുള്ളൂ. ഈ സ്ഥാപനം കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ പിന്നീട് ഏറ്റെടുക്കുകയുണ്ടായി. 1995 -ൽ പഞ്ചായത്തിന്റെ പള്ളിക്കൽ വാർഡിൽ കൊല്ലത്തുകാരനായ ഒരു വ്യവസായി 'നാസർ കാഷ്യൂ ഫാക്ടറി' എന്ന പേരിൽ ഒരു ഫാക്ടറി സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഇവിടെ 500 തൊഴിലാളികൾ ഇപ്പോൾ പണിചെയ്തുവരുന്നു. 5 ക്ഷീരോത്പാദക (APCOS) സഹകരണ വിപണന സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയ്ക്കുപുറമേ പലചരക്കുകടകൾ, തുണിക്കടകൾ, ചെറു ചായക്കടകൾ, പെട്ടിക്കടകൾ, ഹോട്ടലുകൾ തുടങ്ങിയവയും പഞ്ചായത്തിൽ നടത്തിവരുന്നു. വനിതകൾ ഒന്നും തന്നെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് മുന്നോട്ടു വന്നിട്ടില്ല

വ്യാവസായികമായി ഒരു വളർച്ചയുമില്ലാത്ത പഞ്ചായത്താണിത്. കാർഷിക മേഖലയിൽ മാത്രം പ്രവർത്തിച്ച് പരിചയിച്ച ഒരു ജനസമൂഹമാണ് ഇവിടെയുള്ളത്. അതിനാൽ അവർ മറ്റ് മേഖലകളിലേക്ക് കടന്നു വരാനുള്ള വൈമുഖ്യം കാണിക്കുന്നു. ഇവർക്ക് ആവശ്യമായ പ്രചോദനവും, പ്രോത്സാഹനവും കൊടുക്കുന്നതിനുള്ള ശ്രമം നടക്കാതിരുന്നതും ഇതിന് കാരണങ്ങളാണ്. S.S.I രജിസ്ട്രേഷനിലുള്ള കുറേ യൂണിറ്റുകൾ (കൃത്യമായി ലഭ്യമല്ല) പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. D.W.C.R.A. ട്രൈസം തുടങ്ങിയുള്ള പരിശീലനവും, തൊഴിൽ മേഖലയിൽ കണ്ടെത്തിയവർ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് അവരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനും, തൊഴിൽ നേടുന്നതിനും കഴിഞ്ഞിട്ടില്ല. ഒരു പുത്തൻ വ്യവസായ നയവും, സംസ്കാരവും പഞ്ചായത്തിൽ വളർത്തിയെടുക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും
2. മൂലധനത്തിന്റെ അഭാവം, ബോധവൽക്കരണത്തിന്റെ കുറവ്, വിപണന സൗകര്യമില്ലായ്മ എന്നീ കാരണങ്ങളാൽ ഈ മേഖലയിൽ പുതിയ സംരംഭകർ മുന്നോട്ടു വരുന്നില്ല.
3. വൻകിട വ്യവസായികളുടെ പരസ്യങ്ങളിൽ ഉപഭോക്താക്കൾ ആകൃഷ്ടരാകുന്നതിനാൽ, ചെറുകിട ഉത്പാദകരെ ഉപഭോക്താക്കൾ ശ്രദ്ധിക്കുന്നില്ല.

4. പ്രധാന നാണ്യവിളയായ നാളികേരം വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്നില്ല.
5. ഊർജ്ജക്കുറവ്

സാദ്ധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ വ്യാവസായം ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ പഞ്ചായത്തുതല കമ്മറ്റികൾ ഉണ്ടാക്കി. അവർക്ക് പരിശീലനത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കുക.
2. പഞ്ചായത്തിന്റെ നിർദ്ദേശം അനുസരിച്ച് യുവതീയുവാക്കൾക്ക് ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
3. എണ്ണ ആട്ടുമില്ലുകൾ സ്ഥാപിക്കുകയും, ചകിരിച്ചോറുപയോഗിച്ചുള്ള ഹോളോബ്രിക്സ്, ജൈവവളം ഇവ ഉത്പാദിപ്പിക്കുന്നതിനും കരിക്കിൻവെള്ളം ഉപയോഗിച്ച് ശീതള പാനീയങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.
4. പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾക്ക് ആവശ്യമായ സാങ്കേതിക വിദ്യയും ബാങ്ക് ധനസഹായങ്ങളും ലഭ്യമാക്കുക.
5. കറി പൗഡർ, കാപ്പിപ്പൊടി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ച് മേന്മയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്താവുന്നതാണ്.
6. നമ്മുടെപ്രദേശത്ത് സുലഭമായി ലഭിക്കുന്ന റബ്ബർ, റബ്ബർ തടി എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.
7. അത്യുത്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിനും അവയ്ക്കാവശ്യമായ മൂലധനവും, തൊഴുത്ത് നിർമ്മാണത്തിന് ആവശ്യമായ വായ്പയും ലഭിക്കുന്നതിന് ഡയറി എസ്റ്റൻഷൻ ആഫീസുമായി ബന്ധപ്പെട്ട് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാവുന്നതാണ്.
8. ഭക്ഷ്യസംസ്കരണ യൂണിറ്റ്, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, പ്രൊസസിംഗ് ട്രയിനിംഗ് യൂണിറ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, അലങ്കാരവസ്തുക്കൾ, എമർജെൻസിലാമ്പുകൾ, സോളാർ ലാമ്പുകൾ, പാനലുകൾ എന്നിവ ആരംഭിക്കാവുന്നതാണ്.

പട്ടിക 1
നിലവിലുള്ള വ്യവസായങ്ങൾ

പേര്	എണ്ണം	പണിയെടുക്കുന്ന തൊഴിലാളികൾ
കശു. ഫാക്ടറി	2	2500
സാമിൽ (തടി അറപ്പുമിൽ)	5	15
നെല്ലുകുത്തുമിൽ	12	12
കൊപ്രാമിൽ	4	4
പ്രിന്റിംഗ് പ്രസ്സ്	4	12
ഫ്ളവർ മിൽ	2	2
പാൽ വിതരണകേന്ദ്രം	5	16
ഹോട്ടലുകൾ	10	50
സാധാരണകടകൾ	164	164
മറ്റുകച്ചവടക്കാർ	245	245
ആകെ	456	3023

1. പണയിൽ കശുവണ്ടി ഫാക്ടറിയിൽ 2000 തൊഴിലാളികൾ പണിചെയ്തുവരുന്നു. ഈ വ്യവസായം ഭാഗികമായി മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. തൊഴിലാളികളുടെ എണ്ണം ഈ കാരണത്താൽ കുറഞ്ഞുവരുന്നു.
2. സാധാരണ കടകളിൽ ന്യായവില ഷോപ്പുകളും ഉൾപ്പെടുന്നു.
3. ഓണക്കാലത്ത് മാത്രമെ സംഘങ്ങളിൽ ഓണച്ചന്തകൾ നടത്തുന്നുള്ളൂ.
   പഞ്ചായത്തിൽ തൊഴിൽരഹിതർ വളരെയധികം ഉള്ളതിനാൽ സഹകരണാടിസ്ഥാനത്തിൽ വ്യവസായ ശാലകൾ സ്ഥാപിക്കാവുന്നതാണ്. ആയതിനുള്ള സ്ഥലങ്ങൾ കണ്ടെത്തണം.
4. വൈദ്യുതി കണക്ഷനുള്ള അനുവാദത്തിന് കാലതാമസം ഉണ്ടാകാൻ പാടില്ല.
5. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും പാൽ ശേഖരിച്ച് പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് നൽകിയും, ബാക്കിവരുന്നത് പുറത്തുകൊടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ഓരോ വിഭാഗത്തിലും പെട്ടവർക്ക് ചില വിഷയങ്ങൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. അവരുടെ സേവനം തൽപരരായ ആളുകൾക്ക് കിട്ടുന്നതാണ്. ശേഷിക്കുന്നവർക്കും ബോധവത്കരണ തൊഴിൽ പരിശീലനം കൊടുക്കുന്നതും നന്നായിരിക്കും.

പാലമേൽ ഗ്രാമപഞ്ചായത്തിൽ ആധികാരികമായി ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
കമ്പോസിംഗ്	2	ഇല്ല
പ്ലാസ്റ്റിക് വർക്ക്	2	ഇല്ല
ഇലക്ട്രീഷ്യൻ	2	ഇല്ല
ചിപ്സ് മേക്കിംഗ്	6	6
റേഡിയോ, ടിവി	1	6
എംബ്രോയ്ഡറി	4	6
ബീഡിതെറുപ്പ്	15	15

മുകളിൽ കാണുന്ന ചാർട്ടിൽ വിവരിച്ചതും ചുവടെ കൊടുക്കുന്ന ചാർട്ടിൽ വിവരിക്കുന്ന പേരുകളിലുള്ള ചെറുതും വലുതുമായ കുടിൽ വ്യവസായങ്ങൾ തുടങ്ങി വലിയ തോതിൽ വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാധ്യതകൾ ഉണ്ട്. അഞ്ചു വർഷക്കാലം കൊണ്ട് പൊതുജനങ്ങളുടെ നിർലോഭമായ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് നടപ്പിലാക്കുവാൻ പരിശ്രമിക്കുന്ന പക്ഷം പ്രൈമറി വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെ എത്തിയവർക്കും 18 വയസ്സു മുതൽ പ്രായമുള്ള സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ഓരോ കുടുംബത്തിനും ജീവിതപുരോഗതി ഉണ്ടാവുമെന്ന് കരുതുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ സാധ്യതകളുള്ള വ്യവസായങ്ങൾ

1. റബ്ബർ നഴ്സറി, അലങ്കാരച്ചെടികളുടെ നഴ്സറി
2. കോഴി വളർത്തൽ
3. മത്സ്യം വളർത്തൽ
4. പാലും പാലുത്പന്നങ്ങളും
5. ബേക്കറി സാധനങ്ങൾ നിർമ്മിക്കൽ
6. ജാമുകൾ, അച്ചാറുകൾ (ഏത്തപ്പഴം, ചക്ക, മാമ്പഴം, കടച്ചക്ക, മാങ്ങ, നാരങ്ങ)
7. റെഡിമെയ്ഡ് വസ്ത്രങ്ങൾ
8. കളർ പേപ്പർ കൊണ്ടുള്ള കരകൗശല വസ്തുക്കൾ
9. റബ്ബർ കൊണ്ടുള്ള ചെരുപ്പ്, ചവിട്ടുമെത്ത, റബ്ബർ ബാൻഡ്, ബലൂൺ.
10. തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, സോപ്പ്.
11. ഈറ കൊണ്ടുള്ള കുട്ട, വട്ടി, മുറം, പരമ്പ്.
12. തടി കൊണ്ടുള്ള വീട്ടുപകരണങ്ങൾ
13. ഖാദി ബോർഡ് യൂണിറ്റുകൾ
14. ഇരുമ്പു കൊണ്ടുള്ള നട്ട്, ബോൾട്ട്, ആണി എന്നിവ നിർമ്മിക്കൽ
15. പാറകൾ പോട്ടിച്ച് മെറ്റലാക്കുക
16. കെട്ടിട നിർമ്മാണ സാമഗ്രികൾ
17. കഞ്ചുകോട്, കുടശ്ശനാട് വാർഡുകളിൽ ഇഷ്ടിക നിർമ്മാണം.
18. തഴപ്പായ് നിർമ്മാണം, തുണിനെയ്ത്ത്.
19. പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ
20. അലൂമിനിയം പാത്രനിർമ്മാണം.
21. കാലിത്തീറ്റ യൂണിറ്റ്
22. ആക്രി യൂണിറ്റ്
23. റബ്ബർ റോളറുകൾ, റോളിംഗ് ഷട്ടറുകൾ
24. ഇലക്ട്രോണിക് ചോക്ക്, എമർജൻസി ലാമ്പ് നിർമ്മാണം.

വിദ്യാഭ്യാസം

ചരിത്രവും സംസ്ക്കാരവും സമന്വയിച്ച് വിദ്യാഭ്യാസ രംഗത്ത് മഹത്തായ സംഭാവന ചെയ്തിട്ടുള്ള ഒരു പാരമ്പര്യം തന്നെ പാലമേൽ പഞ്ചായത്തിനുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാർവ്വത്രികമാകുന്നതിന് മുമ്പ് തന്നെ ഭാരത സംസ്ക്കാരത്തിനുതകുന്ന തരത്തിലുള്ള ബോധനം നൽകുന്നതിന് പണ്ഡിതന്മാരായ ഗുരുക്കന്മാർ സ്വജീവിതം തന്നെ ഉഴിഞ്ഞുവച്ച ചരിത്ര പശ്ചാത്തലവും ഈ പഞ്ചായത്തിനവകാശപ്പെടാനുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഇത്തരം ഗുരു – ശിഷ്യ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ പ്രദേശത്ത് നിലനിന്നിരുന്നു. സ്വാതന്ത്ര്യം നേടിയെടുക്കുന്നതിന് വളരെ മുമ്പ്തന്നെ ഇവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നെങ്കിലും ആദ്യകാലങ്ങളിൽ സ്കൂളുകളിൽ പ്രവേശനം സവർണ്ണർക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ഈ പ്രദേശത്ത് ശ്രീനാരായണ പ്രസ്ഥാനം ശക്തിപ്രാപിച്ചു. അതോട് കൂടി അയിത്തക്കാർക്കും സ്കൂളുകളിൽ പഠിക്കാമെന്ന സ്ഥിതിയുണ്ടായി. അത് വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനം തന്നെ സൃഷ്ടിക്കപ്പെടുവാൻ കാരണമായി തീർന്നു.

ദേശീയ പ്രസ്ഥാനം ശക്തി പ്രാപിക്കുകയും ബഹുജനസംഘടകൾ രൂപം കൊള്ളുകയും ചെയ്തതോടെ സാമാന്യ ജനങ്ങൾക്ക് വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതി ലഭിച്ച് തുടങ്ങി. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ് പുരോഗതിക്ക് സർക്കാർ സ്കൂളുകളോടൊപ്പം തന്നെ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്കും സാമൂഹിക ഉയർച്ചയ്ക്കും പ്രധാനമായ പങ്കുവഹിച്ച സ്ഥാപനമാണ് പന്തളംN.S.S. കോളേജ്. നാടിന്റെ ഇപ്പോഴത്തെ സർവ്വതോന്മുഖമായ ഉയർച്ചക്കുള്ള അടിസ്ഥാന ഘടകം ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലകൊള്ളുന്ന 14 സ്കൂളുകളുടെ ദീർഘകാലമായിട്ടുള്ള സേവന പാരമ്പര്യമാണ്.

ഇളയശ്ശേരിൽ കുടുംബത്തിന്റെ സ്ഥലത്താണ് കാവുമ്പാട് പള്ളിക്കൂടം ആദ്യം തുടങ്ങിയത്. സ്കൂൾ നിർത്തുകയാണെങ്കിൽ ആ സ്ഥലം തിരിച്ച് കൊടുക്കണം എന്ന വ്യവസ്ഥയിലാണ് സ്ഥലം വിട്ടുകൊടുത്തത്. ഇതാണ് ഈ പഞ്ചായത്തിലെ ഒന്നാമത്തെ സ്കൂൾ. പിന്നീട് ആസ്കൂളാണ് എരുമക്കുഴി ഗവ : എൽ. പി. എസ്സ് ആയി തീർന്നത് ഈ നാട്ടിലെ ജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് അവിസ്മരണീയമായ പങ്ക് വഹിച്ചിട്ടുള്ള ഒരു സരസ്വതീ മന്ദിരമാണിത്.

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് മൂലൂർ. എസ്. പത്മനാദപ്പണിക്കർക്ക് കുറെ പള്ളിക്കൂടങ്ങൾ അനുവദിച്ച് കിട്ടി. അതിൽ ഒരു പള്ളിക്കൂടം തന്റെ വാത്സല്യ നിധിയും അരുമ ശിഷ്യനുമായ രാമന് മൂലൂർ നൽക്കുകയുണ്ടായി. അങ്ങനെ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ശ്രീ. രാമൻ സാർ സ്ഥാപിച്ച സ്കൂളാണ് ഉളവുക്കാട് രാമചന്ദ്ര വിലാസം ലോവർ പ്രൈമറിസ്കൂൾ. ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച പ്രതിഭാധനനായ കർമ്മയോഗിയായിരുന്നു ശ്രീ. രാമൻ സാർ.

പള്ളിക്കൽ വാർഡിൽ S. K. V L .P. S 1112 -ാം ആണ്ട്, പരേതനായ തെക്കേക്കര വല്യവീട്ടിൽ ശ്രീ. രാമനുണ്ണിത്താനാണ് സ്ഥാപിച്ചത്. ഈ വാർഡിലേയും സമീപപ്രദേശങ്ങളിലെയും സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കുന്നതിലും താഴ്ന്ന ജാതിക്കാർക്കും സാമൂഹത്തിലെ അവശതയനുഭവിക്കുന്നവർക്കും സാമാന്യ വിദ്യാഭ്യാസം നൽകുന്നതിലും ഈ സ്കൂൾ വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്.

പിന്നോക്കവിഭാഗത്തിന് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലത്ത് മഹാത്മാഗാന്ധിയുടെ ഹരിജനോദ്ധാരണത്തിൽപ്പെടുത്തി കുടശ്ശനാട് പുത്തൻവീട്ടിൽ ശങ്കരൻ താങ്കൾ സ്ഥാപിച്ച ശങ്കരവിലാസംL. P. School S.V.H.S കുടശ്ശനാട് ആയി ഉയർത്തപ്പെട്ടത്.

സാമൂഹ്യ പരിഷ്കരണപ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല, മുസ്ലീം സമുദായഅംഗങ്ങൾക്ക് മുൻതൂക്കമുള്ള പ്രദേശമായ ആദിക്കാട്ടുകുളങ്ങരയിൽ L.P സ്ക്കൂൾ സ്ഥാപിച്ച് വിദ്യാഭ്യാസ നവോത്ഥാനത്തിന് ശ്രമിച്ച മഹത്വ്യക്തിയായിരുന്നു പരേതനായ കുറ്റിവേലിൽ ശ്രീ. കുഞ്ഞുകൃഷ്ണപിള്ള. പരേതനായ കളീയ്ക്കൽ തെക്കേതിൽ ശ്രീ. രാമൻ നായർ സ്ഥാപിച്ച മലയാളം 7 -ാം ക്ലാസ് വരെയുള്ള സ്കൂളാണ് പിന്നീട് സി.ബി.എം ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. N.S.S എഞ്ചിനീയറായിരുന്ന പരേതനായ ശ്രീ. രാമക്കുറുപ്പ് സ്ഥാപിച്ച കുടശ്ശനാട് മിഡിൽ സ്കൂൾ പിന്നീട് N.S.Sഏറ്റെടുക്കുകയുംN.S.S. U.Pസ്കൂളായിത്തീരുകയും ചെയ്തു. പിന്നീട് അപ്ഗ്രേഡ് ചെയ്ത് N.S.S. ഹൈസ്ക്കൂൾ കുടശ്ശനാട് ആയിത്തീരുകയും ചെയ്തു.

നാട്ടുകാരുടെ തീവ്ര ശ്രമഫലമായാണ് പയ്യനല്ലൂർ L.P സ്കൂൾ സ്ഥാപിക്കപ്പെട്ടത്. പിന്നീട് U.P. ആയും തുടർന്ന് H.S ആയും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. വളരെയേറെ സാംസ്കാ

രിക പൈതൃകം അവകാശപ്പെടുന്ന ഒരു ഹൈസ്ക്കൂൾ ആണിത്. ഈ പഞ്ചായത്തിൽ 10 L. P സ്കൂളുകളും, 4 ഹൈസ് സ്കൂളുകളുമുണ്ട്. ഈ പഞ്ചായത്തിൽ 8 ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ സാമൂഹ്യ പുരോഗതിക്കു വേണ്ടി നിസ്തുലമായ സേവനമാണ് അർപ്പിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ ഗ്രാന്റോട്കൂടിയുള്ള ഒരു തയ്യൽ പരിശീലന കേന്ദ്രം മുതുകാട്ടുകര S.N.D.P. മന്ദിരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 3 ഇംഗ്ലീഷ് മീഡിയം സ്കൂളുകളും, 6 വായനശാലകളും, 3 സാംസ്ക്കാരിക നിലയങ്ങളും 7 അംഗൻവാടികളുമുണ്ട്.

വിദ്യാർഥികൾക്ക് ഉപരിപഠനത്തിനായി പ്രീഡിഗ്രി – ഡിഗ്രി കോളേജുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. നാട്ടിലെ കുട്ടികൾ അകലെയുള്ള പന്തളം, കായംകുളം, മാവേലിക്കര, ശാസ്താംകോട്ട എന്നിവിടങ്ങലിലാണ് ഉന്നതവിദ്യാഭ്യാസം നേടുന്നത്.

സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിനായി പന്തളം N.S.S പോളിടെക്നിക്കിലും, കായംകുളം, ചെങ്ങന്നൂർ, പന്തളം, മാവേലിക്കര തുടങ്ങിയ ITI / ITC കളിലും ചെങ്ങന്നൂർ, അടൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലും പഠിക്കുന്നു. കൊച്ചുകുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കാനുള്ള രക്ഷാകർത്താക്കളുടെ താൽപര്യം ഏറിവരുന്നതായി കാണുന്നു. പൊതു വിദ്യാലയത്തിൽ കുട്ടികളെ ചേർക്കുന്നതിലുള്ള രക്ഷാകർത്താക്കളുടെ വൈമുഖ്യം കൊണ്ടും വർഷംതോറും കുറഞ്ഞു വരുന്ന ജനന നിരക്ക് മൂലവും പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഹൈസ്ക്കൂൾ കേന്ദ്രമാക്കി സമീപമുള്ള ഫീഡിംഗ് സ്കൂളുകളെ ഉൾപ്പെടുത്തി School Complex കൾ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചാൽ അദ്ധ്യാപകർക്ക് നേരിട്ടേക്കാവുന്ന സംശയങ്ങൾ ദൂരികരിക്കാനും പരീക്ഷണ നിരീക്ഷണങ്ങൾക്ക് താഴ്ന്ന ക്ലാസ്സിലെ കുട്ടികൾക്ക് അവസരം ഉണ്ടാക്കുവാനും കഴിയും. ഇത് അധ്യയന നിലവാരം ഉയർത്താൻ സഹായമാകും. ഇവിടെയുള്ള ഹൈസ്കൂളുകൾ കുടശ്ശനാട്, കണ്ഠുകോട്, പയ്യനല്ലൂർ, എരുമക്കുഴി എന്നീ സ്ഥാലങ്ങളിലാണ്. ദൂരെയുള്ള വാർഡുകളിലെ കുട്ടികൾക്ക്, നാലും അഞ്ചും കിലോമീറ്റർ ദൂരം നടന്നാൽ മാത്രമേ ഈ സ്കൂളുകളിൽ എത്താൻ കഴിയുകയുള്ളു. തന്മൂലം വളരെയധികം കുട്ടികൾക്ക് തൊട്ടടുത്ത പഞ്ചായത്തുകളിലെ, പടനിലം, പന്തളം ഹൈസ്കൂളുകളെ അഭയം പ്രാപിക്കേണ്ടതായിവരുന്നു.

ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന ഹൈസ്കൂൾ CBM. H.S എരുമക്കുഴിയാണ്. ഏറ്റവും അധികം SC / ST വിദ്യാർത്ഥികൾ പഠിക്കുന്ന ഹൈസ്കൂൾ Govt : H.S പയ്യനല്ലൂരാണ്. ഈ ഹൈസ്കൂളുകളിൽ മികച്ച വിജയശതമാനം നേടുന്ന സ്കൂൾ N.S.S. H.S കുടശ്ശനാടാണ്. ഈ നാല് സ്കൂളുകളിലുമായി ധാരാളം കുട്ടികൾ സ്കോളർഷിപ്പോടു കൂടിയാണ് പഠിക്കുന്നത്. മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ് ഇവയെല്ലാം ഈ സ്കൂളുകളിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. ഈ സ്കൂളുകളിൽ ആവശ്യത്തിന് ഫർണിച്ചറുകൾ ഇല്ലാത്ത അവസ്ഥയുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 27 വിദ്യാർത്ഥികൾ ഹൈസ്കൂൾ പഠനം ഇടയ്ക്ക് വെച്ച് നിർത്തുകയുണ്ടായി. അതിൽ 12 പേർ S C / S T വിഭാഗത്തിലുള്ളവരാണ്.

ഈ പഞ്ചായത്തിൽ 10 എൽ.പി. സ്കൂളുകളുണ്ട്. മിക്ക സ്കൂളുകളും കുടിവെള്ള സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ആകെയുള്ള 13 സ്കൂളുകളിൽ 6 എണ്ണത്തിൽ റേഡിയോ ഉണ്ട്. ടെലിവിഷൻ ഉള്ള ഒരു സ്കൂൾ പോലും ഈ പഞ്ചായത്തിലില്ല. എല്ലാ സ്കൂളുകളിലും മാതൃസംഗമ പരിപാടി സജീവമായിട്ടുണ്ട്. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നുണ്ട്.

ഉച്ചക്കഞ്ഞിക്ക് പഞ്ചായത്തിൽ നിന്ന് ഗ്രാന്റ് നൽകുന്നുണ്ട്.

ഈയിനത്തിൽ പഞ്ചായത്തിൽ നിന്ന് പ്രതിവർഷം 14000 രൂപായോളം ചെലവഴിക്കുന്നുണ്ട്.

1995 – 96 അധ്യയന വർഷത്തിൽ ശരാശരി 193 അധ്യയന ദിവസങ്ങൾ ലഭിച്ചു. ഈ പഞ്ചായത്തിൽ ആകെ 5832 വിദ്യാർത്ഥികളും 238 അദ്ധ്യാപകരുമുണ്ട്. 6 സ്കൂളുകൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. പഞ്ചായത്തിൽ S.S.L.C. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഹരിജൻ, ഹരിജനേതര കുട്ടികൾക്ക് അവാർഡ് നൽകുന്നുണ്ട്.

സ്കൂകളിലെ പൊതുവായ പ്രശ്നങ്ങൾ

1. സ്കൂളുകളിൽ കെട്ടിടങ്ങളുടെയും ഫർണിച്ചറുകളുടെയും അപര്യാപ്തതയുണ്ട്
2. സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസ് തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ മെച്ചമല്ല
3. പല സ്കൂൾ കെട്ടിടങ്ങളും പൊളിഞ്ഞ് വീഴാറായതാണ്.
4. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.
5. അംഗന വാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചമല്ലാ. ഇവിടെ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല.
6. സ്കൂളുകളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്നു.
7. പല സ്കൂളുകളിലും ചുറ്റുമതിലുകളും കളിസ്ഥലങ്ങളും ഇല്ല.
8. മിക്ക സ്കൂളുകളിലും ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ്.
9. S.S.L.C വിജയശതമാനം കുറവാണ്.
10. പഠനം നിർത്തുന്നവരിലും തോറ്റു പഠിക്കുന്നവരിലും കൂടുതൽ പട്ടികജാതി വിഭാഗത്തിലുള്ളതാണ്.

നിർദ്ദേശങ്ങൾ.

1. അപ്ഗ്രേഡ് ചെയ്യാൻ സൗകര്യമുള്ള എല്ലാ L.P SChool കളും ഹൈസ്കൂളുകൾ ആക്കുക.
2. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ കെട്ടണം. പൊട്ടിയഓടുകൾ മാറ്റണം ഇടിഞ്ഞ് വീഴാറായ ചുറ്റുമതിലുകൾ പെട്ടെന്ന് അറ്റകുറ്റപ്പണികൾ നടത്തണം.
3. ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കണം. പഴയവ

യുടെ അറ്റകുറ്റപ്പണികൾ നടത്തണം.

4. ആവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.
5. പൈപ്പുകൾ സ്ഥാപിച്ചും, കിണറുകൾ നിർമ്മിച്ചും കുടിവെള്ള സംവിധാനം ഉപയോഗ്യമാക്കണം.
6. മൂത്രപ്പുര, കക്കൂസ് തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. ആവശ്യമുള്ള, ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുക.
8. ആവശ്യമുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുക. കായിക പരിശീലനത്തിനുള്ള സ്പോർട്ട്സ് സാമഗ്രികൾ ലഭ്യമാക്കുക
9 ഉച്ചക്കഞ്ഞി വിതരണം ചെയ്യാൻ കൂടുതൽ സാമ്പത്തികസഹായം കിട്ടണം.
10. അംഗന വാടികളിൽ ആവശ്യമുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തിൽ അനുവദിച്ചിരിക്കുന്ന അംഗൻ വാടികൾ തുടങ്ങുക.
11. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം സൽകണം.
12. ഹൈസ്കൂളുകളെ ബന്ധപ്പെടുത്തി School Complexകൾ സ്ഥാപിക്കണം..
13. പഠനകാര്യത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് കോച്ചിംഗ് ക്ലാസുകൾ നൽകണം.
14. S S L C തോറ്റ് നിൽക്കുന്നവർക്ക് തുടർന്നു പഠിക്കുവാൻ സാമ്പത്തിക സഹായം നൽകണം.
15. അക്കാദമിക് കാര്യങ്ങൾ പ്രതിമാസം വിലയിരുത്തണം.
16. കലകൾ അഭ്യസിക്കുന്നതിന് വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കണം.
17. S S L C വിജയശതമാനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കണം.
18. സ്കൂളുകളിൽ സ്ക്കൗട്ട് പ്രവർത്തനം കാര്യക്ഷമമാക്കണം.
19. ജഠ കളുടെയും മാതൃസംഗമത്തിന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.
20. വിദ്യാഭ്യാസ സമ്പ്രദായം തൊഴിലധിഷ്ഠിതമാക്കണം.
21. എല്ലാ L. P സ്കൂളുകളിലും കലാ -കായികാദ്ധ്യപകരെ നിയമിക്കുക.
22. പഞ്ചായത്തിൽ പോളിടെക്നിക്കുകൾ, I T C കൾ, കമ്പ്യൂട്ടർ പരിശീലന സ്ഥാപനങ്ങൾ, Plus two V. H. S. C, തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുക.
23. ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കുക.
24. B.Ed കോഴ്സുകൾ പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഏതെങ്കിലും സ്കൂളിനോട് ചേർന്ന് തുടങ്ങാവുന്നതാണ്.
25. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു ഡിഗ്രി കോളേജ് സ്ഥാപിക്കണം.
26. കുട്ടികൾ ദൂരെപോയി പഠിക്കേണ്ടിവരുന്നതൊഴിവാക്കാൻ പുതിയ ഹൈസ്കൂൾ സ്ഥാപിക്കണം.
27. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് മുൻതൂക്കം നൽകണം.
28. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യഭ്യാസം നൽകാനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം

ക്രമ നമ്പർ	School ന്റെ പേര്	ആകെ കുട്ടികൾ	അദ്ധ്യാപക രുടെ എണ്ണം	സ്ക്കൂളിന്റെ ഉടമസ്ഥത	വിസ്തീർണ്ണം	കെട്ടിടങ്ങ ളുടെ എണ്ണം	മുറികളുടെ എണ്ണം
1	H.S. പയ്യനല്ലൂർ	748	38	സർക്കാർ	3 ഏക്കർ 66സെന്റ്	5	21
2	L.P..S. പയ്യനല്ലൂർ	259	9	സർക്കാർ	70സെന്റ്	1	1 ഹാൾ
3	W.L.P.S പയ്യനല്ലൂർ	200	8	സർക്കാർ	15സെന്റ്	1	5
4	S.K.V.L.P.S പള്ളിക്കൽ	146	4	സർക്കാർ	80സെന്റ്	1	5
5	L.P.S എരുമക്കുഴി	380	12	സർക്കാർ	52സെന്റ്	3	12
6	C.B.M.H.S	1678	77	എയിഡഡ്	4.5 ഏക്കർ	9	52
7	W.L.P.S ഉളവുക്കാട്	68	4	സർക്കാർ	വാടകകെട്ടിടം 5 സെന്റ്	1	5
8	R.C.V.LP.S ഉളവുക്കാട്	124	4	എയിഡഡ്	15സെന്റ്	2	7
9	S.V.H.S723 കുടശ്ശനാട്	28		സർക്കാർ	3ഏക്കർ	4	15
10	N.S.S.H.S കുടശ്ശനാട്	882	34	എയിഡഡ്	5.5ഏക്കർ	3	36
11	L.P.S കുടശ്ശനാട്	164	5	സർക്കാർ	1.15 ഏക്കർ	2	2
12	St .Thomas L.P.S. കുടശ്ശനാട്	156	6	എയിഡഡ്	2 ഏക്കർ	1	3
13	L.P.S A.K.കുളങ്ങര	309	9	എയിഡഡ്	52 സെന്റ്	2	8

S.S.L.C വിജയശതമാനം
വർഷം

	സ്കൂളിന്റെ പേര്	92-93	93-94	94-95	95-96
1.	ഗവ: ഹൈസ്കൂൾ പയ്യനല്ലൂർ	58%	46%	41%	44%
2	C.B.M.H.S എരുമക്കുഴി	49%	48%	50%	49%
3	N.S.S..H.S കുടശ്ശനാട്	46%	67%	61%	59%
4	S.V.H.S കുടശ്ശനാട്	-	43%	52%	33%

ഹൈസ്കൂളുപളുടെ 1995 – 96 ലെവരവും ചെലവും

	സ്കൂളിന്റെ പേര്	സ്കൂളിന്റെകഴിഞ്ഞ വർഷത്തെ(95 – 95) വരവ് (രൂ)	ചിലവ് (രൂ)
1.	ഗവ: ഹൈസ്കൂൾ, പയ്യനല്ലൂർ	47402	11952
2	C.B.M. H.S., എരുമക്കുഴി.	16090	62540
3.	N.S.S.H.S, കുടശ്ശനാട്	4000	13800
4.	S.V.H.S, കുടശ്ശനാട്	15600	33900

സ്കൂളിലെ സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	മൂത്രപ്പുര	കക്കൂസ്	വൈദ്യുതി	ഫർണ്ണിച്ചർ	കുടിവെള്ളം	ലൈബ്രറി	ലബോറട്ടറി	ബ്ലാക്ക് ബോർഡ്	P.T.A	95–96 ൽ ലഭിച്ച അദ്ധ്യായന ദിവസം
1	Lpsപയ്യനല്ലൂർ	1	1	ഇല്ല	91	ഉണ്ട്	-	-	4	ഉണ്ട്	193
2.	HSപയ്യനല്ലൂർ	4	1	ഉണ്ട്	100	ഉണ്ട്	ഉണ്ട്	ഉണ്ട്	23	ഉണ്ട്	193
3	W.L.P.S പയ്യനല്ലൂർ	1	1	ഇല്ല	20	ഉണ്ട്	-	-	4	ഉണ്ട്	192
4.	SKV L.P.S	2	2	ഇല്ല	30	ഉണ്ട്	-	ഉണ്ട്	4	ഉണ്ട്	193
5.	LPS എരുമക്കുഴി	2	2	ഉണ്ട്	54	ഉണ്ട്	-	ഉണ്ട്	5	ഉണ്ട്	190
6	.CBM HS	6	4	ഉണ്ട്	175	ഉണ്ട്	ഉണ്ട്	ഉണ്ട്	50	ഉണ്ട്	193
7.	RCV LPS		1	ഇല്ല	16	ഇല്ല	ഉണ്ട്	ഇല്ല	4	ഇല്ല	193
8.	W LPS ഉളവുകാട്	ഇല്ല	ഇല്ല	ഇല്ല	8	ഇല്ല	ഇല്ല	ഉണ്ട്	2	ഉണ്ട്	193
9.	LPS കുടശ്ശനാട	1	2	ഉണ്ട്	7	ഉണ്ട്	ഉണ്ട്	ഉണ്ട്	2	ഉണ്ട്	191
10.	St.THOMAS LPS	2	1	ഉണ്ട്	6	ഉണ്ട്	ഉണ്ട്	ഇല്ല	-	ഉണ്ട	189
11	NSS. HS	4	1	ഉണ്ട്	25	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	191
12.	SV HS	2	2	ഉണ്ട്	90	ഉണ്ട്	ഇല്ല	ഇല്ല	21	ഉണ്ട്	205
13.	LPS A.K. കുളങ്ങര	2	ഇല്ല	ഇല്ല	10	ഉണ്ട്	ഇല്ല	ഇല്ല	7	ഉണ്ട്	174

കുടിവെള്ളവും പൊതുജനാരോഗ്യവും

പാലമേൽ പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ് കിണറുകളാണ്. പഞ്ചായത്തിലെ 9244 വീടുകൾ ഉള്ളതിൽ 75% വീടുകളിലും സ്വന്തമായി കിണറുകൾ ഉള്ളതാണ്. ബാക്കിയുള്ളവർ അയൽ വീടുകളിൽ നിന്നും വെള്ളം കൊണ്ടുവന്ന് ഉപയോഗിക്കുന്നവരാണ്. ജനുവരിമാസം മുതൽ മേയ് മാസം വരെ 12 വാർഡുകളിലും ജല ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു. കൂടുതൽ കിണറുകളും വളരെ ആഴമുള്ളവയും വേനൽക്കാലത്ത് വറ്റിപ്പോകുന്നതുമാണ്. പൊതുകിണറുകൾ പ്രത്യേകിച്ച് സ്കൂളുകളിൽ ഉള്ള കിണറുകൾ കാലാകാലങ്ങളിൽ ശുചിയാക്കുന്നില്ല. പ്രാഥമികാരോഗ്യകേന്ദ്രത്തിലുള്ള കിണറ്റിൽ നിന്നും വെള്ളം കോരിയെടുക്കുകയാണ്. പമ്പ്സെറ്റ് പ്രവർത്തനക്ഷമമല്ല. ജല വിതരണപദ്ധതി ഈ പഞ്ചായത്തിൽ എവിടെയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി പാലമേൽ, നൂറനാട്, നൂറനാട് ലെപ്രസി സാനിട്ടോറിയം, ചുനക്കര എന്നീ പ്രദേശങ്ങൾ കോമ്പ്രഹെൻസി സ്കീമിൽ ഉൾപ്പെടുത്തി കഴിഞ്ഞകാലങ്ങളിൽ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി എൻജിനീയറിങ്ങ് റിപ്പോർട്ട്കഴിഞ്ഞിട്ടുണ്ട്. 1996ലെ എം.എൽ.എ സ്കീമിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാലമേൽ പഞ്ചായത്തിൽ ശുദ്ധജലപദ്ധതി തുടങ്ങാതിരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് നേരിട്ടുള്ള ACCILARATED RURAL WATER SUPPLY SCHEME (A.R.W.S.S) ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പദ്ധതി നടപ്പിലാക്കുനതിനുവേണ്ടി L.I.C സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി പാലമേൽ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെട്ടുവരുന്നു. മരണനിരക്ക്, ജനനനിരക്ക്, ശിശുമരണനിരക്ക് എന്നിവ പരിശോധിച്ചാൽ 1995-96-ൽ വളരെ കുറവായി കാണപ്പെടുന്നതു കാണാം. വൃദ്ധ ജനങ്ങളുടെ എണ്ണം കൂടിവരുന്നു. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും, ഒരു E.S.I ആശുപത്രിയും, ഒരു ഹോമിയോ ആശുപത്രിയും ആണ് ഉള്ളത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഉള്ള 7 സബ്സെന്ററുകളും 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആഫാസുകളും വഴിയാണ് മാതൃശിശു സംരക്ഷണപ്രവർത്തനങ്ങളും പൊതുജനാരോഗ്യപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നത്. ചികിത്സാരംഗത്ത് P.H.C.യ്ക്ക് പുറമേ 9 സ്വകാര്യ ഡിസ്പെൻസറികളുണ്ട്.

ഈ പഞ്ചായത്തിലെ 75% വീടുകളിലും സാനിട്ടറി കക്കൂസുകൾ ഇല്ല. IRDP സർവ്വേ പ്രകാരം 1627 വീടുകളിൽ കക്കൂസുകൾ ഇല്ല. 1992 ന് ശേഷം വിവിധ പദ്ധതികളിലായി 251 കക്കൂസുകൾ മാത്രമാണ് അനുവദിച്ച്കിട്ടിയിട്ടുള്ളത്. ഇനിയും ഈ വിഭാഗത്തിൽ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്കായി 1376 കക്കൂസുകൾ കൂടി ലഭിക്കേണ്ടതാണ്.

കക്കൂസുകളുടെ അഭാവവും ശുദ്ധജലലഭ്യതക്കുറവും നിമിത്തം വയറിളക്കരോഗങ്ങളും വിളർച്ചാ രോഗങ്ങളും സർവ്വസാധാരണമാണ്. 824 വീടിനോട് ചേർന്ന് തൊഴുത്തുകൾ ഉണ്ട്. വളക്കുഴികൾ ഈച്ചയും കൊതുകും പെരുക്കുന്നതിന് സഹായകമായവിധത്തിൽ കാണുന്നു. ശാസ്ത്രീയമായി സംവിധാനം ചെയ്ത തൊഴുത്തുകളോ വളക്കുഴികളോ കാണാനില്ല. ഇതും ആരോഗ്യസംരക്ഷണത്തിന് ഭീഷണിയായി നിലനിൽക്കുന്നു.

പകർച്ചവ്യാധികളായ പൾമനറി റ്റ്യൂബർക്കലോസിസ് (ക്ഷയം), കോളറ, ടൈഫോയിഡ്, ചൊറി, മഞ്ഞപ്പിത്തം, എന്നീ രോഗങ്ങൾ പിടിപെട്ട് പ്രാഥമികാരോഗ്യകേന്ദ്രത്തിലും മറ്റ് സ്വകാര്യ ചികിത്സാലയങ്ങളിലും രോഗികൾ എത്തുന്നുണ്ട്.

അംഗൻവാടി കേന്ദ്രങ്ങളിൽ ക്കൂടി കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 5 വയസ്സിന് താഴെ പ്രായമുള്ള 712 കുട്ടികളിൽ 349 കുട്ടികൾക്ക് അനുപൂരകപോഷകാഹാരം ലഭിക്കുന്നു. 363 കുട്ടികൾക്ക് വേണ്ടി കൂടുതൽ അംഗൻ വാടികൾ ഉണ്ടാക്കേണ്ടതാണ്.

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അർഹരായ 3465 ദമ്പതിമാരുള്ളതിൽ 2406 ദമ്പതികൾ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുള്ളവരാണ്. കുടുംബ സംവിധാന പ്രവർത്തനങ്ങളും, ബോധവൽക്കരണവും, ഉയർന്ന വിദ്യാഭ്യാസനിരക്കും ജനങ്ങളിൽ ഉയർന്ന ആരോഗ്യനിലവാരം കൈവരിക്കാനുള്ള ബോധം ഉണ്ടാക്കിയിട്ടുണ്ട്. ശരാശരി 350 രോഗികൾ ഒരു ദിവസം P.H.C യിൽ ചികിത്സയ്ക്കായി എത്തുന്നു എന്നുള്ളതിൽ നിന്ന് തന്നെ ജനങ്ങളുടെ ആരോഗ്യസംരക്ഷണകാര്യങ്ങളിലുള്ള താത്പര്യം മനസ്സിലാക്കാവുന്നതാണ്. ദേശീയമലേറിയാ നിർമ്മാർജന പരിപാടി, മാതൃശിശുസംരക്ഷണ പരിപാടി, ദേശീയ ക്ഷയരോഗ പരിപാടി, ദേശീയ കുടുംബാസൂത്രണ പരിപാടി, ആരോഗ്യ വിദ്യാഭ്യാസ പരിപാടി തു

ടങ്ങിയ ദേശീയ പരിപാടികൾ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നതായി പറയപ്പെടുന്നു.

പോഷകാഹാരവും കുടിവെള്ള ക്ഷാമവും പരിസര സുചിത്വമില്ലായ്മ ചികിത്സാകാര്യങ്ങളുടെ അപര്യാപ്തതയുമാണ് ഈ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ.

നിർദ്ദേശങ്ങൾ

12 വയസ്സിന് താഴെയുള്ള കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ധാന്യങ്ങൾ, പഴങ്ങൾ, മുട്ട എന്നിവ സ്കൂളുകളിൽ കൂടിയും അംഗൻവാടികളിലൂടെയും കാര്യക്ഷമമായി വിതരണം ചെയ്യണം.

വാർഡുകൾ തോറും നടത്തിയ ഗ്രാമ സഭകളിൽ പങ്കെടുത്ത പൊതുജനങ്ങൾ ഉന്നയിച്ച ആരോഗ്യപ്രശ്നങ്ങളും നിർദ്ദേശങ്ങളും, പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും ലഭിച്ച വിവരങ്ങളും ഈ റിപ്പോർട്ടിൽ ചേർക്കുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ.

1. ശുദ്ധമായ കുടിവെള്ളം ആണ്ടിൽ 12 മാസം ലഭ്യമാകാതിരിക്കുന്നതും
2. രോഗ ചികിത്സയ്ക്ക് വേണ്ട സംവിധാനക്കുറവും
3. വീടുകളിൽ സാനിട്ടറി കക്കൂസുകളുടെ പോരായ്മയും ആണ്.
4. പ്രാഥമികാരോഗ്യത്തിൽ കിടത്തി ചികിത്സ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.
പഞ്ചായത്തിൽ ഏഴ് അംഗനവാടികളാണുള്ളത്. ഇവയ്ക്കെല്ലാം സ്വന്തമായ കെട്ടിടങ്ങളുണ്ട്. എന്നാൽ കുട്ടികൾക്ക് കളിക്കുന്നതിനുള്ള കളിക്കോപ്പുകളോ അനുബന്ധമായ സൗകര്യങ്ങളോ ഒന്നും തന്നെ ഇവിടങ്ങളിലില്ല. പഞ്ചായത്തിലെ ജനസംഖ്യ 29471 ആണ്. ഇതുമായി തട്ടിച്ചു നോക്കുമ്പോൾ ഈ അംഗനവാടികൾ അപര്യാപ്തമാണ്.

കോളനികളുമായി ബന്ധപ്പെട്ടല്ല ഇവയൊന്നും തന്നെ സ്ഥാപിച്ചിട്ടുള്ളത്. പുതുതായി അംഗനവാടികൾ അനുവദിച്ചു കിട്ടേണ്ടതായിട്ടുണ്ട്. ഇങ്ങനെ അനുവദിച്ചു കിട്ടുന്ന അംഗനവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങളും ഭൗതീക സാഹചര്യങ്ങളും ഉണ്ടാകണം. പൊതുജന സഹകരണത്താലും പഞ്ചായത്തിന്റെ സഹായത്താലും ഇത് നടപ്പിലാക്കാൻ കഴിയും.

നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളുടേയും (കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, വിഗലാംഗ പെൻഷൻ, അവശകലാ കായികരംഗങ്ങളിലുള്ള വരുടെ പെൻഷൻ....) വ്യാപ്തിയും പ്രവർത്തിയും വർദ്ധിപ്പിക്കണം. ധനസഹായം ലഭിക്കുന്നവരെല്ലാം അർഹരാണെങ്കിലും, നല്ലൊരു ഭാഗം അപേക്ഷകർക്ക് സഹായം ലഭിക്കുവാനുണ്ട്. ICDS സർവ്വേ പ്രകാരം പഞ്ചായത്തിൽ 312 അംഗവൈകല്യമുണ്ടവരുണ്ടെന്ന് കാണുന്നു.

ചലന വൈകല്യമുള്ളവർ	–	184
കാഴ്ചവൈകല്യമുള്ളവർ	–	34
കേൾവി സംസാര വൈകല്യമുള്ളവർ	–	48
മന്ദബുദ്ധിയുള്ളവർ	–	33
മറ്റിനം	–	13

എല്ലാവർക്കും വികലാംഗ പെൻഷൻ ലഭിക്കുന്നില്ല അർഹതപ്പെട്ട പെൻഷൻ അവർക്കു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

സാധ്യതകൾ

1. വിവിധ സാമൂഹികക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവത്കരണം നടത്തണം.
2. അംഗനവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം
3. വെൽഡിംഗ്, ബുക്ക്കീപ്പിംഗ് ഓഫ് അക്കൗണ്ടൻസി, നെയ്ത്ത്, അച്ചടി, കമ്പോസിംഗ്, റോഡിയോ,ടി.വി. റിപ്പയറിംഗ്, ഹെയർ ഡ്രസിംഗ്, പ്ലാസ്റ്റിക് വർക്ക്, പ്ലംബിങ്ങ്, മോട്ടോർ മെക്കാനിസം, സോപ്പു നിർമ്മാണം, കരകൗശലം, വയറിംഗ്, വീട്ടുപകരണങ്ങൾ നന്നാക്കൽ, കറിപൗഡർ നിർമ്മാണം ലാബ് ടെക്നീഷ്യൻ തുടങ്ങിയുള്ള വ ട്രൈസത്തിൽ ഉൾപ്പെടുത്തി പരിശീലനം നൽകണം. തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാൻ കഴിയും കൂടുതൽ പേർക്ക് തൊഴിൽ പരിശീലനത്തിനുള്ള അവസരമൊരുക്കണം.
4. DWCRA സംരംഭങ്ങൾക്ക് കൂടുതൽ സാധ്യതയുള്ളതിനാൽ നടപ്പിലാക്കാൻ ശ്രദ്ധിക്കണം
5. സാമൂഹ്യക്ഷേമ രംഗത്തെ എല്ലാ പ്രവർത്തനങ്ങളും കാലാകാലങ്ങളിൽ മോണിറ്റർ ചെയ്യണം.
6. സ്വയം തൊഴിൽ കണ്ടെത്താൻ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കണം
7. RAP യിൽ ഉൾപ്പെടുത്തി ഗ്രാമീണ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
9. അർഹതപ്പെട്ട പെൻഷനുകൾ അവശ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നതിന് ഉറപ്പുവരുത്തുവാനുള്ള സംവിധാനം ഉണ്ടാകണം.
10. സമ്പൂർണ്ണ മദ്യനിരോധനം ഉറപ്പുവരുത്തണം
11. റൂറൽ ഹൗസിംഗ് സൊസൈറ്റിയിൽ നിന്ന് സർക്കാർ ജീവനക്കാർക്കും മറ്റും നൽകി വന്നിരുന്ന പലിശ സബ്സിഡി തുടരണം.

സംസ്കാരം

സാമൂഹ്യവും സാമുദായികവുമായി സഹിഷ്ണത പുലർത്തുന്ന പഞ്ചായത്താണ് പാലമേൽ. ഹൈന്ദവ ക്രിസ്ത്യൻ മുഹമ്മദീയ വിഭാഗങ്ങൾ അടങ്ങിയതാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ. മായ യക്ഷിക്കാവ്, പണയിൽ ദേവീക്ഷേത്രം, തെഞ്ചേരിൽ ശിവക്ഷേത്രം, കാവിലമ്മക്കാവ് ദേവീക്ഷേത്രം, കുന്നിൽ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പാലാന്തറ ശിവക്ഷേത്രം, പുത്തൻവിള ദേവീക്ഷേത്രം, മുതുകാട്ടുകര ദേവീക്ഷേത്രം, നെടുംകുരുന്നി മലനട ക്ഷേത്രം, കാരിമുക്കത്ത് ക്ഷേത്രം, കരിമാൻകാവ് ശിവക്ഷേത്രം, തിരുമണിമംഗലം ക്ഷേത്രം, കുമാരപുരം സുബ്രഹ്മണ്യ ക്ഷേത്രം കൂടാതെ അരഡസനിലേറെ കുടുംബ ക്ഷേത്രങ്ങളും ഹൈന്ദവാരാധനാലയങ്ങളായിട്ടുണ്ട്.

പണയിൽ ഹെബ്രോൻ മാർത്തോമ്മാപള്ളി, പണയിൽ കത്തോലിക്കാപള്ളി, നൂറനാട് കത്തോലിക്കപ്പള്ളി, സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ചാപ്പൽ, നൂറനാട് സെന്റ് നിനാത്തോസ് കത്തോലിക്കപ്പള്ളി, ശാലേം മാർത്തോമ്മാപ്പള്ളി, മാമ്മൂട് ഓർഡോക്സ് പള്ളി, കുടശ്ശനാട് കത്തോലിക്കപ്പള്ളി, പെന്തക്കോസ്തു പള്ളി, എന്നീ ക്രൈസ്തവ അരാധനാലയങ്ങളും, ആദിക്കാട്ടുകുളങ്ങര മൊഹ്ദീൻ പള്ളി, അതിനോടനുബന്ധിച്ചുള്ള ഷേക് മുഹക്യദിൻ ഖാദിരയ്യ അവർകൾ അന്ത്യവിശ്രമം കൊള്ളുന്ന മക്ബറ, മേട്ടുംപുറം ഖബർ സ്ഥാനം, ഹിദായത്തുൽ ഇസ്ലാം സമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിഫായിപള്ളി, ഷെറഫുൽ ജമായത്തിന്റെ കീഴിലുള്ള നൂറനാട് കാവുംപാട് മുസ്ലീം പള്ളി എന്നി മുസ്ലീം ആരാധനാലയങ്ങളുമാണ് ഇവിടെയുള്ളത്. പടനിലം പരബ്രഹ്മ ക്ഷേത്രത്തെ കേന്ദ്രീകരിച്ചുള്ള ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച്

ഈ പഞ്ചായത്തിലെ കെട്ടുത്സവങ്ങൾ ക്രമീകരിച്ചു നടത്തിവരുന്നു. ഉളവുക്കാട്, എരുമക്കുഴി, മുതുകാട്ടുകര എന്നീ 'കരകൾ' മുഖ്യ പ്രാതിനിധ്യത്തോടു നടത്തുന്ന കാളകെട്ട് ഈ പ്രദേശത്തിന്റെ ഒരുത്സവമായി മാറുന്ന പണയിൽ അശ്വതി മഹോത്സവത്തോടനുബന്ധിച്ചും കാളകെട്ടുത്സവം നടത്തുന്നു. പണയിൽ കുറ്റിയിൽ കാവിലമ്മകാവിലും അടുത്തകാലത്ത് കാളകെട്ടുത്സവം ആരംഭിച്ചിട്ടുണ്ട്. കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി പന്തളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നെങ്കിലും ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും ക്രിസ്ത്യൻ ജനതയുടെ ആരാധനാലയമാണ്. ഇവിടെ എല്ലാ വർഷവും നടക്കുന്ന 'പെരുന്നാ'ളാ ഘോഷത്തോടനുബന്ധിച്ചുള്ള 'റാസ' വളരെ പ്രസിദ്ധമാണ്. അദിക്കാട്ടുകുളങ്ങര, കാവുംപാട്ട് മുസ്ലീം പള്ളികളോടനുബന്ധിച്ചുള്ള ചന്ദനക്കുട ഘോഷയാത്രകളും ഈ പ്രദേശത്തിന് ഉത്സവഛായ പരത്തുന്നതാണ്. ചതയദിനത്തിലെ ശ്രീനാരായണഗുരു ജയന്തി ഘോഷയാത്രയുൾപ്പടെയുള്ള വിവിധ മതസ്ഥരുടെ ആഘോഷങ്ങളിലും ഘോഷയാത്രകളിലും ജാതി മതങ്ങൾക്കതീതമായി കാണിക്കുന്ന ആഭിമുഖ്യം മത സൗഹാർദ്ദത്തിന്റേയും സാംസ്കാരിക വളർച്ചയുടേയും പ്രതീകമാണ്.

പ്രദേശിക കലകളിൽ കുടശ്ശനാട് ഭാഗത്ത് പ്രചരിപ്പിച്ചിരുന്ന ദ്രാവിഡകലകളായ പരിശമുട്ടുകളി, വേലകളി തുടങ്ങിയവയും, സ്ത്രീകളുടെ തിരുവാതിരകളിയും ഈ പ്രദേശത്തെ സാംസ്കാരിക വളർച്ചയെ വളരെയധികം സഹായിച്ചിട്ടുണ്ട്. പോത്തോട്ടിൽ കെ. ആർ. പരമുദാസിന്റെ നേതൃത്വത്തിലുള്ള ഒരുസംഘം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നാടകം പോലുള്ള പുരോഗമന കലാസൃഷ്ടികൾ അവതരിപ്പിക്കുവാനുള്ള വേദിയൊരുക്കിയിരുന്നു. തോപ്പിൽഭാസി, കാമ്പിശ്ശേരി കരുണാകരൻ തുടങ്ങിയ നാടകാചാര്യന്മാർ ഇതിനു പ്രചോദനമായിരുന്നു. 1950 കളിൽ ഓച്ചിറ വേലുക്കുട്ടിയുടെ 'വാസവദത്ത' തോപ്പിൽ ഭാസിയുടെ 'സ്ഥാനാർത്ഥി' എന്നീ നാടകങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇത് ഇവിടുത്തെ സാമൂഹ്യ സാംസ്കാരിക പരിവർത്തനത്തിന് ആക്കം കൂടുവാൻ സഹായിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് പല അമച്വർ കലാപ്രസ്ഥാനങ്ങളും നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 1952 മുതൽ ഇവിടെ സിനിമാ തിയേറ്റർ സ്ഥാപിച്ച് സിനിമാ പ്രദർശനവും നടത്തിവരുന്നു .

ദേശീയ പ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്ന പന്തളം ഗാന്ധിയൻ എന്നറിയപ്പെട്ടിരുന്ന കുടശ്ശനാട് മാധവൻപിള്ള പേരു കൊണ്ടറിയപ്പെടുന്നതുപോലെ തന്നെ ഒരു തികഞ്ഞ ഗാന്ധിയനായിരുന്നു. ദേശീയ പ്രസ്ഥാനവുമായി ഈ പ്രദേശത്തിനുള്ള ബന്ധവും, തന്റെ ജീവിതാനുഭവങ്ങളും പകർത്തിയ 'കമ്പം' 'ഗാന്ധിദർശനം' എന്നീ ഗ്രന്ഥങ്ങൾ ഈ പ്രദേശത്തിന്റെ ഉൾത്തുടിപ്പുകളുടെ പരിഛേദം കൂടിയാണ്. ഇദ്ദേഹം സാഹിത്യ സാംസ്കാരിക രംഗത്ത് നൽകിയ സംഭാവനകളുടെ ചുവടുപിടിച്ചുകൊണ്ട് വളർന്നു വന്ന ആളാണ് അദ്ദേഹത്തിന്റെ അനിന്തിരവൻ കൂടിയായ എം. കെ. ഗംഗാധരൻ എന്ന എഴുത്തുകാരൻ. അദ്ദേഹത്തിന്റെ 'ഖുക്രി' എന്ന നോവലിന് ചെറുകാട് അവാർഡ് ലഭിച്ചിട്ടുണ്ട്. 19 നോവൽ ഉൾപ്പെടെ 22 ഗ്രന്ഥങ്ങളുടെ രചിയിതാവും, സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡ് അംഗവുമായ നൂറനാട് ഹനീഫ് ഇപ്പോൾ താമസം

കൊല്ലത്താണെങ്കിലും പാലമേൽ പഞ്ചായത്തിന്റെ സംഭാവനയാണ്. ക്ഷയോന്മുഖമായ നാടൻകലകളെ കുറിച്ച് പഠനം നടത്തിക്കൊണ്ടിരിയ്ക്കുന്ന കുടശ്ശനാട് ജി. ഭാർഗ്ഗവൻപിള്ളയുടെ 'പാണപ്പാട്ടുകൾ' 'കാക്കാരശി' തുടങ്ങിയകൃതി ഈ രംഗത്തൊരു മുതൽക്കൂട്ടാണ്.

ഈ പഞ്ചായത്തിൽ 4 സ്കൂൾ ലൈബ്രറികളും, ഗ്രന്ഥശാല സംഘത്തിന്റെ നിയന്ത്രണത്തിലുള്ള 4 ലൈബ്രറികളും, പഞ്ചായത്തിന്റെ ചുമതലയിലുള്ള സാംസ്കാരിക നിലങ്ങളുടെ ഭാഗമായ 3 ലൈബ്രറികളും, പഞ്ചായത്തിന്റെ തന്നെ കേന്ദ്ര ഗ്രന്ഥശാല എന്ന നിലയിലുള്ള പബ്ലിക്ക് ലൈബ്രറിയും ഉൾപ്പെടെ 12 ലൈബ്രറികളിൽ ഗ്രന്ഥശാല സംഘത്തിന്റെ നിയന്ത്രണത്തിലുള്ള 2 ലൈബ്രറികൾ ഇപ്പോൾ കാര്യക്ഷമമായല്ല പ്രവർത്തിക്കുന്നത്. അംഗങ്ങളിൽ നിന്നുള്ള വരിസംഖ്യയും, സംഭാവനകളും കൊണ്ടാണ് ഈ ലൈബ്രറികൾ പ്രവർത്തിക്കേണ്ടത്. സാംസ്കാരിക നിലയങ്ങളും, പബ്ലിക്ക് ലൈബ്രറിയും പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. സാംസ്കാരിക നിലങ്ങളിൽ 1989 നു ശേഷവും, പബ്ലിക്ക് ലൈബ്രറിയിൽ 1985 നു ശേഷവും പുസ്തകങ്ങൾ എടുത്തിട്ടില്ല. കുടശ്ശനാട് സാംസ്കാരിക നിലയത്തിനും, എരുമക്കുഴി കവിതാ ലൈബ്രറിക്കും സ്വന്തമായി സ്ഥലമുണ്ട്.

ഇതിൽ മുപ്പതോളം കലാ – കായിക സമിതികളാണ് പാലമേലുള്ളത്. അവയിൽ ഇരുപതോളം സമിതികൾ പ്രവർത്തനനിരതമാണ്. പലതും ഓണക്കാലത്തുമാത്രം പ്രവർത്തിക്കുന്നവയാണ്. ഇതിൽ മറ്റപ്പള്ളി ജയ കേരള കലാസമിതി, പള്ളിക്കൽ രാഗധാരാ ആർട്ട്സ് & സ്പോർട്ട് ക്ലബ് എന്നിവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. ചിലതെല്ലാം സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ്. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സന്നദ്ധ സംഘടനകളുടെ ആത്മാർത്ഥമായ പ്രവർത്തനഫലമായി, സാക്ഷരതാപ്രവർത്തനത്തിൽ ഒന്നാംഘട്ടത്തിൽത്തന്നെ ജില്ലയിലെ രണ്ടാം സ്ഥാനവും, താലൂക്കിലെ ഒന്നാം സ്ഥാനവും ഈ പഞ്ചായത്തിനു കരസ്ഥമാക്കുവാൻ സാധിച്ചു.

അഖിലകേരള ഡ്രമാറ്റിക് ക്ലബിന്റെ നാടകങ്ങൾ നേരത്തെ നടത്തിവന്നിരുന്നു.
വിശുദ്ധ നാടകസംഘം നാടകാവതരണത്തിൽ പുതുമകൾ തേടിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കുദാഹരണമാണ് ഇന്ദിരാപാർത്ഥസാരഥിയുടെ 'അഴിയാത്ത വേഷങ്ങൾ', 'തിരുമ്പിവന്താൻതമ്പി' എന്നിവയുടെ അവതരണം. സ്പോർട്ട്സ് രംഗത്ത് ടൂർണ്ണമെന്റുകൾ സംഘടിപ്പിച്ചുകൊണ്ട് KYC സജീവമായി നിൽക്കുന്നു.

കാലാസമിതികളേയും ഗ്രന്ഥശാലകളേയും കേന്ദ്രീകരിച്ച് കൈയെഴുത്ത് മാസികകൾ നിലവിലുണ്ടായിരുന്നു. അതിൽ 1960 കാലത്ത് കുടശ്ശനാട് യംഗ്സ്റ്റേഴ്സിന്റെ 'കലാകുസുമം' കൈരളി ആർട്ട്സിന്റെ 'ശബ്ദം' ആദിക്കാട്ടുകുളങ്ങരയിൽ നിന്നുള്ള 'ജനതാ' കൈയെഴുത്തുമാസിക എന്നിവ ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. 'ശബ്ദ'ത്തിന്റെ 1964 ഏപ്രിൽ ലക്കത്തിൽ 'ഗ്രാമ പഞ്ചായത്ത് എന്ത് ? എങ്ങനെ ?' എന്നുള്ളതിനെപ്പറ്റി മാന്നാർ രാമചന്ദ്രൻപിള്ള പ്രൗഢഗംഭീരമായ ലേഖനം എഴുതിയിട്ടുണ്ട്. 1985 – ൽ തുടങ്ങിയ 'സരണി' എന്ന കൈയെഴുത്തു മാസിക പിന്നീട് ഇൻലന്റ് മാഗസിനായും, ഇപ്പോൾ ഉൺമ എന്ന മിനി മാസികയായും പ്രസിദ്ധീകരിച്ചുവരുന്നു.

1994 മുതൽ 'ഹരിത' എന്നപേരിൽ ഒരു കൈയെഴുത്തുമാസിക കൃത്യമായി പുറത്തിറക്കുന്നുണ്ട്. നാടകത്തെ സംബന്ധിച്ചു പ്രതിപാദിക്കുന്ന ഒരു നാടകമാസിക 'ദൃശ്യ ഭാഷ' എന്നപേരിൽ പ്രസിദ്ധീകരിക്കുന്നു. ആദിക്കാട്ടുകുളങ്ങര പ്രദേശത്തെ മുസ്ലീം വീടുകളിൽ ആശയവിനിമയത്തിന് തമിഴ് കലർന്ന മലയാള ഭാഷ പ്രയോഗത്തിലുണ്ട്. കൗതുകകരമായ ഈ ഭാഷയുടെ ഉത്ഭവം വ്യക്തമല്ല. ആശയപരമായ വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ സമാധാന അന്തരീക്ഷം നിലനിർത്തുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ഈ പ്രദേശത്തെ പ്രധാന ഗതാഗത മാർഗ്ഗം, കായംകുളം – പുനലൂർ റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നു. യാത്രക്കാർക്ക് തണലേകുന്നതിന് രാജഭരണകാലം മുതൽ പ്രശസ്തമായ ഈ വീഥിയുടെ പാർശ്വങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചത് ആദ്യം ശ്രീമൂലം തിരുനാൾ മഹാരാജാവും, പിന്നീട് സ്ഥലവാസികളുമാണ്. അന്ന് ഇവിടെയുണ്ടായിരുന്ന പ്രധാനവഴിയോര വിശ്രമകേന്ദ്രത്തിൽ, ഇന്ന് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നു.

അടുത്തകാലത്ത് നൂറനാടിന്റെ സജീവ ശ്രദ്ധയാകർഷിക്കുന്നത് ദേശാടനപ്പക്ഷികളിലൂടെയാണ്. ദിവംഗതനായ പ്രശസ്ത പക്ഷി നിരീക്ഷകൻ ഇന്ദു ചൂടന്റെ പേരിട്ടിരിക്കുന്ന ഈ നീർപക്ഷി കേന്ദ്രത്തിൽ പതിനായിരത്തിലേറെ നീർ പക്ഷികളെ കണ്ടെത്തിയതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രജനനത്തിനായി ഇവിടെ വന്നെത്തുന്ന ഈ പക്ഷികളെ മേയ് മുതൽ ഡിസംബർ വരെയാണ് കാണപ്പെടുന്നത്. പതിനാറിലേറെ വർഷങ്ങളായി ഇതു തുടർന്നുവരുന്നു. വംശനാശ ഭീഷണിയെ നേരിടുന്ന ചേരക്കോഴികൾ (Indian Darter) ഉൾപ്പടെയുള്ള എട്ടിലേറെയിനം നീർ പക്ഷികളുള്ള അപൂർവ്വ കേന്ദ്രങ്ങളിലൊന്നാണിതെന്ന് ശ്രീ. പി.കെ. ഉത്തമൻ എഴുതിയിട്ടുണ്ട്.

നൂറനാടിന്റെ ഹൃദയഭാഗത്ത് ഈ പക്ഷികൾ ചേക്കേറുന്നതുമൂലം, വഴിയാത്രക്കാർക്കും സമീപവാസികൾക്കും, കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏറെയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുള്ള സാദ്ധ്യതയും ഏറുന്നു. ഇവകളെ സംരക്ഷണകേന്ദ്രങ്ങളിൽ അഭയം നൽകണം. ഈ പഞ്ചായത്തിലെ എല്ലാ വർഡുകളിലുമായി ഒട്ടേറെ കാവുകൾ ഉണ്ട്. ഇവയെല്ലാം ആരാധനാലയങ്ങളോടു ചേർന്നുള്ളവയാണ്. വൈവിദ്ധ്യമാർന്ന ഈ ആവാസവ്യവസ്ഥകൾ നിലനിൽക്കുന്നത് ആരാധനയുടേയും, വിശ്വാസാചാരങ്ങുടേയും ഭാഗമായിട്ടാണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ സാസ്കാരിക പ്രസ്ഥാനങ്ങൾ പരിതാവസ്തയിലാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സാമ്പത്തിക പ്രശ്നങ്ങൾ കലാ സാംസ്കാരിക പ്രസ്ഥാനങ്ങളെ പലപ്പോഴും തളർത്തിക്കളയുന്നു. ഗ്രന്ഥ ശാലകളുടെ പ്രവർത്തനവും ശുഷ്കാവസ്ഥയിലാണ്: വളരെ ചെറിയ വിഭാഗം ആളുകൾ മാത്രമേ ഗ്രന്ഥ ശാലകൾ ഉപയോഗിക്കുന്നുള്ളൂ എന്ന്

ഗ്രന്ഥ ശാലകളുടെ പുസ്തകവിതരണ കണക്കുകൾ സൂചിപ്പിക്കുന്നു. അതിനുകാരണമായി പറയാവുന്നത് കാലകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പുതിയ പുസ്തകങ്ങളുടെ അഭാവം, ദൃശ്യ മാദ്ധ്യമങ്ങളുടെ ലക്ഷ്യമില്ലാത്ത പ്രകടനം ജനത്തിന്റെ സമയം വലിയൊരുഭാഗം അപഹരിക്കുന്നു. അശാസ്ത്രീയവും, അനുകരണവുമായ വിദ്യാഭ്യാസ സമ്പ്രദായം വളരുന്നതലമുറയെ പൊതുവായനാശീലത്തിൽനിന്നും അകത്തിനിർത്തുന്നു.

ഗ്രന്ഥ ശാലാ സംഘത്തെസംബന്ധിച്ചിടത്തോളം വികലമായ പുസ്തക വിതരണ നയങ്ങൾ, കാലാകാലങ്ങലിൽ ലഭിക്കേണ്ട ഗ്രാന്റ് യാഥാസമയം നൽകാതെ പിടിച്ചിടുന്ന നയം തുടങ്ങിയവ അംഗ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1. സാസ്കാരിക വളർച്ചയിൽ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധ കാര്യമായി ലഭിച്ചെങ്കിൽ മാത്രമേ കഴിയുകയുള്ളു.
2. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ പഞ്ചായത്തിലുടെയാകണം
3. കേരളോത്സവം, ഓണം സ്പോർട്ട്സ് എന്നിവ ഏകോപ്പിച്ച് ഓണക്കാലത്തു നടത്തണം
4. വാർഡുതലത്തിൽ വാർഡിലെ ക്ലബ്ബുകളെ ഏകോപിപ്പിച്ചുള്ള മത്സരങ്ങൾ നടത്തിയ ശേഷം പഞ്ചാത്തുതലത്തിൽ മത്സരം നടത്തിയാൽ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കാൻ കഴിയും.
5. ക്ലബ്ബുകളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
6. ഓരോവർഷവും ഓരോ പൊതുപരിപാടികൾ ഓരോ വാർഡിലും ഏതെങ്കിലും ക്ലബ്ബിന്റെ ചുമതലയിൽ പഞ്ചായത്തിന്റെ സഹായത്തിൽ നടത്തത്തക്കവണ്ണം ആലോചിച്ചൊരു കലണ്ടർ തയ്യാറാക്കുക.
7. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് നല്ലസിനിമകൾ പ്രദർശിപ്പിക്കണം.
8. നാടൻ കലകളേയും കളികളേയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ നടപ്പിലാക്കണം.
9. പ്രവർത്തനരഹിതമായിരിക്കുന്ന പയ്യനല്ലൂർ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
10. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് സഞ്ചരിക്കുന്ന വായനാശാലകൾ ഏർപ്പെടുത്തണം.
11. ഈ പഞ്ചായത്തിലെ ജനങ്ങളുടെ കായിക സംസ്കാരം വളർത്തിയെടുക്കുവാൻ പഞ്ചായത്ത് ഓപ്പൺ എയർ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കണം.
12. എല്ലാ ഗ്രന്ഥ ശാലകളിലും പുസ്തകങ്ങൾ എടുക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും, എല്ലാ വർഷവും അതിനായി തുക നീക്കിവയ്ക്കുകയും ചെയ്യുക.
13. വായനശാലകളിൽ നിലവാരമുള്ള ആനുകാലികങ്ങൾ വരുത്തണം.
14. പക്ഷികളേക്കുറിച്ച് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും പ്രശ്നങ്ങൾ പരിഹരിച്ച് സംരക്ഷിക്കുകയും ചെയ്യണം.
15. ആവാസവ്യവസ്ഥകൾ നിലനിൽക്കുന്ന കാവുകൾ സംരക്ഷിരക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
16. ഠ.ഡ. സംപ്രേഷണം വൈകിട്ട് 6 മണിമുതൽ 9 മണി വരെ വിദ്യാഭ്യാസപരിപാടികൾ ആക്കുവാൻ നടപടിയുണ്ടാവണം.
17. എല്ലാ വാർഡുകളിലും ലൈബ്രറികൾ ഉണ്ടാവണം
18. സബ്ബ് രജിസ്ട്രാർ ആഫീസിനോടു ചേർന്നുള്ള 'കളത്തട്ട്' മീരാലബാമേട്, പൊതുകിണറുകൾ, 'ചുമടുതാങ്ങി' എന്നിവ സംരക്ഷിക്കണം.

കലാ സാംസ്കാരിക സ്ഥാപനങ്ങളുടെ ലിസ്റ്റ്

ക്രമനമ്പർ	പേര്
1.	പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, പയ്യനല്ലൂർ
2.	പ്ലയേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
3.	ഊട്ടുപറമ്പിൽ ക്ലബ്, പയ്യനല്ലൂർ
4.	രാഗധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
5.	യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
6.	നവചേതന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
7.	സാംസ്കാരിക വേദി, എരുമക്കുഴി
8.	ഗ്രാമവേദി, എരുമക്കുഴി,
9.	ആനന്ദ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
10.	സുഭാഷ് ഗ്രന്ഥശാല, പയ്യനല്ലൂർ
11.	കവിതാ ലൈബ്രറി, എരുമക്കുഴി
12.	അനശ്വര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
13.	പഞ്ചായത്ത് പബ്ലിക് ലൈബ്രറി
14.	ശ്രീരഞ്ജിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
15.	യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
16.	ഗ്രാമശ്രീ പ്രകൃതി സംരക്ഷണ സമിതി & സാമൂഹ്യ പഠന കേന്ദ്രം
17.	പഞ്ചായത്ത് സാംസ്കാരിക നിലയം
18.	നവചേതന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
19.	നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
20	ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
21,	ജയകേരളാ കലാസമിതി
22.	യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
23.	നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
24.	റെയ്സിംഗ് സ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
25.	നേർത്ത് ഫ്രണ്ട്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
26.	ജയകൃപ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
27.	പഞ്ചായത്ത് സാംസ്കാരിക നിലയം,
28.	കെ. വൈ. സി. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കടശ്ശനാട്
29.	അംബദ്ക്കർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
30.	നവജ്യോതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
31.	നവോദയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
32.	പഞ്ചായത്ത് സാംസ്കാരിക നിലയം കുടശ്ശനാട്
33.	A.K.D.C. ആദിക്കാട്ടുകുളങ്ങര.
34.	ഗ്രാമശില്പി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
35.	ഗ്രാമ വികസന കേന്ദ്രം
36.	ജനതാ വായനശാല
37.	രശ്മി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്,
38.	കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പാലമേൽ യൂണിറ്റ്

സഹകരണ മേഖല

സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപുതന്നെ 1922-ൽ നമ്മുടെ പഞ്ചായത്തിൽ കുടശ്ശനാട് കേന്ദ്രീകരിച്ച് ഏതാനും പേർ കൂടി സ്ഥാപിച്ച സഹകരണ പ്രസ്ഥാനമാണ് കുടശ്ശനാട് സർവ്വീസ് സഹകരണ സംഘം. 1956-ൽ പാലമേൽ വില്ലേജ് കേന്ദ്രീകരിച്ച് രണ്ട് വായ്പാ സംഘങ്ങളും, 1977-ൽ വില്ലേജ് കേന്ദ്രീകരിച്ച് ഒരു പട്ടികജാതി സർവ്വീസ് സഹകരണസംഘവും ഒരു ഹൗസിംഗ് സഹകരണ സംഘവും രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. കൂടാതെ കുടശ്ശനാട്, ഉളവുക്കാട്, എരുമക്കുഴി, പണയിൽ, മുതുകാട്ടുകര എന്നിവിടങ്ങളിലായി അഞ്ച് ക്ഷീരോൽപാദന സഹകരണ സംഘങ്ങളും മാവേലിക്കര താലൂക്ക് റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. മറ്റ് തൊഴിൽ മേഖലയുമായോ, വ്യവസായമേഖലയുമായോ ബന്ധപ്പെട്ടുകൊണ്ടുള്ള സഹകരണപ്രസ്ഥാനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.

പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും വനിതാ ക്ഷേമത്തിനാവശ്യമായ സംഘങ്ങൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതായി കാണുന്നില്ല. മാവേലിക്കര കാർഷിക വികസന ബാങ്കിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലെ സംരംഭകർക്ക് ആശ്വാസം നൽകുന്നതാണ്. സ്കൂൾ സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ നിർജ്ജീവമാണ്. IRDP പോലുള്ള ലോണുകൾ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

സഹകരണ പ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിൽ കാര്യമായ പുരോഗതി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പഞ്ചായത്ത് പ്രവർത്തന പരിധി ആയിട്ടുള്ളതും, പഞ്ചായത്ത് പ്രവർത്തന പരിധിയിൽ വരുന്നതുമായ 11 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ഇവയുടെ പേരുവിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1

വിവിധസഹകരണ സംഘങ്ങൾ

ക്രമ നമ്പർ	വിഭാഗം	പേരും നമ്പരും	തുടങ്ങിയ വർഷം	പ്രവർത്തന പരിധി
1	വായ്പാ സംഘങ്ങൾ	കുടശ്ശനാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. 443	1922	കുടശ്ശനാട്, കണ്ണമ്പുകോട്
2.	വായ്പാ സംഘങ്ങൾ	പാലമേൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. 4013	1959	9,10 ഒഴികെയുള്ള വാർഡുകൾ
3.	"	പാലമേൽ വില്ലേജ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. 4018	"	9,10 ഒഴികെയുള്ള വാർഡുകൾ
4.	"	പാലമേൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. എ. 649	1977	പാലമേൽ വില്ലേജ്
5.	ക്ഷീരസംഘം	കുടശ്ശനാട് KUCS A (141) D Apcos	1986	കണ്ണമ്പുക്കോട്, കുടശ്ശനാട്
6.	"	പണയിൽ KUCS A (14) D Apcos	1984	2,3 വാർഡുകൾ
7.	"	തത്തംമുന്ന KUCS A (199) D Apcos	1939	മുതുകാട്ടുകര തത്തംമുന്ന (നൂറനാട് പഞ്ചാ.)
8.	"	എരുമക്കുഴി KUCSA (142)	1986	എരുമക്കുഴി, കാവുംപ്പാട്
9.	"	ഉളവുക്കാട് KUCSA (147) ഡി	1987	7,8 വാർഡുകൾ പാലമേൽ
10.	ഹൗസിംഗ്	ഹൗസിംഗ് സഹ. സംഘം. നം. എ. 293		
11.	മാർക്കറ്റിങ്ങ്	മാവേലിക്കര താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹ. സംഘം	1993	മാവേലിക്കര താലൂക്ക്

ഇന്നത്തെ അവസ്ഥ

1922–ൽ തന്നെ സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചെങ്കിലും പിന്നീടുള്ള അതിന്റെ വളർച്ച മന്ദഗതിയിലായിരുന്നു. പല സംഘങ്ങളുടെയും പ്രവർത്തനം നിലച്ചുപോയിരുന്നു.

ക്രഡിറ്റ് സഹകരണ സംഘങ്ങളുടെയും നിലമെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. 1984 നു ശേഷം 5 ക്ഷീരോത്പാദന സഹകരണ സംഘങ്ങളും രൂപീകരിച്ചു പ്രവർത്തിക്കുന്നു. മാർക്കറ്റിംഗ് രംഗത്ത് നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം കടന്നു ചെല്ലേണ്ടതായിട്ടുണ്ട്. 1977–ൽ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനവും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ സമഗ്രവികസനത്തിന് ഓരോ മേഖലയും പ്രത്യേകമായി എടുത്ത് അവയുടെ എല്ലാം പ്രശ്നങ്ങളും പരിഗണിക്കേണ്ടതായിട്ടുണ്ട്. ഇവയെ പ്രധാനമായും കാർഷികം, ക്ഷീരോൽപാദകം, വ്യവസായം, മാർക്കറ്റ്, വിദ്യാഭ്യാസം എന്നിങ്ങനെ തിരിച്ച് വിലയിരുത്തേണ്ടിയിരിക്കുന്നു.

കാർഷികമേഖല

കാർഷികരംഗത്ത് പ്രവർത്തിച്ചുവരുന്ന നമ്മുടെ പഞ്ചായത്തിലെ സംഘങ്ങൾ നമ്പർ 443, നമ്പർ 4013, നമ്പർ 4018 എന്നിവയാണ്. ഈ മൂന്ന് സംഘങ്ങളിലായി 5678 അംഗങ്ങളാണുള്ളത്. നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ ഇനിയും എത്രയോ പേരെ അംഗങ്ങളായി ചേർക്കേണ്ടതുണ്ട്. സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ നിരവധി സഹകാരികളുടെ നിസ്വാർത്ഥ പ്രവർത്തനങ്ങൾ ഉണ്ടെന്നുള്ള വസ്തുത പ്രത്യേകം സ്മരിക്കുന്നു. പഞ്ചായത്തിലെ കർഷകരുടെ വായ്പാവശ്യങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും, കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കാർക്ക് വായ്പ നൽകുന്നതിനും കഴിയണം. കർഷകർക്കാവശ്യമായ വളം, കീടനാശിനികൾ, ആസിഡ് ഇവ സഹായ വിലയ്ക്ക് വിതരണം നടത്തുവാൻ കഴിയണം. അതോടൊപ്പം അംഗങ്ങൾക്ക് ന്യായവിലയ്ക്ക് നിത്യോപ സാധനങ്ങൾ സംഘങ്ങൾ വഴി ലഭ്യമാക്കണം. ഓണച്ചന്തകളും മറ്റും നടത്തി ഉത്സവകാലങ്ങളിൽ ജനങ്ങൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യണം. സ്വർണ്ണപ്പണയ വായ്പയും, ചിട്ടികളും, ലഘുനിക്ഷേപങ്ങളും നടത്താൻ കഴിയണം. കാർഷിക വികസന ബാങ്കിന്റെ സഹായങ്ങൾ പഞ്ചായത്തിൽ കൂടുതൽ ലഭ്യമാക്കണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് വായ്പ ലഭ്യമാക്കാൻ കഴിയുന്നില്ല.
2. വിതരണം ചെയ്യുന്ന വായ്പകൾ യഥാകാലം തിരിച്ചടവുനടത്തുന്നില്ല.
3. വായ്പ വിനിയോഗം വിലയിരുത്തുന്നില്ല പലവായ്പകളും യഥാർത്ഥ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നില്ല.
4. കർഷകർക്കുവേണ്ടിയുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കി കാണുന്നില്ല.
5. വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി കാണുന്നില്ല.
6. 4013,443 വളവും കീടനാശിനികളും മറ്റും വിപണനം നടത്തുന്നില്ല.

സാദ്ധ്യതകൾ

1. സംഘങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിന്റെ ഭാഗമായി അംഗങ്ങളെ കൂടുതലായി ചേർക്കണം.
2. സഹകരണം ഒരു ജനകീയ പ്രസ്ഥാനം ആയതിനാൽ ജനങ്ങളുടെ–അംഗങ്ങളുടെ–വിശ്വാസം ആർജിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ കൂടുതൽ വിഭവസമാഹരണം നടത്താൻ കഴിയൂ.
3. വിതരണം ചെയ്യുന്ന വായ്പകൾ തിരിച്ചടപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഭരണസമിതിയും ജീവനക്കാരും ഏറ്റെടുക്കണം. ഇതിന് വായ്പക്കാരും സംഘവും തമ്മിൽ കൂടുതൽ അടുത്ത് പ്രവർത്തിക്കണം. നമ്മുടെ സംഘങ്ങൾ "നാഷണൽ ലൈസ്ഡ്" ബാങ്കായികാണരുത്.
4. വായ്പാ വിനിയോഗം കൃത്യമായി വിലയിരുത്തണം. വായ്പകൾ യഥാർത്ഥ ആവശ്യത്തിന് തന്നെ ഉപയോഗിക്കണമെങ്കിൽ അംഗങ്ങളുടെ എല്ലാ ആവശ്യത്തിനും വായ്പകൾ ലഭ്യമാക്കണം. അതിനായി തനതു പദ്ധതികൾ ആവിഷ്കരിക്കണം.
5. കാർഷിക വായ്പകൾ അപേക്ഷ ലഭിച്ചാൽ ഉടൻ തന്നെ ലഭ്യമാക്കുന്നതിന് കഴിയണം.
6. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
7. വായ്പാ വിതരണ രംഗത്ത് മാത്രം ഒതുങ്ങിനിൽക്കാതെ ജനോപകാരപ്രദമായ ഇതര പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം.
8. കർഷകരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ വളക്കടകൾ തുടങ്ങണം.
9. സ്വർണ്ണപ്പണയം, ചിട്ടി, ഡിപ്പോസിറ്റുകൾ എന്നിവ തുടങ്ങണം.

പ്രശ്നങ്ങൾ

1. ബഹുഭൂരിപക്ഷം ക്ഷീരകർഷകരും സംഘത്തെ സമീപിക്കാൻ ഇഷ്ടപ്പെടുന്നില്ല.
2. കർഷകർ അവരുടെ ഉൽപ്പാദനങ്ങൾ പൊതുവിപണികളിൽ വിൽക്കാൻ ആഗ്രഹിക്കുന്നു.
3. സംഘങ്ങളിൽ കുറച്ചു കർഷകരെ അംഗങ്ങളായി ചേർന്നിട്ടുള്ളൂ.
4. ക്ഷീര കർഷകർക്കായി കാലിതീറ്റകളും ഔഷധങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നില്ല. ഇതിന് ശ്രദ്ധിക്കുന്നില്ല.
5. വായ്പാ വിതരണം തൃപ്തികരമല്ല. പാലിന് ന്യായ വില ലഭിക്കുന്നില്ല. തീറ്റയ്ക്ക് അമിതവില കൊടുക്കേണ്ടി വരുന്നു അതിനാൽ കർഷകർ

ഈ രംഗത്തേയ്ക്ക് വരുന്നില്ല.

6. വർദ്ധിച്ചുവരുന്ന കാലി രോഗങ്ങൾ, മരുന്നിന്റെ അമിതവില ഇതൊക്കെ കർഷകരെ മാനസ്സിക മായി തകർക്കുന്നു.

7. ഈ മേഖലയിലെ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളില്ല.

സാധ്യതകൾ

വളരെ ഏറെ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ നമ്മുടെ പഞ്ചായത്തിലെ ക്ഷീരോൽപ്പാദക സംഘങ്ങൾ ഭംഗിയായി പ്രവർത്തിച്ചു വരുന്നു.

1. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ന്യായവില ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. കൂടുതൽ ക്ഷീര കർഷകരെ അംഗങ്ങളാക്കുന്നതിന് ഇന്നു നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തണം. പശുക്കളെ വളർത്തുന്നവരെ എല്ലാം അംഗങ്ങളാക്കി ചേർക്കണം.

3. കാലികൾക്കാവശ്യമായ കാലിത്തീറ്റയും, ഔഷധങ്ങളും സംഘങ്ങൾ വഴി ന്യായവിലയ്ക്ക് നൽകണം

4. മൃഗാശുപത്രികളുടെ സേവനം കൂടുതൽ മെച്ചപ്പെടുത്തണം.

5. മിൽമായിൽ നിന്നുള്ള സേവനങ്ങൾ പേരിൽ മാത്രം ഒതുക്കാതെ എല്ലാ കർഷകർക്കും ലഭ്യമാക്കണം.

6. കാലാവസ്ഥക്കനുയോജ്യമായ നല്ലയിനം പശുക്കളെയും, കാലിരോഗങ്ങൾ തടയുന്നതിനുള്ള പ്രതിരോധ നടപടികളും സ്വീകരിക്കണം.

7. ആദിക്കാട്ടുകുളങ്ങര 11, 12, വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരസംഘത്തിന്റെ പ്രവർത്തനം തുടങ്ങണം.

8. നിലവിലുള്ള സംഘങ്ങൾ കൂടുതൽ കളക്ഷൻ യൂണിറ്റുകൾ ആരംഭിക്കണം.

9. മൃഗ സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ക്ഷീര സംഘങ്ങൾ എന്നിവയുടെ പ്രവർത്തനം പരസ്പരം പൂരകങ്ങളായി മാറണം. ഇത് കർഷകരെ വളരെയധികം സഹായിക്കും.

വ്യവസായം

വ്യവസായ രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിറകിലാണ്. ഈ രംഗത്ത് നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. റബ്ബറിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന (റബ്ബർ ബാന്റ്, ബലൂൺ, ചെരുപ്പ്, ചവിട്ടുമെത്ത ....) ഒരു വ്യവസായ സഹകരസംഘം രൂപീകരിക്കാവുന്നതാണ്.

2. മഹിളാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് രണ്ടു മേഖലയിൽ ശ്രദ്ധിക്കാവുന്നതാണ്.

3. പട്ടികജാതി വിഭാഗങ്ങൾക്കായി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

4. വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ലഭ്യമാക്കുന്നതിന് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ വിപണന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

മാർക്കറ്റിംഗ്

നമ്മുടെ പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ ശ്രദ്ധിക്കണം. കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് കർഷകരെ ഇത് സഹായിക്കും.

കൺസ്യൂമർ രംഗം

കൺസ്യൂമർ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ സഹകരണസംഘങ്ങൾ ഒന്നും തന്നെയില്ല. ഒരു കൺസ്യൂമർ സഹകരണ സംഘം പ്രവർത്തനം തുടങ്ങണം.

സ്കൂൾ സഹകരണ സംഘങ്ങൾ

നമ്മുടെ സ്കൂളുകളിൽ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഇതിന്റെ പ്രവർത്തനം പുതുതായി തുടങ്ങേണ്ടതായിട്ടുണ്ട്. ഇതിന് കാലതാമസം വരുത്തിക്കൂടാ. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾക്ക് പൊതുവിപണിയിൽ നിന്നും കൂടുതൽ വില നൽകിയാണ് രക്ഷിതാക്കൾ വാങ്ങുന്നത്. സ്കൂൾ സംഘങ്ങൾക്ക് നല്ലരീതിയിൽ ഈ രംഗത്ത് പ്രവർത്തിക്കാൻ കഴിയും. സ്കൂൾ സംഘങ്ങൾ രൂപീകരിക്കുമ്പോൾതന്നെ (അദ്ധ്യാപകർ അല്ലാതെ) ഒരു സെക്രട്ടറി ഉണ്ടായാൽ പ്രവർത്തനം നല്ലനിലയിൽ കൊണ്ടുപോകുവാൻ കഴിയും. സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടു ബുക്കുകളടക്കമുള്ള എല്ലാ സാധനങ്ങളും ന്യായവിലയ്ക്ക് സ്കൂൾ സംഘങ്ങൾ വഴി നൽകാൻ കഴിയും. എന്നുള്ളതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് ആശ്വാസം തന്നെ ആയിരിക്കും.

മറ്റുസംഘങ്ങൾ

നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തന മേഖലയായുള്ള മാവേലിക്കര കാർഷിക വികസന ബാങ്ക്, മാവേലിക്കര റബ്ബർ കർഷകസഹകരണ സംഘം ചാരുംമൂട്, മാവേലിക്കര വിദ്യാഭ്യാസ സഹകരണ സംഘം (മാവേലിക്കര) എന്നിവ കൂടി പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികജാതിയിൽ പെട്ടവർ താമസിച്ചു വരുന്നു. പയ്യനല്ലൂർ വാർഡിൽ മാത്രം പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട നാല് കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലും ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. അതുകൊണ്ടുതന്നെയാവണം ഇവരിൽ ബഹുഭൂരിപക്ഷവും നമ്മുടെ പഞ്ചായത്തിന്റെ കുന്നിൻ പുറങ്ങളിലും ചരിവുകളിലുമായി കഴിഞ്ഞുവരുന്നതായി കാണുന്നത്. ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ പൊതുവഴിയെ നടക്കുന്നതിനോ കിണറുകളിൽ നിന്നും വെള്ളം കോരിക്കുടിക്കുന്നതിനോ, ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനോ, ആരാധന നടത്തുന്നതിനോ ഉള്ള സ്വാതന്ത്ര്യം ഇവർക്ക് ഇല്ലായിരുന്നു. ഈഴവാദി പിന്നോക്ക വിഭാഗത്തിൽ പെട്ടവരുടെ പേരുകളിൽ നിന്നുതന്നെ അക്കാലത്തെ അവസ്ഥയെ സംബന്ധിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയും. കണ്ടൻ, കറമ്പൻ, ചേന്നൻ, ആദിച്ചൻ, കൊമരൻ, ചാത്തൻ തുടങ്ങിയ പേരുകളിൽ പുരുഷന്മാരെയും ചക്കി, കോത, ചിരുത, കാളി, കറമ്പി, വെളുമ്പി, കറുമ്പ, നീലി, നങ്ങേലി തുടങ്ങിയ പേരുകളിൽ സ്ത്രീകളേയും വിളിച്ചു പോന്നിരുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർ അവരുടെ ദൈവങ്ങളായി പൂജിച്ചു പോന്നിരുന്നത് മാടൻ, മറുത, യക്ഷി തുടങ്ങിയുള്ള ഇഷ്ടദേവതകളെയായിരുന്നു. പുൽമാടങ്ങളിലും ചെറ്റകുടിലുകളിലുമാണ് ഇവർ കഴിഞ്ഞുപോന്നിരുന്നത്.

ദേശീയ പ്രസ്ഥാനത്തിന്റേയും, പുരോഗമന പ്രസ്ഥാനങ്ങളുടേയും ആവിർഭാവവും അവയുടെ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചതോടെ ഈ വിഭാഗങ്ങളുടെ സാമൂഹ്യമായ പുരോഗതിയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സാമൂഹ്യമായും സാമ്പത്തികമായും ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്.

1991 ലെ സെൻസസ് കണക്ക് പ്രകാരം പട്ടികജാതി ജനസംഖ്യ നമ്മുടെ പഞ്ചായത്തിൽ 4913 ആണ്. അതിൽ സ്ത്രീകൾ 2500 ആകുന്നു. കൂടാതെ പട്ടിക വർഗ്ഗത്തിൽപെട്ട 22 പേരും പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ ആകെ ജനസംഖ്യ 29471 ആണ്. ആകെ ജനസംഖ്യയിൽ 16.67% പട്ടികജാതിക്കാരാണ്. നമ്മുടെ പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലുമായി 1029 പട്ടികജാതി വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ട്. ഇതിൽ വിദ്യാർത്ഥിനികൾ 521 ആണ്. ഇവരുടെ കൂട്ടികൾ 10–ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുമെങ്കിലും പിന്നീട് ബഹുഭൂരിപക്ഷംവും പ്രീഡിഗ്രിമുതലുള്ള ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നതായി കാണുന്നില്ല.

പഞ്ചായത്തിൽ ഒട്ടാകെ 51 കോളനികളുണ്ട്. പുലിക്കുന്ന് അംബേദ്കർ ഗ്രാമം, മറ്റപ്പള്ളി കണ്ണങ്കരമുകൾ, തണ്ടാനവിള കോളനികൾ, IHDP കോളനികളായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളവയാണ്. കൂടാതെ പഞ്ചായത്തിലെ മറ്റെല്ലാ കോളനികളിലുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നിരവധി കുടുംബങ്ങൾ പഞ്ചായത്തിൽ നിന്നും സൗജന്യമായി വൈദ്യുതീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ഇവർ ഇപ്പോൾ കെട്ടിട നിർമ്മാണം, പാറപൊട്ടിക്കൽ, നിലങ്ങളും മറ്റും പാട്ടത്തിനെടുത്ത് കൃഷിചെയ്യൽ എന്നീ തൊഴിലുകൾ ചെയ്തുവരുന്നു. ചെറുപ്പക്കാരായിട്ടുള്ള ഒട്ടനവധി പേർ കാർഷിക പണി ചെയ്യുന്നതിന് വൈമുഖ്യം കാണിക്കുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പാടെ തുടച്ചുമാറ്റുവാൻ കഴിഞ്ഞിട്ടില്ല. ഇന്ന് ജീവിച്ചിരിക്കുന്ന അന്യജാതിയിൽപ്പെട്ട പ്രായമുള്ളവർ അങ്ങിങ്ങായി ഇപ്പോഴും ജാതിപറഞ്ഞുള്ള പേര് വിളിക്കുന്നുണ്ട്. വളർന്നു വരുന്ന തലമുറകളിൽ അത് കാണുന്നില്ല. ബഹുജന സംഘടനാ പ്രവർത്തനങ്ങൾ ഇവർക്കിടയിലുണ്ട്.

പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ടായിരുന്നെങ്കിലും ഇന്ന് ആരും ആ മേഖലയിൽ കാണുന്നില്ല. ഇവർക്കിടയിൽ പ്രായമായിട്ടുള്ള നിരക്ഷരർ ഇപ്പോഴുമുണ്ട്. പഞ്ചായത്തിലാകെ ഒട്ടേറെ കുടുംബങ്ങൾ ഇന്നും വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരായിട്ടുണ്ട്.

കോളനികളോട് ചേർന്ന് അംഗനവാടികളുണ്ടാകണം. സാമൂഹ്യപദവിയിൽ കുറെ പുരോഗതി വന്നിട്ടുണ്ടെങ്കിലും ഇതര വിഭാഗങ്ങളോട് താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണ്.

കോളനികൾ

വാർഡ് 1

കുറ്റിയിൽ, കോട്ടയ്ക്കാട്ടുതറ, കണിയാവടക്കതിൽ, അടൂർശ്ശേരിൽ, ഊട്ടുപറമ്പിൽ, കാഞ്ഞരവിള, പ്ലാംമൂട്ടിൽ, പാലവിള.

വാർഡ് 2 (പള്ളിക്കൽ)

ആമ്പല്ലൂർ (C), കൊട്ടിലപ്പാട്ട്, ആയിക്കമത്ത് വിളതെക്ക്, തടത്തിൽ, വള്ളിമുകൾ, ആമ്പല്ലൂർ (sh), ആയിക്കോമത്ത് വിള വടക്ക്

വാർഡ് 3

പണയിൽ, പണയിൽകുറ്റി അംബേദ്ക്കർ, ഗണപതിശ്ശേരിൽ, കുറ്റിയിൽ (കുളത്തിന്റെ മേലതിൽ)

വാർഡ് 4 (എരുമക്കുഴി)

കാഞ്ഞിരം തുണ്ടിൽ, കവറാട്ടേത്ത്, പാലാന്തറവടക്കേ അറ്റത്തേതിൽ, കോതാംഞ്ചേരിൽ

വാർഡ് 5 (മുതുകാട്ടുകര)

കോതകുളം

വാർഡ് 6 (കാവുമ്പാട്)

മണ്ണാറവിള, തടവിളയിൽ, കുറ്റിമുകളിൽ

വാർഡ് 7 (ഉളവുക്കാട്)

കുറ്റിയിൽ, വിളയിശ്ശേരിൽ, വൻമേലിൽ, പന്നിത്തടം, കോലിശ്ശേരിൽ

വാർഡ് 8 (മറ്റപ്പള്ളി)

കംപ്ലീറ്റ് IHDP കോളനി

വാർഡ് 9 (കുടശ്ശനാട്)

കൊട്ടാരത്തിൽ, മുള്ളുവിള, മുക്കത്തെയ്യത്ത്, അണികുന്നം, പറപ്പള്ളി, മുക്കം

വാർഡ് 10 (കഞ്ചുകോട്)

പുലിക്കുന്ന് അംബേദ്കർ ഗ്രാമം, കാരയ്ക്കലോടി, കാരാണിമല, കണ്ണങ്കരമുകൾ IHDP, പൊൻമാന, വട്ടയത്തിനാൽ, തെന്നാൽകന്നാൽ, തണ്ടാനുവിള, നെല്ലിവിള IHDP

വാർഡ് 11 (ആദിക്കാട്ട് കുളങ്ങര വടക്ക്)

ആലത്തിനാൽ, മുകളുവിള

വാർഡ് 12 (ആദിക്കാട്ട് കുളങ്ങര തെക്ക്)

തുണ്ടിൽ, മൈലാടും മുകൾ, പാവൂർതറ, പാണ്ട്യാൻവിള

പഞ്ചായത്തിലെ പട്ടിക ജാതിയിൽപെട്ട 95% ആളുകൾക്കും സ്വന്തമായ ഭൂമിയുള്ളവരാണെങ്കിലും സ്ഥിരവരുമാനക്കാർ വളരെ കുറവാണ്.

പ്രശ്നങ്ങൾ

1. കോളനിയിലെ അസൗകര്യങ്ങൾ
   കോളനികളിൽ താമസിക്കുന്നവരുടെ അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തുണ്ടു ഭൂമിയിൽ ഇടതിങ്ങി കഴിയുന്ന ഇവരുടെ ശുചിത്വപരിപാലന സൗകര്യങ്ങൾ ഖേദകരമാണ്.
2. ധാരാളം പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴും ഓലപ്പുരയിൽ കഴിയുന്നു. ഇങ്ങനെയുള്ള വീടുകൾ പൂർണ്ണമായും ബന്ധവസ് ഇല്ലാത്ത വീടുകളാണ്.
3. പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി ഒട്ടനവധി വീടുകൾ എല്ലാ വാർഡുകളിലും വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിൽ കുറെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ എത്തിച്ചു കൊടുക്കാൻ കഴിഞ്ഞിട്ടില്ല.
4. തൊഴിൽ രംഗത്ത് പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് അർഹമായ പരിഗണന നൽകുന്നില്ല. പഞ്ചായത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലൊന്നും സംവരണതത്വം പാലിച്ചിട്ടില്ല.

സാധ്യതകൾ

1. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ഔദ്യോഗിക തലത്തിലും ആഫീസ് തലത്തിലുമുള്ള കാലതാമസം ഒഴിവാക്കണം.
2. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തവും ശ്രമദാനവും ഉറപ്പാക്കണം.
3. സാമൂഹ്യമായും, സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ഇവരുടെ വീടുകളിൽ തന്നെ ചെയ്യാവുന്ന കുടിൽ വ്യവസായങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കണം. (ഉദാ: ഈറ്റ, മുള, ചൂരൽ, പനമ്പ്, കാട്ടുവള്ളി, മുതലായവ കൊണ്ടുള്ള വ്യവസായങ്ങൾ)
4. പട്ടികജാതി കോളനികളിൽ ടി.വി. സെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുണ്ടാകണം
5. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന എല്ലാ കോളനികളും IHDP കോളനികളായി എടുക്കണം
6. കോളനികളിലുള്ള എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണം
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രാചീന/നാടൻ കലാകാരന്മാർക്ക് പ്രോത്സാഹനവും പെൻഷനും നൽകണം.
8. പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കണം.
9. കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
10. വീട്, കക്കൂസ് എന്നിവയ്ക്ക് അനുവദിക്കുന്ന തുക വളരെ കുറവാണ് അത് വർദ്ധിപ്പിക്കുക.
11. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക
12. സംവരണം ഉറപ്പുവരുത്തുക

സ്കൂളുകളിലെ SC വിദ്യാർത്ഥികളുടെ സംഖ്യ

നമ്പർ	സ്കൂളുകളുടെ പേരുവിവരം	പഠിക്കുന്ന SC/ST കുട്ടികൾ
1	C.B.M.H.S.എരുമക്കുഴി	267
2.	Govt. H.S. പയ്യനല്ലൂർ	284
3.	Govt. S.V.H.S തണ്ടാനുവിള	238
4.	N.S.S.H.S കുടശ്ശനാട്	217
5.	Govt. L.P.S പയ്യനല്ലൂർ	79
6.	W.L.P.S പയ്യനല്ലൂർ	52
7.	Govt. S.K.V.L.P.S പള്ളിക്കൽ	16
8.	Gopvt L.P.S എരുമക്കുഴി	56
9.	W.L.P.S ഉളവുക്കാട്	18
10.	R.C.V.L.P.S ഉളവുക്കാട്	23
11.	Govt. L.P.S കുടശ്ശനാട്	69
12.	St. Thomas LPS കുടശ്ശനാട്	13
13.	L.P.S ആദിക്കാട്ടുകുളങ്ങര	15

വിഭവസമാഹരണം

ഒരു ഗ്രാമത്തിന്റെ പുരോഗതിയുടെ മാനദണ്ഡം അവിടുത്തെ ജനങ്ങളുടെ കാർഷിക, സാമൂഹിക, സാമ്പത്തിക രംഗത്തെ പുരോഗതിയാണ്. കാർഷിക പുരോഗതി കൃഷിയെയും, സാമ്പത്തിക പുരോഗതി തൊഴിലിനേയും സാമൂഹിക പുരോഗതി വിദ്യാഭ്യാസത്തെയും അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. കാർഷിക മേഖലയെ പ്രധാനമായും ആശ്രയിച്ചു ജീവിക്കുന്നവരാണ് ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും. റബ്ബർ കൃഷി വ്യാപകമാക്കുന്നതോടെ മറ്റുകൃഷികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിലങ്ങൾ നികത്തി നെൽകൃഷിക്കു പകരം മറ്റ് കൃഷികൾ ചെയ്യുന്നത് വ്യപകമായിക്കൊണ്ടിരിക്കുകയാണ്. മാരകമായ രോഗങ്ങൾ മൂലം തെങ്ങുകൾക്ക് നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ അവസരത്തിലാണ് വിഭവസമാഹരണത്തിന് ഏറെ പ്രസക്തിയുള്ളത്. വീട്, കക്കൂസ്, മറ്റുജീവിത സൗകര്യങ്ങൾ എന്നിവ ആവശ്യമായവർക്കെല്ലാം ഒരുക്കിക്കൊടുക്കുവാൻ ഫണ്ടില്ലാത്ത അവസ്ഥയാണ് ഇന്ന് പഞ്ചായത്തിനുള്ളത്.

പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനമാർഗ്ഗങ്ങൾ തൊഴിൽ നികുതി, കെട്ടിടനികുതി, മാർക്കറ്റുകളിൽ നിന്നുള്ള വരവ്, വിനോദനികുതി, വെഹിക്കിൾ ടാക്സ്, വിവിധ ഗ്രാന്റുകൾ, ഫണ്ടുകൾ, ഇന്ദിരാ വികാസ് പത്രയുടെ വിഹിതം എന്നിവയാണ്. ഇവ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പര്യാപ്തമല്ല. യുക്തിപൂർവ്വമായി വിഭവസമാഹരണത്തിനുള്ള വഴികൾ ജനപങ്കാളിത്തത്തോടു കൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും, എയിഡഡ് സ്കൂൾഅദ്ധ്യാപകർ ഉൾപ്പെടെ 345 ജീവനക്കാർ ജോലിചെയ്തുവരുന്നു. ഇവരിൽ നിന്നും 1,71,133 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയായി പിരിച്ചെടുത്തിട്ടുണ്ട്. പഞ്ചായത്തിൽ രണ്ട് സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നു. വിനോദ നികുതിയിനത്തിൽ 1,68,490 രൂപ കഴിഞ്ഞ വർഷം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

ഫണ്ടുകളും ഗ്രാന്റുകളും അനുവദിക്കുന്നത് യഥാസമയം ലഭിക്കുന്നില്ല. ഗൾഫുനാടുകളിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ധാരാളം ആളുകൾ തൊഴിലെടുക്കുന്നുണ്ട്. എന്നാൽ ഇവരുടെ സമ്പത്ത് പ്രത്യുൽപ്പാദനപരമായ ആവശ്യത്തിന് വിനിയോഗിക്കുന്നില്ല.

ചെലവുകൾ

പ്രത്യുത്പാദനപരമല്ലാത്ത മേഖലകളിൽ മുതൽ മുടക്കുന്നത് കാര്യക്ഷമമായ ആസൂത്രണത്തിന്റെ അഭാവവും പലപ്പോഴും വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കാറുണ്ട്. മണ്ണ് റോഡുകളിൽ മഴക്കാലത്തോടടുപ്പിച്ച് മെയിന്റനൻസ് നടത്തുമ്പോൾ, മഴക്കാലം കഴിയുന്നതോടുകൂടി അത് ഒലിച്ചുപോകുന്നു. ഓടകൾ ഇല്ലാത്തതിനാൽ ഓരോ വർഷവും ഇത് ആവർത്തിക്കുന്നു. വെള്ളമൊഴുകിപ്പോകുന്നതിനുള്ള സ്ഥിരമായ ഓടകൾ നിർമ്മിച്ച് പണി തീർത്താൽ വളരെയധികം പണം ലാഭിക്കുവാൻ സാധിക്കുന്നതാണ്. റോഡുകളുടെ പരിരക്ഷ ഇരുവശത്തും താമസിക്കുന്നവരുടെ സന്നദ്ധ പ്രവർത്തകരുടെയും നേതോത്വത്തിലാണെങ്കിൽ വളരെയധികം പണം മറ്റു മേഖലകളിൽ ചെലവഴിക്കാൻ സാധിക്കും.

ബാങ്കിംഗ് മേഖല

പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പോസ്റ്റ് ഓഫീസ്, ഇന്ത്യൻ ഓവർസീസ്ബാങ്ക് കുടശ്ശനാട്, ജില്ലാ സഹകരണബാങ്ക്, കുടശ്ശനാട് സർവ്വീസ് സഹകരണ സംഘം നമ്പർ 443, പാലമേൽ സർവ്വീസ് സഹകരണ സംഘം നമ്പർ 4018, പാലമേൽ സർവ്വീസ് സഹകരണ സംഘം നമ്പർ 4013, പട്ടികജാതി സർവ്വീസ് സഹകരണ സംഘം നമ്പർ എ. 649, നൂറനാട് റൂറൽ ഹൗസിങ്ങ് സഹകരണ സംഘം, ചില സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ അഞ്ച് ക്ഷീരോൽപ്പാദക (APCOS) സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തത.
2. സാമ്പത്തിക പരിമിതിമൂലം വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല.
3. വരവിനേക്കാൾ ചിലവ് കൂടിനിൽക്കുന്നു.
4. പ്രാഥമിക മേഖലകളിൽ നടത്തുന്ന നിക്ഷേപങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ധനകാര്യ സ്ഥാപനങ്ങൾ ജാഗ്രത പുലർത്തുന്നില്ല.
5. ജനകീയ വികസന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന് ആവശ്യമായ സന്നദ്ധസംഘടകരുടെ അപര്യാപ്തത.
6. മനുഷ്യവിഭവശേഷിയെ പ്രയോജനപ്പെടുത്തി നടത്താവുന്ന വികസന പ്രക്രിയകളുടെ അപര്യാപ്തത.
7. പഞ്ചായത്തിൽ നിലവിലുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ വിവിധ നികുതികളുടെ തോത് തൃപ്തികരമല്ല.
8. സ്വയം തൊഴിൽ സംരംഭങ്ങളുമായി മുന്നോട്ടു വരുന്ന യുവതീയുവാക്കൾക്ക് PMRY പോലെയുള്ള വായ്പകൾ ബാങ്കുകൾ നിരസിക്കുന്നു.

സാധ്യതകൾ

1. വില്ലേജ് ആഫീസ്, സബ്രജിസ്ട്രാർ ആഫീസ് എന്നിവിടങ്ങളിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം അതാതുമാസം ഈ ആഫീസുകളിൽ നിന്നും പഞ്ചായത്തിന് നേരിട്ട് ലഭ്യമാക്കണം.
2. പൊതുമരാമത്ത് പണിയിൽ നിന്ന് ഇടത്തട്ടുകാരെ ഒഴിവാക്കി നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘങ്ങളെ ഏൽപ്പിക്കുന്നതിനും പണിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയും.
3. വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത തുക ഈടാക്കുക. ഹിന്ദുക്കൾ അല്ലാത്തവരുടെ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ഉണ്ടാക്കണം.
4. സ്വകാര്യപണമിടപാടു സ്ഥാപനങ്ങളിൽ നിന്നും വർഷം തോറും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക ഈടാക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം.

5. പരസ്യബോർഡുകൾക്ക് വലിപ്പം കണക്കാക്കി പരസ്യനികുതി ചുമത്തുക.
6. പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന്, 5 ലക്ഷം രൂപയിൽ കൂടുതൽ ചിലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും മൊത്തചിലവിന്റെ ഒരു ശതമാനവും, ആർഭാട വിവാഹം നടത്തുന്നവരിൽ നിന്ന്500 രൂപയും ഈ നിധിയിലേക്ക് സംഭരിക്കാവുന്നതാണ്.
7. വസ്തുക്കൾക്ക് നൽകുന്ന ബെയ്സിക് ടാക്സ് 20 പൈസയിൽ നിന്നും സെന്റ് ഒന്നിന് ഒരു രൂപയായി വർദ്ധിപ്പിക്കുകയും ടി തുക പഞ്ചായത്തിന് ലഭ്യമാക്കുകയും ചെയ്യണം.
8. പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രധാന സ്ഥലങ്ങളിൽ പുതുതായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്കു കൊടുക്കാവുന്നതാണ്.
9. ഒൻപതാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കുന്ന മാസ്റ്റർപ്ലാൻ ബാങ്കുകൾ തയ്യാറാക്കുന്ന ക്രെഡിറ്റ് പ്ലാനുകളുമായി ബന്ധിപ്പിക്കുകയും, കാർഷിക വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും അവരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യണം.

വരവ് സംബന്ധിച്ച വിവരങ്ങൾ 1995/96

ഇനം	തുക
കെട്ടിട നികുതി	2,60,169.15
തൊഴിൽ നികുതി	1,71,133.00
വിനോദ നികുതി	1,06,014.00
അഡി. വിനോദ നികുതി	62,476.00
പ്രദർശന നികുതി	5,020.00
പ്രദർശന നികുതിയന്മേലുള്ള സർച്ചാർജ്	1255.00
ചന്തവരവ്	62,715.00
ലൈസൻസ് ഫീസ്	16,525.00
വസ്തുകൈമാറ്റ നികുതി 75%	2,40,195.00
വസ്തു കൈമാറ്റ നികുതി 25%	1,00,000.00
ഡെപ്പോസിറ്റ്	51,123.00
മറ്റുള്ളവ (ഷോപ്പിംഗ് കോംപ്ലക്സ് വാടക ഉൾപ്പെടെ)	2,07,137.20
ആകെ	12,83,762.35

ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995/96

ഇനം	തുക
ഭരണം	625925.00
പൊതുമരാമത്ത്	67221.00
വിദ്യാഭ്യാസം	94242.00
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	129792.00
മറ്റുള്ളവ	1084498.00
ആകെ	2001678.00

പൊതുവിതരണം

പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ 20 റേഷൻഷോപ്പുകൾ വഴി ഭക്ഷ്യധാന്യങ്ങളും, ഭക്ഷ്യഎണ്ണകളും, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയ സാധനങ്ങളും വിതരണം ചെയ്തുവരുന്നു. ഏതാണ്ട് ഒൻപതിനായിരത്തിൽപ്പരം കാർഡ് ഉടമകൾ പഞ്ചായത്തിലുണ്ട്. നല്ലയിനം അരിയുടെ ലഭ്യതക്കുറവും, വിലവർദ്ധനവും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

29,000 ത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഒരു മാവേലിസ്റ്റോറും, പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൺസ്യൂമർ സ്റ്റോറുകളും സ്ഥാപിച്ച് വിലനിലവാരം പിടിച്ചു നിർത്തേണ്ടതായിട്ടുണ്ട്.

മറ്റപ്പള്ളി വാർഡിൽ റേഷൻ കടയുടെ അപര്യാപ്തത ഗ്രാമസഭയിൽ ഉയർന്നു വരുകയുണ്ടായി. വാർഡിന്റെ മദ്ധ്യഭാഗം കേന്ദ്രീകരിച്ച് ഒരു റേഷൻകട സ്ഥാപിക്കുന്നതിനുള്ള നടപടികളുണ്ടാകണം.

1.28 ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ Ref. JRY work Reg.

	ജനറൽ		SC/ST	
പണിയുടെ പേര്	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1) Road Improvement	13,69,024.00	13,33,855.00		
2) Culvert 13 Nos	3,50117.00	3,29,889.00		
3) Building 3	3,30,000.00	3,00591.00		
4) Waiting Shed 1	15,000	14,949.00		
5) Latrine 25			42,500.00	42,500.00
6) Houses 74			7,52,000.00	7,52,000.00
7) T.V Quosk 1	5,000.00	4,693.00		
8) Urine Shed	15,000.00	14,971.00		
9) House Wiring	38,200.00	33,800.00		
10) Compound Wall 1	20,000.00	17,183.00		
11) Pond	31,000.00	25,190.00		
Total	21,35,141.00	20,41,321.00	8,32,700.00	8,28,300.00

1.27 JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ

പണിയുടെ പേര്	ജനറൽ സെക്ടർ	SC/ST വിഭാഗം	ആകെ അനുവദിച്ച
	തുക രൂ.	തുക രൂ.	തുക രൂ.
1. ഉളവുക്കാട് W.L.P.S ന് കെട്ടിടം പണിയുക	1,00,00.00		
2. അട്ടത്തോട്ടിന്റെ ഏലായിൽ കലുങ്ക് പണിയുക	30,000.00		
3. പാപ്പോട് മുക്കിന് കലുങ്ക് പണിയുക	30,000.00		
4. കോട്ടൂർ കിഴക്കേമുക്കിന് കലുങ്ക്	32,000.00		
5. കളിസ്ഥലം നിരപ്പാക്കലും ഓപ്പൺ എയർ സ്റ്റേജിന്റെ പ്ലാസ്റ്ററിംഗും	25,000.00		
6. 5 വാർഡുകളിൽ 15 കക്കൂസുകൾ		37,500.00	
7. 7 വാർഡുകളിൽ 7 കിണർ		59,000.00	
8. പോലീസ് സ്റ്റേഷൻ മുതൽ തെക്കോട്ടുള്ള റോഡിന്റെ ഇംപ്രൂവ്മെന്റ്	30,000.00		
9. 6,12 വാർഡിൽ 11 കക്കൂസ്		27,500.00	3,61,800.00
10. ഒരു വീട്	15,800.00		

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം	1991-92	1992-93	1993-94	1994-95	1995-96
9234	8355	8652	8879	9029	9244

1.15 ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ Ref. ലേല രജിസ്റ്റർ

ചന്ത	ഫലവൃക്ഷങ്ങൾ	ചവറ്	ഷോപ്പിംഗ് കോപ്ലക്സ്/കടകൾ	മറ്റുള്ളവ	ആകെ
62,715.00	450.00	100.00	1,37,408.00	61,376.00	2,62,049.00

ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C,B. (1995-96)

ഇനം	തുക
ഭരണം	6,25,925.00
പൊതുമരാമത്ത്	67,221.00
വിദ്യാഭ്യാസം	94,242.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	ഇല്ല
തെരുവു വിളക്കുകൾ കത്തിക്കുന്നത്	1,29,792.00
മറ്റുള്ളവ	10,84,498.00
ആകെ	20,01,678.00

പൊതു സാമ്പത്തിക നില Ref. B

	പൊതുകണക്ക്	മൂലധനം കണക്ക്	കടംസംബന്ധിച്ച കണക്ക്
വരവ്	57,27,500.00	5,50,000.00	4,03,275.00
ചെലവ്	20,01,678.00	ഇല്ല	80,000.00

പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register.

യഥാർത്ഥ ചെലവ് പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
റോഡ്	70,000.00	67,221.00	ഇല്ല	67,221.00
തോട്	3,123.00		ഇല്ല	3,123.00
കെട്ടിടം	150, 000	1,50,000.00	ഇല്ല	150,000.00
ആകെ	2,23,123.00	2,20,344.00	ഇല്ല	2,20,344.00

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ 95 - 96 Ref. Q

വകുപ്പ്	തുക പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം		1385	1385
ആരോഗ്യം	52200	6291	58491
കൃഷി	4,38,084	–	4,38,084
പി.ഡബ്ല്യു.ഡി.	23,500	–	23,500
മറ്റുള്ളവ	–	7843	7843
ആകെ	–	–	5,35,351

വരവ് സംബന്ധിച്ച് വിവരങ്ങൾ (1995 - 96) Ref. C.B.

ഇനം	ധനാഭ്യർത്ഥന	പിരിവ്	ബാക്കി
കെട്ടിട നികുതി	260169–15	260169–15	ഇല്ല
തൊഴിൽ നികുതി	171133.00	171133.00	"
വിനോദ നികുതി	106014.00	106014.00	"
അഡി. വിനോദ നികുതി	62476.00	62476	"
പ്രദർശന നികുതി	5020.00	5020.00	"
പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ്	1255.00	1255.00	"
ചന്ത വരവ്	62715.00	62715.00	"
ലൈസൻസ് ഫീസ്	16525.00	16525.00	"
വസ്തു കൈമാറ്റ നികുതി 75%	240195.00	240195.00	"
വസ്തു കൈമാറ്റ നികുതി 25%	100000.00	100000.00	"
ഡെപ്പോസിറ്റ്	51123.00	51123.00	"
മറ്റുള്ളവ	207137–20	207137–20	"
ആകെ	1283762–35	1283762–35	

ഉപസംഹാരം

ജനകീയാസൂത്രണ വികസന റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് ഒന്നും സൂചിപ്പിക്കുന്നില്ല. സ്ഥിതി വിവര കണക്കുകളും മറ്റും മുഴുവനായി ശേഖരിക്കുവാനോ റിപ്പോർട്ടു കുറ്റമറ്റതാക്കോനോ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ കഴിഞ്ഞിട്ടുണ്ടെന്ന് അവകാശപ്പെടുന്നുമില്ല. ചർച്ചകളിലൂടെ അവ കൂടുതൽ സമ്പുഷ്ടമായി തീരുമെന്നുറപ്പുണ്ട്. നമ്മൾ ഇന്നനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധി തുടരാൻ അനുവദിച്ചുകൂടാ. ആയതിനാൽ രാഷ്ട്രീയ ജാതി – മത പരിഗണനകൾക്കതീതമായി നാടിന്റെ പുരോഗതിയിൽ താൽപ്പര്യമുള്ള എല്ലാവരുടെയും കടമയാണ് ഇന്നത്തെ വികസന പ്രതിനന്ധികൾക്ക് തെല്ലെങ്കിലും പരിഹാരം കാണുക എന്നുള്ളത് മുൻകാല അനുഭവങ്ങളെ വിമർശന ബുദ്ധ്യാ പരിശോധിക്കുകയും, മാമൂൽവിട്ടു ചിന്തിക്കുകയും, ഒരു പുത്തൻ പ്രവർത്തനശൈലി കരുപ്പിടിപ്പിക്കുകയും വേണം. എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാവില്ല. കാരണം ഇവയെല്ലാം പാലമേൽ പഞ്ചായത്തിനോ കേരളത്തിന്റേതോമാത്രം പ്രശ്നങ്ങളല്ല. ഏറിയും കുറഞ്ഞും ഇന്ത്യ ഒട്ടാകെ ഇതു ബാധകമാണ്. എന്നാൽ, അഖിലേന്ത്യാ ശരാശരിയെക്കാൾ സാമ്പത്തികവളർച്ചയിൽ പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമെന്ന ഇന്നത്തെ പദ്ധതിയിൽ നിന്ന് നമുക്ക് കരകയറാൻ കഴിയണം. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ ഉണ്ടായിരുന്ന ആശങ്കകൾ ഇന്നില്ല. അവേശകരമായ ഒട്ടേറെ അനുഭവങ്ങൾ നമുക്കുണ്ട്താനും. സാമൂഹ്യ രാഷ്ട്രീയ ക്ഷേമരംഗങ്ങളിൽ നാം കൈവരിച്ചിട്ടുള്ള കഴിഞ്ഞക്കാല നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും, അവ മെച്ചപ്പെടുത്തികൊണ്ടും, നമ്മുടെ സാമ്പത്തിക വളർച്ചക്ക് വേഗത കൂട്ടാൻ നമുക്കു കഴിയുമോ എന്നതാണ് അടിസ്ഥാന പ്രശ്നം. നമ്മൾ ശുഭപ്രതീക്ഷയുള്ളവരാണ്. ആസൂത്രതമായി ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഒരു മനസ്സായി നമുക്കു മുന്നോട്ടുനീങ്ങാം. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഒട്ടേറെ പേർ രാപകൽ ഞങ്ങളോടത്തു സഹകരിച്ചിട്ടുണ്ട്. ഓരോരുത്തരുടെയും പേരുകൾ ഇവിടെ എടുത്തുപറയുന്നില്ല. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞതാ രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

സ്നേഹാഭിവാദനങ്ങളോടെ,

പി. ആർ. കൃഷ്ണൻനായർ

പ്രസിഡന്റ്

പാലമേൽ ഗ്രാമപഞ്ചായത്ത്

പാലമേൽ

18 – 12 – 1996

4234

PRINTED AT LEELA OFFSET, CGNR. PH: 454376